Reg: No. M. 2689.
T. 32.

License No: 427
Dated 14-8-1943.

# മലയാളരാജ്യം

പുസ്തകം ൨൦ | പേജ് ൧൬
കൊല്ലം ൧൯൪൭ ജൂലൈ ൧൪-ാം
൧൧൨൨ മിഥുനം ൩൦-ാം- തിങ്കളാഴ്ച
ലക്കം ൧൦ | ഒറ്റപ്രതി അണ ൧.

# രാജ്യരക്ഷയും വിഭജനവും

കെ. എം. പണിക്കർ

> ഇന്ത്യാവിഭജനം ഹിന്ദുസ്ഥാന്റെ രാജ്യരക്ഷയെ പ്രതികൂലമാംവിധം ബാധിക്കുമോ? അതങ്ങിനെ ബാധകമാകുകയില്ലെന്നും അതിനുള്ള കാരണങ്ങളെന്തെന്നും സർദാർ കെ. എം. പണിക്കർ ഈ ലേഖനത്തിൽ പറയുന്നു.

ഇൻഡ്യയുടെ രാജ്യരക്ഷാകാര്യത്തിൽ പകിസ്ഥാൻ എങ്ങിനെ ബാധകമായിത്തീരുന്നു? വളരെയാളുകളെ വിഷമിപ്പിക്കുന്ന ഒരു പ്രശ്നമാണിതു്. വ്യക്തമായ ഒരവപഗ്രഥനം നടത്തുന്നപക്ഷം ഇന്ത്യയുടെ പ്രതിരോധസംവിധാനത്തിന് യാതൊരു വ്യത്യാസവും വന്നിട്ടില്ലെന്നു മനസ്സിലാക്കാം. വടക്കുപടിഞ്ഞാറൻ പ്രവിശ്യകൾ (പശ്ചിമപഞ്ചാബ്, സിൻഡ്, ബലൂചിസ്റ്റാൻ, വടക്കുപടിഞ്ഞാറെ അതിർത്തിസംസ്ഥാനം) വേർതിരിക്കപ്പെട്ടതോടെ ഇൻഡ്യയ്ക്കു ഒന്നുകൂടി വിസ്തൃതമായ ഒരു മദ്ധ്യസ്ഥിതപ്രദേശം (ബഫർസ്റ്റേറ്റ്) സൃഷ്ടിക്കപ്പെടുകയാണുണ്ടായിട്ടുള്ളതു്. അല്ലാതെ അതു് ഇൻഡ്യയുടെ പ്രതിരോധസംവിധാനത്തെയോ പ്രതിരോധമേഖലയെയോ ഗണ്യമായി വ്യത്യാസപ്പെടുത്തുന്നില്ല.

ഒരു ശതാബ്ദത്തിനുപുറത്തുള്ള കാലത്തെക്കുറിച്ചു് നാം ചിന്തിക്കുകയും ൧൮൪൦-ലെ ഇന്ത്യയുടെ നിലയെന്തെന്നു പരിശോധിക്കുകയും ചെയ്യുന്നപക്ഷം ഞാൻ പറഞ്ഞതിന്റെ വാസ്തവം വ്യക്തമാകുന്നതാണ്. അന്നു് ഇൻഡ്യ സത്‌ലജ്‌വരെ മാത്രമേ വ്യാപിച്ചിരുന്നുള്ളു. പഞ്ചാബ് മുതൽ കാഷ്മീർവരെ വ്യാപിച്ചു കിടന്നിരുന്ന ഒരു സ്വതന്ത്രരാജ്യമായിരുന്നു. സിൻഡ് അമീറുകളുടെ അധീനതയിലും ബലൂചിസ്റ്റാൻ ഒരു വിദേശരാജ്യമായും കഴിഞ്ഞിരുന്നു. ഭൂസ്ഥിതിപരമായി നോക്കുന്നപക്ഷം വിഭജനത്തിന്റെ ഫലമായി നോക്കുന്ന ഇൻഡ്യയുടെ നില ഇൻഡ്യയുടെ പണ്ടത്തെ പ്രതിരോധമേഖല സത്‌ലജിൽനിന്നു രവി നദിയിലേക്കു മാറ്റപ്പെട്ടിട്ടുണ്ടെന്നുള്ളതൊഴിച്ചാൽ ൧൮൪൦-ൽ ഉണ്ടായിരുന്നതുതന്നെയാണ്.

പരിഗണിക്കപ്പെടേണ്ടതായി ഒരു വലിയ വ്യത്യാസമുണ്ട്. അതു വിഭജനംകൊണ്ടു് ആകുന്നതല്ല. അഫ്ഗാൻ അതിർത്തിയിൽ മഹത്തായ യു. എസ്സ്. എസ്സ്. ആർ. സ്ഥിതിചെയ്യുന്നു എന്നതാണതു്.

൧൮൪൦-ൽ റഷ്യൻസാമ്രാജ്യം പാമീർസ്‌വരെ വ്യാപിച്ചിരുന്നില്ല. സാർ ചക്രവർത്തിമാരുടെ മദ്ധ്യേഷ്യൻനയം ആരംഭത്തിലെത്തിയിട്ടേ ഉണ്ടായിരുന്നുള്ളു. ൧൮൩൯-ൽ പെറോഫ്സ്കിയുടെ നേരേ നടത്തിയ പ്രയാസവും ഫലശൂന്യവുമായ ആക്രമണം റഷ്യയുടെ ഉദ്ദേശമെന്തെന്നുള്ളതു് പ്രത്യക്ഷമാക്കി. പക്ഷേ ൧൮൬൫-ൽ അക്‌മസ്ജിദ് കീഴടക്കപ്പെടുന്നതുവരെ റഷ്യയ്ക്കു മദ്ധ്യേഷ്യയിൽ വലിയ ശക്തിയൊന്നുമുണ്ടായിരുന്നില്ല. ൧൮൬൮-ൽ താഷ്കെൻ്റ് കീഴടക്കപ്പെടുകയും ക്രമേണ അഫ്ഗാനിസ്ഥാൻ അതിർത്തിയോളമുള്ള വിസ്തൃതമായ പ്രദേശം മുഴുവൻ റഷ്യൻ അധീനതയിൽ ചെന്നുചേരുകയും ചെയ്തു.

## പ്രതിരോധത്തെ സംബന്ധിച്ച പ്രധാന പ്രശ്നം

പ്രതിരോധത്തെ സംബന്ധിച്ചുള്ള പ്രധാന പ്രശ്നം പ്രതിരോധിക്കപ്പെടേണ്ട പ്രദേശമേതെന്നു സ്ഥിരപ്പെടുത്തുക, അതായതു് രാജ്യത്തിന്റെ സുരക്ഷിതാവസ്ഥ ഏതു പ്രദേശത്തെ ആശ്രയിച്ചാണോ സ്ഥിതിചെയ്യുന്നതു് ആ ചുറ്റുപാടുള്ള പ്രദേശത്തിന്റെ അതിർത്തികൾ വ്യക്തമായി മനസ്സിലാക്കുക എന്നതാണ്. അമേരിക്കയുടെ പ്രതിരോധത്തിനുള്ള മുൻകരുതലുകൾ ഗ്രീൻലണ്ടിലും ഫെറോദ്വീപുകളിലും വേണമെന്നു് നിശ്ചയിക്കുമ്പോഴും റഷ്യൻ സാമ്രാജ്യത്തോടു് കുറൈൽ ദ്വീപുകളും ചേർക്കുമ്പോഴും അവിടത്തെ രാജ്യരക്ഷയ്ക്കു ചുമതലപ്പെട്ട രാജ്യതന്ത്രജ്ഞന്മാർ അവരുടെ മാതൃരാജ്യങ്ങളുടെ പ്രതിരോധത്തിനുള്ള പ്രദേശങ്ങൾ നിർണ്ണയിക്കുകയാണ് ചെയ്യുന്നതു്.

## നമ്മുടെ പ്രതിരോധപ്രദേശങ്ങൾ

വടക്കുപടിഞ്ഞാറെ പ്രവിശ്യ വേർതിരിക്കപ്പെട്ടതുകൊണ്ടു് നമ്മുടെ പ്രതിരോധപ്രദേശങ്ങൾക്കു് മാറ്റമുണ്ടാകുന്നുണ്ടോ? തീർച്ചയായുമില്ല. പേർഷ്യൻ കടലിടുക്കു്, അറേബ്യൻ സമുദ്രതീരപ്രദേശം, കാബൂൾ, ഗസ്നി, ജലലാബാദ് എന്നീ സ്ഥലങ്ങൾകൊണ്ടുണ്ടാകുന്ന ത്രികോണം ഇവ ഇൻഡ്യയെസംബന്ധിച്ചിടത്തോളം ഇന്നു വിഭജനത്തെപ്പറ്റി ചിന്തിക്കുകപോലും ചെയ്യുന്നതിനുമുൻപുണ്ടായിരുന്ന പ്രാധാന്യമുള്ളവതന്നെയാണ്.

പേർഷ്യൻ കടലിടുക്കിന്റെ അലംഘനീയത, പേർഷ്യയുടെ സ്ഥിരഭദ്രത, അഫ്ഗാനിസ്ഥാന്റെ സ്വാതന്ത്ര്യം എന്നിവ ഇന്ത്യയുടെ വിദേശനയത്തിന്റെ മൂന്നു മൂലക്കല്ലുകളാണ്. അവയൊന്നെല്ലാം ഇന്ത്യയുടെ കരമാർഗ്ഗപ്രതിരോധത്തിൽ പ്രാധാന്യമുള്ള പ്രദേശങ്ങൾ. പഞ്ചാബും സിൻഡും ആക്രമിക്കപ്പെടുന്നതിനു മുൻപ്, ൧൮൪൦-ലാണ് അടുത്ത കാലങ്ങളിൽതന്നെ, ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയിലെ ദീർഘദൃഷ്ടികളായ രാഷ്ട്രതന്ത്രജ്ഞന്മാർ ഇന്ത്യയുടെ രക്ഷയ്ക്കു് സഹായകമായ പ്രദേശങ്ങൾ ഏതെല്ലാമെന്നു് സൂക്ഷ്മമായി ഗ്രഹിച്ചിരുന്നു എന്നുള്ളതിൽനിന്നു് പകിസ്ഥാൻ വേർതിരിക്കപ്പെട്ടതു്, ഈ പ്രശ്നത്തിനു് ഒരുതരത്തിലും ബാധകമാകുന്നതല്ലെന്നു് വ്യക്തമായി മനസ്സിലാക്കുവാനിടനൽകുന്നതാണ്.

## ഇന്ത്യൻ പ്രതിരോധത്തിൽ മദ്ധ്യസ്ഥിത രാജ്യങ്ങളുടെ പ്രാധാന്യം

പേർഷ്യയുടെയും അഫ്ഗാനിസ്ഥാന്റെയും അതിർത്തിപ്രദേശങ്ങളിലേക്കു് റഷ്യ അടുത്തുവന്നതോടുകൂടി ഇന്ത്യയുടെ രക്ഷയ്ക്കു് ഏതെല്ലാം രാജ്യങ്ങളുടെ നിഷ്പക്ഷതയും സ്വാതന്ത്ര്യവുമാണോ സഹായകമായിരിക്കുന്നതു് ആ രാജ്യങ്ങളുടെയെല്ലാം നിലയുമായി ബന്ധപ്പെടുത്തി ഇന്ത്യൻ പ്രതിരോധപ്രശ്നം പരിഗണിക്കപ്പെടുവാൻ തുടങ്ങി. മദ്ധ്യസ്ഥിതപ്രദേശം (ബഫർസ്റ്റേറ്റ്) എന്നതു് അബദ്ധവും തെറ്റിദ്ധാരണാർഹവുമായ ഒരു പദമാണ്. ആ പദത്തിൽ അന്തർഭവിച്ചിരിക്കുന്ന അർത്ഥം പ്രബലങ്ങളായ രണ്ടു് അയൽരാജ്യങ്ങളുടെ താല്പര്യങ്ങൾക്കനുസരണമായി പരിമിതപ്പെട്ടതായിട്ടുള്ള പരമാധികാരമേ ഒരു രാജ്യത്തിനുള്ളു എന്നതാണ്. അഫ്ഗാനിസ്ഥാനെ ആ നിലയിലേക്കു തരംതാഴ്ത്തുവാനുള്ള ഒരു ശ്രമം നടത്തുകയുണ്ടായെങ്കിലും അഫ്ഗാൻകാർ സ്വാഭാവികമായി അതിൽ പ്രതിഷേധിക്കുകയും ൧൯൧൯-ൽ വിജയപൂർവം അതിനെ എതിർക്കുകയും ചെയ്തു.

അഫ്ഗാനിസ്ഥാനോ പേർഷ്യയോ മദ്ധ്യസ്ഥിതപ്രദേശങ്ങളാണെന്നു് കണക്കാക്കപ്പെടുവാൻ പാടില്ല. അവയുടെ സ്വാതന്ത്ര്യനിലയെ പരിരക്ഷിക്കേണ്ടതും വേണ്ടിവന്നാൽ അതിനായി പ്രതിരോധനടപടികൾ കൈക്കൊള്ളേണ്ടതും ഇന്ത്യയുടെ താല്പര്യത്തിനു് ആവശ്യമായിരിക്കുന്നവെന്നേ ഉള്ളു. ഇപ്പോൾ ഇതോടുകൂടി പകിസ്ഥാനെയും ചേർക്കേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ ഇപ്പോൾ പകിസ്ഥാൻ ഇൻഡ്യയുടെയും റഷ്യയുടെയും മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒരു പ്രബലരാജ്യമായിത്തീർന്നിരിക്കയാണ്. ഇന്ത്യയുടെയും പകിസ്ഥാന്റെയും പ്രതിരോധം പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ അറിവായിട്ടുള്ളതുപോലെ പകിസ്ഥാൻ ബ്രിട്ടീഷ് കോമൺവെൽത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ഒരു ഡൊമിനിയനായി നിലകൊള്ളുന്നപക്ഷം അതിന്റെ രക്ഷാഭാരത്തിൽ ബ്രിട്ടനും ചുമതല ഉണ്ടായിരിക്കുന്നതാണ്.

ഇൻഡ്യയെസംബന്ധിച്ചിടത്തോളം ഈ പരിഗണനകൾ എങ്ങിനെയെല്ലാമാണ് പ്രധാനപ്രശ്നത്തെ ബാധിക്കുന്നതു്? ഇതിൽ വ്യക്തമായിട്ടുള്ളതു് രണ്ടു സംഗതികളാണ്. ഇന്ത്യയ്ക്കു് പകിസ്ഥാനിൽനിന്നാണെന്നു ഭയപ്പെടേണ്ടതായിട്ടില്ല, അതുപോലെ രവി കടന്നു വരുന്ന ഒരു ആക്രമണത്തിനെതിരായി പകിസ്ഥാനും തള്ളിക്കൊണ്ടുപോകേണ്ടതില്ല. അസംരക്ഷിതമായ ഈ അതിർത്തി ക്യാനഡായും ഐക്യനാടുകളും തമ്മിലുള്ള അതിർത്തിപോലെതന്നെ സുരക്ഷിതമായിരിക്കും. രണ്ടാമതായി പകിസ്ഥാന്റെ പുറമെയുള്ള പ്രതിരോധങ്ങൾ ഇന്ത്യയെ സംബന്ധിക്കുന്ന ഒരു സംഗതിയായിരിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ ഫ്രാൻസിന്റെ അതിർത്തിയുമിംഗ്ല

ണ്ടിന്റെ രാജ്യരക്ഷയിൽ പ്രാധാന്യം വഹിക്കുന്ന പ്രദേശമായിരിക്കുന്നതുപോലെ പകിസ്ഥാന്റെ അതിർത്തിപ്രദേശങ്ങളും ഇന്ത്യയുടെ രക്ഷയ്ക്കു വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നവയത്രെ.

ഇതുപോലെതന്നെ സ്പഷ്ടമായ വേറൊരു സംഗതി റഷ്യയ്ക്കും ഇന്ത്യയ്ക്കും ഇടയ്ക്കുള്ള പ്രദേശം ഇപ്രകാരത്തിൽ വിപുലമായിത്തീർന്നതുകൊണ്ടു് ഇന്ത്യയുടെ പ്രതിരോധപ്രശ്നങ്ങൾക്കു് വ്യത്യാസമൊന്നുമുണ്ടാകുന്നില്ല എന്നുള്ളതാണ്. ഇതിന്റെ അർത്ഥം ഇന്നത്തെ ഹിന്ദുസ്ഥാൻ ഇന്ത്യയെ സംബന്ധിച്ചിടത്തോളം അതിന്റെ ആഭ്യന്തരപ്രതിരോധമേഖല കുറേക്കൂടി പുറകോട്ടു മാറിയിട്ടുണ്ടെന്നുള്ളതു മാത്രമാകുന്നു.

## സൈനികശക്തിയ്ക്കു് ഇതു ബാധകമായിട്ടുണ്ടോ?

ഈ വിഭജനം ഇന്ത്യയുടെ സൈനികശക്തിയെ എങ്ങിനെ ബാധിക്കുന്നു? ആൾശക്തിയെ സംബന്ധിച്ചിടത്തോളം സൈന്യത്തിലേക്കു് ധാരാളം യോദ്ധാക്കളെ സംഭാവനചെയ്യുന്ന പശ്ചിമപഞ്ചാബ് പ്രദേശങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. പക്ഷേ വടക്കുപടിഞ്ഞാറെ അതിർത്തിയിലുള്ള പ്രവേശമാർഗ്ഗങ്ങളെ ശരിയായിട്ടു പരിരക്ഷിക്കേണ്ടതാവും സിന്ധുവിൽ പ്രതിരോധസജ്ജീകരണങ്ങൾ ഒരുക്കേണ്ട ചുമതലയും പകിസ്ഥാന്റേതായിത്തീർന്നിട്ടുണ്ട്.

ഇപ്പോഴത്തെ കണക്കനുസരിച്ചുപോലും ജാറ്റ്സ്, സിക്കുകാർ, ഡോഗ്രാകൾ, രജപുത്രർ, മഹാരാഷ്ട്രർ എന്നീ യോദ്ധൃവർഗ്ഗത്തിൽപെട്ടവർ അധിവസിക്കുന്ന പ്രദേശങ്ങൾ ഇന്ത്യക്കാണ് ലഭിച്ചിട്ടുള്ളതു്. കൂടാതെ, യുദ്ധസമ്പ്രദായങ്ങളിലുണ്ടായിട്ടുള്ള രീതിവ്യത്യാസംമൂലം രണ്ടാൽ സകവർഗ്ഗവും അങ്ങിനെയല്ലാത്തവരുമായി മുൻപുണ്ടായിരുന്നതായി പറയപ്പെടുന്ന വ്യത്യാസമൊന്നും ഇനിയെങ്കിലും ഉണ്ടായിരിക്കുന്നതുമല്ല. ശാന്തശീലനായ മദ്രാസിയും ബലവാനായ പഞ്ചാബിയെപ്പോലെതന്നെ സമർത്ഥനായ യോദ്ധാവാണെന്നു തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടെന്നു മാത്രമല്ല രൂപടപരിശോധന, കമ്പിയില്ലാക്കമ്പി തുടങ്ങി ആധുനിക യുദ്ധസമ്പ്രദായത്തിനാവശ്യമായ മറ്റു ശാസ്ത്രീയ സജ്ജീകരണങ്ങൾ കൈകാര്യംചെയ്യുന്ന സംഗതിയിൽ മദ്രാസിക്കു് കൂടുതൽ സൗകര്യംകൂടി ഉണ്ടായിട്ടുമുണ്ടു്. ആധുനിക സമരത്തിനു് സാങ്കേതികപരിജ്ഞാനം അനപേക്ഷണീയമാണെന്നുവന്നതോടുകൂടി സായുധസേനയിലേക്കു് ആളെടുക്കുന്നകാര്യം ൧൯൩൯ വരെ നടന്നുപോന്നതിനെക്കാൾ ഒന്നുകൂടി വിശാലമായ അടിസ്ഥാനത്തിലാകുകയും ചെയ്തു.

കൂടാതെ ഇന്ത്യയ്ക്കു് സംഘടിതദേശീയബോധത്തോടുകൂടിയ ഒരു പ്രബലസേനയെ ലഭിക്കുന്നതിനും വിഭജനം ഇടയാക്കിയിട്ടുണ്ടു്. ഒരു സൈന്യത്തെ സംബന്ധിച്ചിടത്തോളം വെറും എണ്ണത്തെക്കാൾ പ്രാധാന്യമുള്ള സംഗതിയാണിതു്. വർഗ്ഗീയവിഷബീജം ഒരിക്കൽ ദേശീയജീവിതത്തിൽ കടന്നുകഴിഞ്ഞാൽ പിന്നെ അതു് സൈന്യശക്തിയെ ദുർബ്ബലപ്പെടുത്തുമെന്നുള്ളതു തീർച്ചതന്നെ. സായുധസേന വർഗ്ഗീയനിരയനുസരിച്ചു് പിരിഞ്ഞുപോകുമെന്നുള്ള ഒരു ആശങ്ക അവിടെ എപ്പോഴുമുണ്ടായിരിക്കും. അതുപോലുള്ള ഒരു ഉൽക്കണ്ഠ വിനാശകരമായിത്തീരുകയുംചെയ്യും. വിഭജനംമൂലം ഇതുപോലുള്ള ഭീതിയെ ദൂരീകരിച്ചു് ദേശീയശക്തിയെ ബലപ്പെടുത്തുവാൻ സാധിക്കുന്നു. മൗലികമായി സൈന്യം ദേശീയേച്ഛയുടെ ഉപകരണം മാത്രമാണ്. ജനത അസംഘടിതമായിരിക്കുകയും, ഒരേ ദേശീയരക്ഷാബോധത്തിനനുസരണമായി പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം സൈന്യത്തിന്റെ ധീരതയും സാങ്കേതികവൈദഗ്ദ്ധ്യവും ഫലശൂന്യമായിരിക്കയേ ഉള്ളു.

കഴിഞ്ഞ യുദ്ധകാലത്തെ ഫ്രാൻസ് ദേശീയബോധത്തിന്റെ അപകർഷം തട്ടിക്കഴിഞ്ഞാലുണ്ടാകുന്ന ദുരന്തഫലങ്ങൾക്കു് ഒന്നാന്തരമൊരുദാഹരണമാണ്. ദ്വിരാഷ്ട്രസിദ്ധാന്തം (two nation theory) ദേശീയബോധത്തെ ദുർബലപ്പെടുത്തുകയും രാജ്യത്തെ രണ്ടായി പിളർക്ക

(ശേഷം പതിനാറാംപേജിൽ)

വിനോദം

# "തലമുടി"

മലയാററൂർ രാമകൃഷ്ണൻ ബി. എസ്സ്-സി.

'നിന്നെ ഞാനൊരു തലമുടിനാരോളം വകവച്ചിട്ടില്ല.!' അമർഷത്തോടെ പലരും എതിരാളിയോടു പറയാറുള്ളതാണിതു്. പക്ഷേ, ഒന്നു ചിന്തിച്ചുനോക്കൂ; അപ്പോഴറിയാം ദൈനംദിനജീവിതത്തിൽ തലമുടിക്കു് പ്രധാനമായ ഒരു സ്ഥാനമുണ്ടെന്നു്.

ഉള്ളവനു് വളരെയധികം പ്രശ്നങ്ങളെ നിർമ്മിക്കയും, ഇല്ലാത്തവനു വളരെയേറെ മനഃക്ലേശത്തിനു് ഇടകൊടുക്കയും ചെയ്യുന്ന ഒന്നാണു് തലമുടി. തലമുടിയില്ലാത്ത ഒരു ലോകം—അങ്ങനെ ഒന്നുണ്ടാകുമെന്നാണു് ശുഭാപ്തിവിശ്വാസികളായ ചില ശാസ്ത്രജ്ഞന്മാർ പറയുന്നതു്—ഇന്നത്തേതിൽനിന്നും സന്തോഷകരമായിരുന്നേനെ. തലമുടിയുള്ളവന്റെ ബുദ്ധിമുട്ടുകളും, കഷണ്ടിക്കാരന്റെ ഹൃദയവേദനയും, അത്തരത്തിലുള്ള ഒരു ലോകത്തിൽ കാണേണ്ടിവരുന്നില്ല. ഒരുപക്ഷേ ഇത്ര സുഖപ്രദമായ ഒരവസ്ഥ മനുഷ്യനനുവദിക്കാൻ ബ്രഹ്മദേവൻ ഇഷ്ടപ്പെടുകയില്ല. അതാണു അദ്ദേഹം ഈ കരുത്തനാണകം മനുഷ്യന്റെ തലയിൽ ഒട്ടിച്ചുവച്ചതു്.



തലമുടിയുള്ളവന്റെ ബുദ്ധിമുട്ടുകൾ പരിശോധിക്കുകതന്നെ. അവനു അതു് ചീകിയൊതുക്കി വയ്ക്കണം. ചീകുകയെന്നു വച്ചാൽ ചില്ലറക്കാര്യമല്ല. വല്ലപ്പോഴുമെങ്കിലും കുളിക്കണം. അല്ലെങ്കിൽ മണമുള്ള വല്ല വെളിച്ചെണ്ണയും പുരട്ടണം. ചില ബുദ്ധിമാന്മാർ ഒരുകൈ വെള്ളം തലയിലൊഴിച്ചു്, തുവർത്തുന്നതിനു ശ്രമിക്കാതെ, മുടി ചീകാറുണ്ടു്. ഈ 'കാക്കക്കുളി' കഷണ്ടിയെ ക്ഷണിച്ചുവരുത്തുകയാണെന്നു അവർ അറിയാറില്ല. പോകട്ടെ. ഇതിലേതെങ്കിലുമൊന്നുചെയ്തു...അടുത്തപടിയായ ചീപ്പുപ്രയോഗം വിഷമമേറിയതാണു്. പാഴിപ്പോന്നകിടക്കുന്ന ആ ചകിരിക്കെട്ട മുഴുവനും, എത്രതവണ അമർത്തിയാലാണു് ഒതുങ്ങുക!! റോഡുവെട്ടാറാം, കൃത്രിമച്ചുരുളുണ്ടാക്കാനോ ഭാവമുണ്ടെങ്കിൽ കുറഞ്ഞതു് ഒരുമണിക്കൂർ ചിലവാകും, നിശ്ചയം. എന്നാലിതൊന്നുംവേണ്ട—തലയങ്ങു മൊട്ടയടിച്ചാലെന്താ? നല്ല ആശയംതന്നെ. എങ്കിലും പലരുടേയും സൗന്ദര്യബോധം അതിനു അനുവദിക്കുന്നില്ല.

തലമുടിക്കാരനു്, മാസംതോറും ഒരു പരീക്ഷണഘട്ടം തരണംചെയ്യേണ്ടതായുണ്ടു്. ബാർബറുടെ സന്നിധാനത്തിലേക്കുള്ള ഗമനമാണതു്. ഒരു രോഗിയെ



പ്പോലെ മുടിപ്പുതച്ചിരുത്തിയിട്ടു് സാവധാനത്തിൽ ക്ഷുരകൻ കത്രികയും ചീപ്പുമെടുക്കും. തലയാകെ പച്ചവെള്ളം അടിച്ചു കയറ്റിയിട്ടു് കത്രികപ്രയോഗം തുടങ്ങുകയായി. ശിരോരോഗങ്ങളെത്തീരെ തരിശാക്കിയിടുന്ന, ഒരുതരം ആയുധവും ഇക്കൂട്ടർ ഉപയോഗിക്കാറുണ്ടു്. ഇടയ്ക്കിടെ, യാതൊരു കർത്തവ്യവുമില്ലാതെ, 'പെടലി' ഇടവും വലവും തിരിയ്ക്കുമ്പോഴെങ്കിലും, നാം ആശിച്ചുപോകും, 'തലമുടിയില്ലാതിരുന്നെങ്കിൽ' എന്നു്.

ദേഹത്തിന്മേലുള്ള ഈ കയ്യേററവും സഹിക്കാം. അവരുടെ വർത്തമാനമാണു് സഹിച്ചുകൂടാത്തതു്. മൗനിയായ ഒരു ക്ഷുരകനെ നിങ്ങളും കണ്ടിരിക്കയില്ലെന്നു ഞാൻ ഉറപ്പുപറയാം. ലോകകാര്യങ്ങളാം മുഴുവനും അവൻ പറയും. കൊറിയപ്പോരാളുഗത്തെപ്പറ്റിയായാലുംശരി, തിരുവിതാംകൂർ സ്വാതന്ത്ര്യത്തെപ്പറ്റിയായാലുംശരി, അവനു വ്യക്തമായ ചില അഭിപ്രായങ്ങളുണ്ടു്. നിങ്ങൾ അതെല്ലാം മൂളി കേൾക്കണം. കേൾക്കുന്നില്ലെങ്കിൽ അവൻ വർത്തമാനം നിർത്തുമെന്നതു ശരിതന്നെ. എന്നാൽ അതിന്റെകൂടെ തലമുടിയാകെ 'കുട്ടിച്ചുവരാ'ക്കുകയും ചെയ്യും. ചില ക്ഷുരകന്മാർ അവരുടെ പൂർവചരിത്രം പറയുന്നതുകേൾക്കാൻ രസമാണു്. പഠിച്ചുകൊണ്ടിരുന്ന കാലത്തു 'റോയൽ' എന്നു പേരുള്ള ഒരു ക്ഷുരകനുമായി ഞാൻ പരിചയപ്പെട്ടു. പണ്ടു കൊട്ടാരത്തിൽ ജോലിയായിരുന്നെന്നു്, അഭിമാനപൂർവ്വം അയാളും കള്ളം പറയുമായിരുന്നു. 'റോയൽ' എന്ന പേരുതന്നെ, അങ്ങനെ കിട്ടിയതാണത്രെ. 'റോയലി'നെ മറന്നു്, ആരെങ്കിലും വേറെ ക്ഷുരകനെ സമീപിച്ചാൽ, റോയൽ അപവാദങ്ങളും പറഞ്ഞുവന്നു. റോയലിനു ഒരു കുഴപ്പമുണ്ടായിരുന്നതു്, ഞാൻ ഓർക്കുന്നു. 'പട കൽകൊണ്ടു് കലമുടയ്ക്കുക' എന്നമട്ടിൽ, ക്ഷൗരം അവസാനിക്കാറാകുമ്പോൾ, ഖേതത്തിലെവിടെയെങ്കിലുംനിന്നു്, ഇല്ലം തേലും റോസൽ അപഹരിക്കും! ചോരകണ്ടു ഞെട്ടുന്ന നമ്മോടു് അയാൾ പറയുന്ന സമാധാനം കേൾക്കണം! 'അങ്ങനെ കുറച്ചുമുറിയണം, അങ്ങത്തേ! എന്നാലേ കംപ്ലീററാവുള്ളു...' എന്താ? കൊള്ളാമോ? ? ഏതു ബാർബർഷാപ്പിലും, 'അപ്രൻറീസ് കോഴ്സ്' നടത്തുന്ന ബാലക്ഷുരകന്മാർ കാണും. ഈ ആരംഭക്കാരുടെകയ്യിൽ, തല ഏല്പിച്ചാൽ, അവർ തലമുടിയാകെ വികൃതമാക്കി, അതിൽ അനവധി 'കല്പടകൾ' വെട്ടിയിറക്കും! കുറെയധികം സാധുക്കളുടെ തലയിൽ പരീക്ഷണം നടത്തിക്കഴിയുമ്പോഴും അവർക്കും സ്വന്തം ബോർഡു തൂക്കാനുള്ള പ്രാപ്തി ലഭിക്കയായി!

തലമുടിക്കാരുടെ രണ്ടു ദുസ്വപ്നങ്ങളാണു് നരയും കഷണ്ടിയും. സ്ലാച്ചും, പശയും കലർന്ന വാസനദ്രവ്യങ്ങളും തലയിൽ പുരട്ടുകയുള്ള ഇന്നത്തെ പരിഷ്കാരികളെ, വളരെ നേരത്തേതന്നെ നര ബാധിക്കാറുണ്ടു്. ഇരുപത്തരണ്ടുവയസ്സു തികയാത്ത എന്റെയൊരു സുഹൃത്തു്, രാവിലെ ഉണർന്നയുടൻ ചെയ്യുന്നതു് 'നരവേട്ട'യാണു്. കണ്ണാടിക്കുമുമ്പിൽ നിന്നുകൊണ്ടു്, അങ്ങിങ്ങായി കാണുന്ന രജതരേഖകളെ വലിച്ചുകളഞ്ഞാലേ, ഇഷ്ടനു സുഖമാകയുള്ളൂ. തൽക്കാലശാന്തികിട്ടുമെങ്കിലും, അടുത്ത പ്രഭാതമാകുമ്പോഴേക്കും, അഞ്ചാറു വെള്ളിവരകൾ വീണ്ടും വീണുകഴിയും. മുപ്പതിനുമുമ്പു് നരയന്മാരായി പരിണമിക്കുന്ന അവിവാഹിതർ, തീർച്ചയായും അനുകമ്പാർഹരാണു്.

'നരയോ, കഷണ്ടിയോ ഏതാണു് കൂടുതൽ പരിതാപകരം' എന്ന ചോദ്യത്തിനു്, ഖണ്ഡിതമായി മറുപടിപറയാൻ പ്രയാസംതന്നെ. നരയെപ്പോലെ, കഷണ്ടിയും വളരെ പ്രചാരത്തിലായിപ്പോയി. നമ്പ്യാർ പറയുമ്പോലെ 'കിണ്ണനെക്കാൾ മിനുപ്പുള്ള കഷണ്ടിക്കാരേറെയുണ്ടു്' മുൻഭാഗത്തു് ഇരുവശങ്ങളിലുമായി ആക്രമിക്കുന്ന കഷണ്ടി, പിൻഭാഗത്തു് വൃത്താകൃതിയിൽ 'പ്രത്യക്ഷപ്പെടുന്ന കഷണ്ടി' എന്നിങ്ങനെ കഷണ്ടി പലതരമാണു്.



നല്ല മിനുത്ത കഷണ്ടി തടകിനോക്കുന്നതു്, ഒരുതരത്തിൽ സുഖംതന്നെ! പക്ഷേ, കഷണ്ടിക്കാരൻ കഷണ്ടിയുടെ നല്ലവശങ്ങളും കാണുകയില്ല. അവൻ ദുർവിധിയെ പഴിച്ചുപോകുന്നു. പരിതഃസ്ഥിതികളോടു് സഹിഷ്ണുപ്പെടാൻ വെമ്പുന്ന അപൂർവം ചില കഷണ്ടിയന്മാർ, കഷണ്ടി ഒരുവനെ കൂടുതൽ ബുദ്ധിമാനായി തോന്നിക്കുന്നുവെന്നു് പറഞ്ഞുകേട്ടിട്ടുണ്ടു്. ഇതിൽ വലിയ കഴമ്പൊന്നുമില്ല.

പ്രശസ്തനായ ഒരു കഷണ്ടിക്കാരൻ, ഒരിക്കൽ കഷണ്ടിക്കാരുടെ ഏതോ മഹാസമ്മേളനത്തിനു്, അദ്ധ്യക്ഷനായി ക്ഷണിക്കപ്പെട്ടു. ഈ അദ്ധ്യക്ഷൻകഷണ്ടിക്കാരൻ, പതിവായി കള്ളത്തലമുടി ധരിക്കാറുള്ളവനാണു്. എങ്കിലും, അതൊരു കഷണ്ടിമഹാസമ്മേളനമായിരുന്നതിനാൽ കള്ളത്തലമുടി കൂടാതെ ഹാജരാകാമെന്നാണു് അയാൾ കരുതിയതു്. അങ്ങനെ, യഥാർത്ഥ്യം വിളിച്ചുപറയുന്ന തലയുമായി അദ്ദേഹം യോഗസ്ഥലത്തേക്കു പുറപ്പെട്ടു. ഈ സമയത്തു് സദസ്യരായ കഷണ്ടിക്കാർ, അദ്ധ്യക്ഷനെ ബഹുമാനിക്കാനായി അദ്ദേഹം ചെയ്യാറുള്ളതുപോലെ കള്ളത്തലമുടി ധരിച്ചാണു് ഹാജരായിരുന്നതു്. പ്ലാററ്ഫാറത്തിൽ കയറിയപ്പോഴാണു് അദ്ധ്യക്ഷൻ കാര്യം ഗ്രഹിച്ചതു്. സദസ്യരേവരും കഷണ്ടിയന്മാരാണെന്നു് അറിയാമായിരുന്നെങ്കിലും, അദ്ദേഹം സ്വന്തം ശിരസ്സു തടകിനോക്കി ഇളിഭ്യനാകയാണുണ്ടായതു്, പാവം! ഒരു സ്നേഹിതൻ പറഞ്ഞ ഈ കഥ, വാസ്തവമല്ലെങ്കിൽതന്നെയും ഹൃദ്യമാണു്.

കഷണ്ടി, നര എന്നിവയോടു് മനുഷ്യനുള്ള അസഹ്യതയെ ചൂഷണംചെയ്തു് ധനികന്മാരാകുന്ന മരുന്നുവ്യാപാരികളും പലരാണു്. കോഴിമുട്ടപോലുള്ള തലയിൽക്കൂടിയും, രണ്ടാഴ്ചയ്ക്കുള്ളിൽ രോമം കിളർപ്പിക്കാമെന്നു് ഏൽക്കുന്ന ഒരുകൂട്ടർ...............നരച്ച തലമുടി ദാമ്പത്യ ജീവിതത്തെ ക്ലേശകരമാക്കുമെന്നു പറയുന്ന, തപാൽജ്ഞാനികളായ "നരനീക്കം തൈലക്കാർ"..........മൂന്നുരൂപക്കു് മൂന്നു കുപ്പി "നരസംഹാരിതൈലവും" ആറു റിസ്റ്റുവാച്ചുകളും തന്നേക്കാമെന്നു് ഏല്ക്കുന്ന ഉദാരശീലർ...! വളരെ ചിരിപ്പിക്കുന്ന ഒരു പട്ടികയാണിതു്. കഷണ്ടി നീക്കാനുള്ള ആവേശത്തിൽ, ഏതോ ഒരാൾ, "വെറാക്സ്" എന്ന മരുന്നിനു പകരം, മോട്ടാർകാറിനുപയോഗിക്കുന്ന "കാർറാക്സ്" വാങ്ങി പുരട്ടി. മിച്ചമുള്ള തലമുടിയും, തലയിലെ തൊലിതന്നെയും ഇല്ലാതാക്കിയെന്നു കേട്ടിട്ടുണ്ടു്.

സ്ത്രീകളെ നര ബാധിക്കാറുണ്ടെങ്കിലും കഷണ്ടി അവരുടെയിടയിൽ സർവ്വസാധാരണമല്ലെന്നു തോന്നുന്നു. ധാരാളം തലമുടിയുള്ള സ്ത്രീ, സുന്ദരിതന്നെ. "പനങ്കുലപോലെ മുടിയുള്ള" എന്നും മററും നാം കേട്ടിട്ടുണ്ടു്. എന്നിരുന്നാലും ഇന്നത്തെ യുവതികളിൽ പലർക്കും, രണ്ടു രണ്ടരച്ചാൺ തലമുടിയേ കാണാറുള്ളൂ. "മുട്ടററം മുടിയുള്ള എത്രയോ സ്ത്രീകളെ ഞാൻ കണ്ടിട്ടുണ്ടു്." എന്നു നിങ്ങൾ വാദിക്കുമായിരിക്കും. വാദപ്രതിവാദം, നന്നുതന്നെ. പക്ഷേ, താഴെക്കുറിക്കുന്ന കഥകൂടി വായിച്ചിട്ടു് വിധിപറയൂ.

(ശേഷം പതിനഞ്ചാംപേജിൽ)



സർ ജോൺ കണ്ണിംഗാം (ബ്രി. നാവികമന്ത്രി) ലണ്ടനിൽവച്ചു നടത്തപ്പെട്ട സംയുക്തദിനാഘോഷങ്ങളിൽ പങ്കെടുത്ത ൫൦൦-ൽപരം യുവനാവികന്മാരുടെ സല്യൂട്ട് സ്വീകരിക്കുന്നതു്. ഇടതുവശം നില്ക്കുന്നതു നാവികസേനയിലെ ഒരു കേഡററാണു്.

ചെറുകഥ

# * പ്രതിധ്വനി

പുത്തൂർ നാരായണൻനായർ

'രാഗിണി, നീ പറയുന്നതു് പരമാർത്ഥമാണ്. ഒരു വെറും നാടകക്കാരന്റെ ബന്ധുത്വം വീട്ടുകാർക്ക് ഇഷ്ടമായിരിക്കുകയില്ല. പക്ഷേ 'അല്പം കഴിഞ്ഞതിനുശേഷം തുടർന്നു—'ഞാനൊരു കലാകാരനായിപ്പോയി.' വീണ്ടും മൗനം. 'എനിക്കു രാഗിണിയെ വേണംതാനും. പലതും പലതും പറഞ്ഞേക്കാം, എങ്കിലും...... എനിക്കൊന്നേ പറയാനുള്ളൂ. രാഗിണി നിശ്ചയിച്ചുകൊള്ളൂ. ഞാൻ അനുസരിക്കാം. എന്താ?'

രാഗിണിയുടെ ചിന്താതന്ത്രവും ദുഃഖാകുലവുമായ മുഖപത്മത്തെ ഉയർത്തി ഉററുനോക്കിക്കൊണ്ടു് രഘു ചോദിച്ചു.

രാഗിണിക്കു ഉത്തരമില്ല. രഘുവിന്റെ ഉൽക്കർഷമാണു് അവളുടെ ജീവിതലക്ഷ്യം. അവന്റെ വിജയമാണു് അവളുടെ ആനന്ദം. അവന്റെ സംതൃപ്തിയാണു് അവൾക്കു നിർവൃതി. എന്നാൽ മാതാപിതാക്കൾ! നാടകക്കാരനായ രഘുവിനെ അവർക്കു് ഇഷ്ടമില്ല. രാഗിണിയുടെ അഭിപ്രായങ്ങളും അഭിലാഷങ്ങളും ഇക്കാര്യത്തിൽ അവിടെ വിലപ്പോകുന്നില്ല, രാഗിണിയുടെ മൂകഭാവം രഘുവിനെ കൂടുതൽ വേദനിപ്പിച്ചു.

'അപ്പോൾ രാഗിണിക്കും എന്റെ ഉൽക്കർഷത്തിൽ അഭിമാനമില്ലെന്നോ പറയൂ?' അവൻ സംശയം രേഖപ്പെടുത്തി.

'അങ്ങിനെ തോന്നാൻ കാരണം?' ഈ മൗനം?'

'കഷ്ടം! അതെന്താണിവിടം സംസാരിക്കുന്നതു്? കഴിഞ്ഞുപോയ കാലങ്ങളിലേക്കു അങ്ങൊന്നു തിരിഞ്ഞുനോക്കാൻ ശ്രമിക്കൂ. അവയെല്ലാം അങ്ങ് എത്ര പെട്ടെന്നു മറന്നുപോയി'

'അതേക്കാലവും എന്റെ ഹൃദയത്തിന്റെ കുളിർമ്മയും സംതൃപ്തിയും നല്കുന്ന സുന്ദരസ്വപ്നങ്ങളായി ഉടലെടുക്കട്ടെ! അതിരിക്കട്ടെ, എനിക്കു് അനുവാദം തരൂ. രണ്ടോ മൂന്നോ കൊല്ലം കൂടിയാൽ ഒരു മാസം അതിനിടയിൽ മൂന്നോനാലു പ്രാവശ്യമെങ്കിലും വരാൻ കഴിയും. പിന്നെ കുറെക്കൂടി സഹിക്കണം; അതു നമ്മുടെ അപ്രമേയമായ പ്രേമപ്രഭാവത്തിന്റെ അഗ്നിപരീക്ഷണമാണെന്നുള്ള സമാധാനത്തോടുകൂടി.' രഘു രാഗിണിയുടെ കൈസ്പർശം കേട്ടതാനെന്നപോലെ അവളുടെ നെററിത്തടത്തിലേക്കു പാറി വീണു കൊണ്ടിരുന്ന കുറുനിരച്ചുരുളുകളെ തടവി ഒതുക്കിക്കൊണ്ടു പറഞ്ഞു.

'അങ്ങു വിജയപൂർവ്വം മടങ്ങിവരണം' അവൾ ആശീർവ്വദിച്ചു.

അവൻ അവളിൽ കിക്കിളിപകർന്നു... അവൾ ലജ്ജിച്ചു തലതാഴ്ത്തി... അതുകണ്ടു അവൻ ആനന്ദിച്ചു...

'ഹാ! എനിക്കെങ്ങനെ രോമാഞ്ചം'

അവളുടെ വാക്കുകളെ കേൾക്കുവാൻ നില്ക്കാതെ 'കണക്കായിപ്പോയി. ഒന്നെന്തെങ്കിൽ ഞാൻ സഹിച്ചു' എന്നുപറഞ്ഞുകൊണ്ടു രഘു സംതൃപ്തിയുള്ള സമ്മാനങ്ങൾ സജ്ജീകരിക്കുവാൻ അകത്തേക്കോടി.

'വേണ്ട, അത്രം സഹിക്കേണ്ട' അവൾ രഘുവിനെ ഉന്മാദിപ്പിക്കുകയായിരുന്നു...

* * * *

ഉൽഘാടനംതന്നെ രഘുവിനെ വിസ്മയാക്കി. അവനു കിട്ടിയ വിലപിടിച്ച സമ്മാനങ്ങൾ കണ്ടപ്പോൾ രാഗിണി സ്വയം മറന്നുപോയി. അയൽപക്കത്തുള്ള തന്റെ സഖികളെ അതുമനസ്സിലാക്കിച്ചു കിട്ടിയ സമ്മാനങ്ങൾ കാണിച്ചു് രാഗിണി അഭിമാനംകൊണ്ടു. അവർ അസൂയപ്പെട്ടു.

രഘു പിന്നെ വീട്ടിൽവരാൻതന്നെ സമയമില്ല. കേരളത്തിന്റെ നാനാഭാഗങ്ങളിലും ഇടവിടാതെ കളികൾ ബുക്കുചെയ്യപ്പെട്ടു. പിന്നെ എങ്ങിനെ വീട്ടിലേക്കു വരും? ദീർഘകാലമായ വിരഹത്തിൽ അനുരാഗിണിയും ഗർഭിണിയുമായ രാഗിണി വളരെ ദുഃഖിച്ചു.

അമ്പരപ്പിക്കുന്ന പരിവർത്തനങ്ങളും അതിരില്ലാത്ത യാതനകളും നിറഞ്ഞ കാലങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു. രഘു എഴുത്തയയ്ക്കുവാൻപോലും വിമുഖനാണു്.

മഴക്കാറുകൊണ്ടു ആകാശം ഇരുണ്ടിരുന്നു. താരാഗണം ചന്ദ്രികയോടുകൂടി മേഘങ്ങളിൽ ഒളിച്ചു കണ്ണുചിമ്മി ഒളിഞ്ഞുനോക്കുന്ന നിശാകാർമ്മികന്മാരെന്ന സംഭവങ്ങളുടെ സ്ഥിതിഗതികൾ വിളിച്ചറിയിച്ചു. രാത്രി പത്തു മണി കഴിഞ്ഞസമയം. ഒരു പ്ലഷർ കാർ പടിക്കൽ വന്നതുകണ്ടു രാഗിണിയും മാതാപിതാക്കന്മാരും ദ്രുതമായി പടിക്കലേക്കു നയിച്ചു. 'മൂക്കുമുട്ടെ' മദ്യപിച്ചിരുന്ന രഘു ആടിയാടി അവരെ സമീപിച്ചു. രാഗിണിയുടെ മാതാപിതാക്കൾ കാര്യത്തിന്റെ ഗതി മനസ്സിലാക്കിയപ്പോൾ ഒരക്ഷരം ഉരിയാടാതെ കെട്ടിലേക്കുപോയി. രാഗിണിക്കതുകാണുവാൻ കരുത്തില്ല. അവൾ മുഖംപൊത്തി വിങ്ങിവിങ്ങി കരഞ്ഞു.

'എന്താ ചങ്ങാതീ! സ്വന്തമാണെന്നോ? എന്ത്? എന്ത്?' രാഗിണിയുടെ ഭുജവല്ലരികളിൽ തലോടി പിടിച്ചുകൊണ്ടു മദ്യത്തിന്റെ 'പിണിയാളു' തുളുമ്പുന്ന രഘു ചോദിക്കുകയാണു്. രഘുവിന്റെ സംസാരത്തിന്റെ വ്യക്തതയില്ലായ്മ, രാഗിണിയുടെ തലച്ചോറിലും കടന്നുകൂടി. അവൾക്കും ഒരു അവ്യക്തത. ഒരു പെരുപ്പു ശരീരമാസകലം വ്യാപിച്ചു. ബോധരഹിതയായ രാഗിണിയുടെ നേരെ രഘു ചോദിക്കുകയാണു്:—

'കള്ളീ! എന്നോടു കെറുവാ അല്ലേ? എന്ത്? ഹൂം... വാ... ഒരു... ചും... ബ... നം ... അല്ലെങ്കിൽവേണ്ട. നിന്റെ പുതുമപോയി. അതുമല്ല നീ സുചരിതയെന്നു എങ്ങിനെ വിശ്വസിക്കും? രാഗസംബന്ധയായ ഒരു സ്ത്രീക്കു്—അവൾ യുവതിയെന്നു നിയതി നിയമേന അംഗീകരിച്ചാൽ ഒരു കാമുകൻ കാണും. നിശ്ചയം. അപ്പോൾ നീ ആ കാമുകനുമായി പ്രേമലീലകൾ ആടുന്നില്ലെന്നു എങ്ങിനെ ഞാൻവിശ്വസിക്കും? നീ പങ്കില. വേണ്ട. നിന്റെ സൗന്ദര്യവും നശിച്ചു. പോ. മോശം. ലളിതയേക്കാൾ മോശം. വളരെ മോശം.' അവൻ തീരുമാനിച്ചു. അവന്റെ കാലുകൾ നേരെനില്ക്കുന്നില്ല. 'ശരി. ഞാൻ പോകുന്നു. നീ എവിടെ വേണമെങ്കിലും, ആരുടെകൂടെ വേണമെങ്കിലും പോയിക്കൊള്ളൂ. നിന്നെ എനിക്കുവേണ്ട......'

അവൾക്കു സ്വബോധംവീണ്ടു് എഴുന്നേററപ്പോഴേക്കു രഘുപോയിക്കഴിഞ്ഞിരുന്നു. മാതാപിതാക്കൾ ഒരക്ഷരംപോലും അവളോടു സംസാരിച്ചില്ല. അവൾ ആരോടു് സങ്കടം പറയും?

അർദ്ധരാത്രിയായിട്ടും അവൾക്കു് ഉറക്കം വന്നില്ല. ജാലകപ്പഴുതിൽക്കൂടി വിശാലനീലമായ വാനിടത്തിലേക്കു അവൾ തുറിച്ചുനോക്കി. അപ്പുറവും അനന്തവുമായ ആകാശം! അതിൽ അവിടവിടെയായി ചില വെള്ളിമേഘങ്ങൾ! മനോഹാസ്യത തുളുമ്പിക്കൊള്ളുന്ന മുഴുമതിബിംബം! മിന്നിത്തിളങ്ങുന്ന നക്ഷത്രജാലം! പ്രസന്നമായ പ്രകൃതി! നിശ്ശബ്ദനിശ്ചലമായ അന്തരീക്ഷം! അവളുടെ ഹൃദയഫലകത്തിൽ കഴിഞ്ഞുപോയ കമനീയകാലങ്ങൾ പ്രതിബിംബിച്ചു:—

രാഗിണിയുടെ സ്കൂൾവാർഷികദിനത്തിൽ രഘു നായകനായി നാടകം അഭിനയിച്ചു. അവളുടെ ഹൃദയം രഘുവിന്റെ അതുല്യമായ അഭിനയവിശേഷത്തെ ഉൾക്കൊണ്ടു. അവന്റെ കലാപാടവം അതിനെ രംഗപൂർത്തി വരുത്തി. അവളുടെ ഹൃദയം ഒരു പുതുപ്രകാശത്തിന്റെ കിക്കിളി അനുഭവിച്ചു. കാമുകിയായ രാഗിണി—അനുരാഗിണിയായ രാഗിണി മനസാവരിച്ച രഘുവിനെ പാണിഗ്രഹണം ചെയ്യാൻ തീരുമാനിച്ചു. നിർദ്ധനനായ രഘുവുമായുള്ള പുത്രിയുടെ ദാമ്പത്യബന്ധത്തിൽ മാതാപിതാക്കൾ സംതൃപ്തി കൊള്ളുവാൻ തയാറില്ല. ഒടുവിൽ ഒരേ ഒരു മകളുടെ അഭിലാഷംതന്നെ നടന്നു. നടക്കേണ്ടിവന്നു. രഘുവും രാഗിണിയും ദമ്പതികളുമായി.

അങ്ങിനെ അതും കഴിഞ്ഞു.

രാഗിണി തികച്ചും പരിതാപ്തയായി; രഘുവുമായുള്ള ദാമ്പത്യത്തിൽ—അവന്റെ സംസ്കാരസമ്പൂർണ്ണമായ പെരുമാററത്തിൽ—സൽസ്വഭാവത്തിന്റെ സമൃക്ഭാവത്തിൽ—അവന്റെ സൗന്ദര്യസമ്പത്തിൽ.

പുരോഗമനോന്മുഖമായ കാലം ഉൽക്കർഷോന്മുഖനായ ആ കലാകാരനെ ഇടുങ്ങിയ പരിധികളിൽ ജീവിതം നയിക്കാൻ അനുവദിച്ചില്ല. 'എന്തുകൊണ്ടു തന്റെ കലാപാടവം മററു മനുഷ്യരാശിയുടെ മുമ്പിൽ അവതരിപ്പിച്ചുകൂടാ? തീവ്രയത്നവും പേരുംപെരുമയും ആർജ്ജിക്കാൻ ശ്രമിക്കണം' രഘു തീരുമാനിച്ചു. രഘു നാടകക്കാരനായി, മദ്യപനായി, വ്യഭിചാരപ്രിയനുമായി.

ആവൂ! എന്തൊരാകർഷ! എന്തു മാററം!

രാഗിണിക്കു് ആ രംഗം കാണുവാൻ കെല്പില്ല. അവൾ കമഴ്ന്നുകിടന്നു കരഞ്ഞു, സർവ്വവസ്തുക്കളും അവളുടെ നേരെ പരിഹാസഹസനം ഉയർത്തുന്ന ഒരു തോന്നൽ അവളിൽ അവശേഷിച്ചു.

ആകാശം ഇരുണ്ടു. വീണ്ടും വീണ്ടുമിരുണ്ടു. മിന്നി പ്രകാശിച്ചുകൊണ്ടിരുന്ന നക്ഷത്രജാലങ്ങളേയും നിശാനാഥനേയും കാർമ്മേഘപടലികൾ ആവരണംചെയ്തു. മാററം! മാററം! പ്രകൃതിയുടെ വികൃത !!!

* * *

കഥ തുടരാം. രാഗിണി മാതാവായി; രഘുവിനെ വിവരം ധരിപ്പിച്ചിട്ടും അയാൾ വന്നില്ല. ആ മധുപൻ പുതുപൂക്കളെ തിരഞ്ഞുപോവുകയാണു്. അവളുടെ യൗവ്വനത്തിന്റെ ചാപല്യങ്ങളേയും അവിവേകതയേയുംപററി പറഞ്ഞു മാതാപിതാക്കൾ അവളെ പഴിച്ചു. അവളതെല്ലാം കേട്ടു സഹിച്ചു. സ്ത്രീയല്ലേ?

രാഗിണി കുഞ്ഞിനെ എടുത്തു മടിയിൽ കിടത്തിക്കൊണ്ടു് ചിലപ്പോൾ വിങ്ങി വിങ്ങിക്കരയും. ഭാഗ്യദോഷിയായ കുഞ്ഞാണത്രേ അതു. അല്ലെങ്കിൽ എന്തുകൊണ്ടു് അതിന്റെ പിതാവു അതിനെ ഒന്നു വരികയോ അതിനെ കണ്ടു് ആനന്ദം പങ്കുവെക്കയോ ചെയ്യുന്നില്ല? തന്റെ തനിപ്പകർപ്പായ ആ പൊന്നോമനക്കുഞ്ഞിനെ താലോലിച്ചു പുളകം പൂശാൻ ആ പിതാവിന് അഭിനിവേശമില്ലേ?

നിശയുടെ നിശ്ശബ്ദതയിൽ നെട്ടവീർപ്പുകൾ അവളിൽനിന്നും ഉണരും. ഹൃദയം മരവിക്കുന്ന മനോദുഃഖം അവളെ പൊതിയും. മനഃസമാധാനത്തിനുവേണ്ടിയുള്ള പരിപാടികൾ അവൾ തിരയും. അനുരാഗബദ്ധമായ ഹൃദയത്തിൽ തിങ്ങി വിങ്ങുന്ന മധുരവികാരങ്ങളെ ഭർത്താവിന്റെ മുമ്പിൽ വാരിവിതറാൻ അവൾ വെമ്പൽ കൊള്ളുകയാണു്. പ്രയോജനം? അദ്ദേഹത്തെ ഒരുനോക്കു കാണുവാൻപോലും അവൾക്കു് അവസരം ലഭിക്കുന്നില്ല. വിജൃംഭിതപ്രേമത്തിന്റെ വികാരങ്ങളിൽ തന്റെ മനഃസേശ്വരൻ, അവളെ അയാളുടെ കരവലയത്തിൽ അമർത്തി കിക്കിളി പകർന്നു പുണരുമ്പോൾ, പുളകംകൊള്ളാൻ അവൾക്കു അഭിനിവേശമില്ലേ? അവളുടെ മിന്നുന്ന പ്രതീക്ഷകളും സുന്ദരസ്വപ്നങ്ങളും സങ്കല്പരംഗത്തു മാത്രം അവശേഷിക്കപ്പെട്ടു. ആശ്വസിക്കുവാനും, ആനന്ദിക്കുവാനും, ആത്മനിർവൃതിയടയുവാനും അവസരമില്ലാത്ത, അനുരാഗവിവശയായ രാഗിണി മരവിച്ച വികാരങ്ങളിൽക്കൂടി ദിനരാത്രങ്ങൾ 'ഉന്തിത്തള്ളി'ക്കൊണ്ടിരുന്നു.

* * * *

"രാഗിണി,"

പരിവർത്തനങ്ങളുടെ പരാക്രമത്തിൽ പെട്ടു നട്ടംതിരിഞ്ഞ സംവത്സരങ്ങൾ ആറേഴുകഴിഞ്ഞു. പശ്ചാത്താപപരവശനായ രഘു തിരിച്ചുവന്നു. ആ ദമ്പതികൾ തമ്മിൽ കണ്ടുമുട്ടി. രാഗിണിക്കു രഘുവിന്റെ ആ വേഷം കാണുവാൻ കരുത്തില്ല. ഇരുപേരുടേയും കപോലങ്ങളിൽക്കൂടി കണ്ണുനീർ ധാരധാരയായി ഒഴുകി. അവരുടെ മദ്ധ്യത്തിൽ ഭീകരമായ ഒരു മൂകത ഓളം തല്ലി. അസ്ഥിമാത്രശരീരനായ രഘു വീണ്ടും വിളിച്ചു.

"രാഗിണി,"

അവൾ പൊട്ടിക്കരഞ്ഞുപോയി....

വികാരസാന്ദ്രതയുടെ വേലിയേററത്തിൽ പ്രകൃതിപോലും വിറച്ചു... അവർ പലതും സ്മരിച്ചു.... അവരുടെ ഹൃദയം ദ്രവിച്ചു... ഭീകരമായ പരമാർത്ഥങ്ങളുടെ ഏകീകൃതമായ അഗ്നിപർവ്വതം പൊട്ടി... അതിന്റെ ചലനത്തിൽ അവൾ വിറച്ചു ഞെട്ടി. അതിന്റെ ഭയാനകശക്തിയിൽ അവളുടെ ഹൃദയം പൊട്ടി... അവൾക്കു സംസാരിക്കാൻ കഴിഞ്ഞില്ല.

"അമ്മേ, അപ്പപ്പൻ വന്നോ? പന്തു കൊണ്ടുവന്നോ?" കൂട്ടുകാരുമൊത്തു കുന്നിൻചരിവിൽ മണ്ണുവാരിക്കളിച്ചുകൊണ്ടുനിന്നിരുന്ന രവി ഓടിക്കിതച്ചുവന്നു അവളുടെ ഉടുപുടവയുടെ തുമ്പിൽ തൂങ്ങി.

രവിയെ കണ്ടപ്പോൾ രാഗിണി കൂടുതൽ തേങ്ങിത്തുടങ്ങി. അവളവനെ വാരിയെടുത്തു മാറോടു ചേർത്തു പുണർന്നു പൊട്ടിക്കരഞ്ഞു. കാര്യം അറിയാൻ കാലമാകാത്ത ആ പിഞ്ചുകുഞ്ഞു അമ്മയുടെ ദുഃഖം കണ്ടു നിലവിളിച്ചു; അവരെയെല്ലാം കണ്ടുകൊണ്ടു രഘു... ആ ദമ്പതികളുടെ ദീനനേത്രങ്ങൾ ഇടഞ്ഞു... അവിടെ പലതും പ്രതിഫലിച്ചു..........

അങ്ങനെ ഇടക്കാലത്തു ജീവിതത്തിൽ കടന്നുകൂടിയ പൊടിപടലം കണ്ണുനീർ കഴുകിക്കളഞ്ഞു! രഘു രവിയെ വിളിച്ചു. ആ ക്ഷണം നിരസിച്ചു മാതാവിന്റെ മാറിലേയ്ക്കു അവൻ മുഖം ചായ്ച്ചു. നീറിമരിച്ച രഘു വിയർത്തൊലിച്ചു. "ചെല്ലു മക്കളേ! കുഞ്ഞിന്റെ അച്ഛൻ" മാതാവു മകനെ നിയോഗിച്ചു. അവൻ വിസമ്മതിച്ചു. "ചെല്ലു" വീണ്ടും രാഗിണി നിർബ്ബന്ധിച്ചു. അവനതു സ്വീകരിച്ചു. രഘു രവിയെ വാരിയെടുത്തു പുണർന്നു അവന്റെ നെററിയിൽ ചുംബിച്ചു; പൊട്ടിക്കരഞ്ഞു. വളർന്നുനിന്ന രോമപാളികൾ രവിയുടെ മൃദുലമോഹനമായ മുഖബിംബത്തിൽ വേദനാത്മകമായ ആനന്ദം പകർന്നു. രാഗിണിയുടെ മാതൃഹൃദയം, പിതൃപുത്രന്മാരുടെ വേദനാപൂർണ്ണങ്ങളെങ്കിലും പരമാനന്ദപ്രദമായ നിർവൃതിക്കൊള്ളലിൽ ഭരമപരിധികളെ അതിലംഘിച്ചും ഗന്ധർവ്വനഗരങ്ങളിൽ പറിപ്പാനു......

അത്യധികമായ കുടിയും, വ്യഭിചാരവും, ലക്ഷ്യമില്ലാത്ത ജീവിതരീതികളുംകൂടി ഒത്തുചേർന്ന രഘുവിന്റെ ജീവിതം ആരോഗ്യത്തെ വളരെ വേഗത്തിൽ ക്ഷയപ്പെടുത്തി. അവന്റെ ശരീരം വിളറി. കാന്തി മങ്ങി. കഴിവു നശിച്ച ക്ഷയരോഗിയുടെ കലാപാടവത്തിൽ ആളുകൾക്കു ഒരു ചെടിപ്പുവന്നു. അവർ പുതിയ പുതിയ നടന്മാരെ തേടി. അഭിനന്ദനങ്ങൾ ആർജ്ജിച്ചുപോന്ന കൊട്ടകകളിൽ കൂകലുംവിളിയുമായി. കൺട്രാക്ടരുടെ പണമപ്പെട്ടി ശോഷിച്ചു. പ്രൊപ്രൈററരുടെയും മററു സഹപ്രവർത്തകരുടെയും വരവു കുറഞ്ഞു. ഒടുവിൽ പ്രൊപ്രൈററർ രഘുവിനെ പിരിച്ചുവിട്ടു.

നിർദ്ധനനായി ജനിച്ചു, നിരാലംബനായി വളർന്നു, നിസ്തുലമായ കലാപാടവത്തിൽ കുളിർന്നു്, നാശഹേതുകമായ പ്രവർത്തിപന്ഥാക്കളിൽ ചരിച്ചു്, നാട്ടുകാരുടെയും വീട്ടുകാരുടേയും നിന്ദയ്ക്കും നിഷേധത്തിനും പാത്രീഭൂതനായി, നിഷ്ഠുരമായ മഹാവ്യാധിയുടെ പിടിയിൽ അകപ്പെട്ടു വീണ്ടും നിർദ്ധനനായി, നാനാതരത്തിലും നാനാജനങ്ങളാലും നിരസിക്കപ്പെട്ട രഘു ഗത്യന്തരമില്ലാതെ രാഗിണിയെ—തന്റെ ഭാര്യയെ ഏകാവലംബമായി കരുതി തിരിച്ചുവന്നു.

അനുരാഗിണിയായ രാഗിണിക്കു്, മാതൃവതിയായ രാഗിണിക്കു്, തന്റെ ഭർത്താവ് കാണപ്പെട്ട ദൈവമെന്നു കരുതാൻതക്ക ഹൃദയവിശാലതയുണ്ടു്. സംസ്കാരമുള്ള രാഗിണിക്കു് രഘുവിനെ നിരസിക്കാൻ നിവൃത്തിയില്ല. അവൾ അവനെ സ്നേഹപൂർവ്വം സ്വീകരിച്ചു. മാതാപിതാക്കൾ തികച്ചും നിരസിച്ചു. അവൾ അവരോടു് ഭർത്താവിനുവേണ്ടി ക്ഷമ യാചിച്ചു, വാദിച്ചു. താണപേക്ഷിച്ചിട്ടും അവർ അവളുടെ വാക്കുകൾ ചെവിക്കൊണ്ടില്ലെന്നുമാത്രമല്ല, രഘുവിനെ സ്വീകരിച്ചാൽ ഒരു നിമിഷംപോലും ആ പടിക്കകത്തു കഴിയരുതെന്നും, അവനുമായി ഉടൻ അവിടം വിട്ടുകൊള്ളണമെന്നുംകൂടി വിധികല്പിച്ചു. ഒരിക്കൽ അവളുടെ നിർബ്ബന്ധത്തിനു കീഴ്‌വഴങ്ങിയതുകൊണ്ടു നേ

(ശേഷം നാലാംപേജിൽ)

(മൂന്നാംപേജിൽനിന്നും തുടർച്ച)

ട്ടിട്ട പരാജയങ്ങൾ മേലിലും തുടരുന്നതു സഹിക്കുവാൻ, അനുഭവജ്ഞാനം അധികമുള്ള ആ വൃദ്ധദമ്പതികൾക്കു സാദ്ധ്യമല്ലെന്നു തീരുമാനിച്ചു; തീരുമാനിക്കേണ്ടിവന്നു.

രഘു, രവി, രാഗിണി. അങ്ങിനെ മൂന്നു ജീവികൾ 'പട്ടിണിയിലും പരിവട്ടത്തിലും' ആ ചെറുകൂടിലിൽ കിടന്നു പുളഞ്ഞു. രഘുവിന്റെ കാലക്കേടു വാശിയായി. ദീനം വർദ്ധിച്ചു. രാഗിണിയുടെ ആഭരണങ്ങളെല്ലാം ഒന്നൊന്നായി വിററും രഘുവിന്റെ ആരോഗ്യം വീണ്ടെടുക്കുവാൻ ശ്രമിച്ചു. ഫലിച്ചില്ല. ആ നീണ്ട കുരക്കൻചുമ കേൾക്കുമ്പോൾ അവൾ നടുങ്ങും. എന്തൊരതിരി ചുമ!

* * *

രാഗിണി നടിയായി നാടകരംഗത്തു് പ്രത്യക്ഷപ്പെട്ടു. ഒരു വലിയ സംഖ്യ പ്രതിഫലമായി കിട്ടി. തന്റെ ഭർത്താവിന്റെ മൃത്യുവക്ത്രത്തിൽനിന്നും മോചിപ്പിക്കുവാൻവേണ്ടി അവൾ ഇങ്ങിനെ ഒരു ത്യാഗശീലം കൈക്കൊണ്ടു. അവളുടെ നാടകരംഗത്തിലെ ആവിർഭാവം നെടുനാളായി പ്രതീക്ഷിച്ചുകൊണ്ടിരുന്നതേതോ ഒന്നു ലഭിച്ചെന്ന ചരിതാർത്ഥത ജനങ്ങളിൽ പകർന്നു.

രഘുവിന്റെ നിരോധനങ്ങളെ നിരസിച്ചും നാടകക്കമ്പനിയിൽ രാഗിണി ചേരാൻ നിർബ്ബന്ധിതയായതു് അവന്റെ ജീവരക്ഷയ്ക്കുവേണ്ടിയാണെന്നു തികച്ചും ബോധം രഘുവിനുണ്ടായിരുന്നു. എന്നാൽ തന്റെ ഭാര്യ ഒരു നാടകക്കാരി എന്ന നില! അതവനു് ഹൃദയഭേദകമാണു്. അതിനേക്കാൾ ഭേദമല്ലേ മരണം?

നാടകക്കമ്പനിയിലെ പൈശാചികമായ ജീവിതവും, ഏകാകിനിയായ രാഗിണിയുടെ അവസ്ഥയും സ്വപ്നഭാവങ്ങളിൽ കൂടി തള്ളിച്ചുനോക്കുന്ന രഘുവിന്റെ മനോവ്യഥ! തന്റെ ഭാര്യ മറെറാരുവനെ സ്പർശിക്കുക. അന്യനായ ഒരുവനെ "നാഥാ!" "ജീവിതേശ്വരാ!" "പ്രാണപ്രിയാ", എന്നൊക്കെ സംബോധനചെയ്യുക! ഒരു ക്യാമ്പിൽ മറെറാരുവരുമില്ലാതെ നാടകക്കാരും മനോജ്ഞ പ്രൊപ്രൈറററുമായിക്കഴിയുക അതോർക്കാൻപോലുമുള്ള കഴിവു ദ്രവിച്ചുകൊണ്ടിരിക്കുന്ന അവന്റെ ഹൃദയത്തിനില്ല. 'അനേകനാളായി—ചാരിത്ര്യവതിയായി കഴിയുകയായിരുന്ന രാഗിണിയെങ്കിൽ—വികാരങ്ങളെ നിയന്ത്രിച്ചുകഴിയുന്ന വികാരതരളയായ രാഗിണിക്കു് സഹചര്യവും മററ സാമീപ്യവും ഉണ്ടായാൽ സന്മാർഗ്ഗത്തിൽനിന്നും വ്യതിചലിക്കാൻ എളുപ്പമില്ലേ? വികാരങ്കുരണത്തിൽ അവളുടെ മനസ്സു് വഴുതിപ്പോകയില്ലെന്നു എങ്ങിനെ നിശ്ചയിക്കാം? താനാണെങ്കിൽ ഉപയോഗശൂന്യനായ ഒരു ക്ഷയരോഗിയും. അതുമല്ല എത്ര നല്ല ഭാവസംശുദ്ധിയുള്ള യുവതികളുടേയും ചാരിത്ര്യധനം അപഹരിക്കാൻ സമർത്ഥരായ യുവാക്കന്മാർക്കു് യാതൊരു വൈഷമ്യവുമില്ലെന്നു തന്റെ ജീവിതം തെളിവുമല്ലേ?' രഘുവിന്റെ സംശയഗ്രസ്തമായ മസ്തിഷ്കത്തിൽ ഈവിധമുള്ള ചിന്തകൾ പിശാചിനെപ്പോലെ കിടന്നു പുളഞ്ഞു.

രാഗിണിയുടെ മാതാപിതാക്കൾ അവളെ തിരിച്ചുവിളിച്ചു. അവളതു ചെവിക്കൊണ്ടില്ല. ഭർത്താവിന്റെ സുഖമാണു് അവളുടെ ജീവിതലക്ഷ്യം. അതിനു വിഘാതം നേരിട്ടെങ്കിലോ എന്നുള്ള ചിന്ത—അഭിമാനബോധം—ഏതു ക്ലേശങ്ങൾ സഹിച്ചാലും തിരിച്ചു വീട്ടിലേക്കില്ലെന്നു തീരുമാനിപ്പിച്ചു.

രാഗിണിയുടെ സംഗീതമാധുരിയിൽ, അഭിനയചാതുരിയിൽ, സൗന്ദര്യധോരണിയിൽ ആളുകൾ സ്വയം മറന്നു അവളെ ഉപാസിച്ചുതുടങ്ങി. ററിക്കററുകിട്ടാതെ കൊട്ടകകളിൽനിന്നും അനവധി ആളുകൾ നിരാശരായി തിരിച്ചു മടങ്ങേണ്ടിവന്നു. കച്ചവടക്കാരായ കണ്ട്രാക്കുടരും പ്രൊപ്രൈറററും അവളെ കൂടുതൽ ബഹുമാനിച്ചു. ആരാധിച്ചു നാട്ടുമുഴുവൻ അവളുടെ പേരു പരന്നു. ആരാധകന്മാരുടെ സംഖ്യ വർദ്ധിച്ചു; അവർക്കൊക്കെ ശ്വാസം മുട്ടലും.

* * *

ആസ്പത്രിയിലെ ജീവിതമോ സമർത്ഥരായ ഭിഷഗ്വരന്മാരുടെ ചികിത്സാ പാടവമോ രഘുവിന്റെ കാര്യത്തിൽ വളരെയൊന്നും ഫലപ്രദമായില്ല. രോഗം ദിനരാത്രങ്ങൾ കഴിയുന്തോറും കൂടിക്കൂടി വന്നു; രക്തവും കഫവും ക്രമത്തിലധികം വിസർജ്ജിച്ചു് ശരീരം അസ്ഥിമാത്രമായിത്തീർന്നു.

'രാഗിണീ,' രഘുവിളിച്ചു. അവളുടെ ശരീരകാന്തിയും ആരോഗ്യസ്ഥിതിയും ആഡംബരയുക്തവുമായ വേഷവിധാനങ്ങളും കണ്ടപ്പോൾ സംശയഗ്രസ്തനായ രഘു പരിസരംപോലും മറന്നു രാഗിണിയെ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു.

'രാഗിണീ'രഘു വീണ്ടും വിളിച്ചു. അവൾ മൂകയായി, രഘുവിനു വിധേയയായി കിടക്കയുടെ സമീപം ചെന്നുനിന്നു. ആ അരുണാരുണമായ കവിൾത്തടങ്ങളിൽ കൂടി കണ്ണുനീർ ഉരുണ്ടുരുണ്ടു നിലം പതിച്ചുകൊണ്ടിരുന്നു.

'പ്രലോഭനങ്ങൾ ഇവളെ വലിച്ചിഴിപ്പിച്ചുകാണും. എത്ര നല്ല ഒരു യുവതി തിങ്ങിവിങ്ങിപ്പുറപ്പെടുന്ന ഹൃദയത്തിന്റെ മൃദുലവികാരങ്ങളെ നിയന്ത്രണം ചെയ്യുന്നവരും? നിശ്ചയമായും നിയന്ത്രണമാകുന്ന അണ പൊറിഞ്ഞുതന്നെ തീരും. അതിന്റെ അപ്രതിരോധ്യമായ അടിയൊഴുക്കിൽപെട്ടു് ഇവളുടെ ചാരിത്ര്യവും ഒഴുകിപ്പോയിട്ടില്ലെന്നു് എങ്ങിനെ വിശ്വസിക്കാം? തന്റെ അനുഭവങ്ങൾതന്നെ അതിനു് ഉത്തമസാക്ഷ്യം വഹിക്കുന്നില്ലേ? എത്രയെത്ര സാധു യുവതികളുടെ ചാരിത്ര്യവിശുദ്ധിയിൽ താൻ മാലിന്യം കലർത്തി അവരെ സമുദായദ്രോഹികളാക്കാൻ 'അഭിസാരിണി' എന്നു് മുദ്ര അടിപ്പിച്ചിട്ടില്ലേ?' രഘു ഓർത്തുപോയി. സംശയങ്ങൾ അവന്റെ നേരെ പാഞ്ഞെടുത്തു് അവനെ ഞെരിച്ചുകൊല്ലാൻ ശ്രമിച്ചു.

'രാഗിണീ!' ചുമയുടെ ഇടയിൽക്കൂടി രഘു ആവർത്തിച്ചു.

'ദയവുചെയ്തു് അല്പം സമാധാനിക്കണം. സുഖമാകട്ടെ കൂടും, ഇങ്ങിനെ മനസ്സു് പുണ്ണാക്കിയാൽ' ശബ്ദവാണിയായ രാഗിണി അവനെ ആശ്വസിപ്പിച്ചു.

'എന്റെ മനസ്സും ഹൃദയവും പുണ്ണായിട്ടുനാളുകളല്ലാ വർഷങ്ങൾതന്നെ കഴിയുന്നു. എന്റെ പരാക്രമങ്ങളൊന്നും അതിനെ ശമിപ്പിക്കാൻ പര്യാപ്തങ്ങളുമല്ല. കൂടിയാൽ കുറച്ചു ദിവസങ്ങൾകൂടി അതിന്റെ പടിയിൽ ഞാൻ അടങ്ങി പാർക്കതന്നെ വേണം. പിന്നെ മോചനം അതിനുവേണ്ടി ഞാൻ കാത്തിരിക്കുകയാണു്. രാഗിണി..."

അവനെന്തോ വീണ്ടും പറയുവാൻ തുടങ്ങി. കണ്ഠത്തിൽ കഫം തടഞ്ഞതുകൊണ്ടു അവ പുറത്തുവന്നില്ല.

ആ നീണ്ടകുരക്കൻചുമ! രഘു വിമ്മിഷ്ടപ്പെടുന്നതു കണ്ടപ്പോൾ രാഗിണിയുടെ ഹൃദയം തകർന്നു. അവളും നിരുദ്ധകണ്ഠയായി. ശ്വാസംമുട്ടിക്കുന്നനിമിഷപരമ്പരകൾ വർത്തമാനത്തിന്റെ വഴിത്താരയിൽനിന്നു ഭൂതത്തിന്റെ ശാശ്വതാന്തരാളത്തിലേയ്ക്കു വഴുതിവീണുകൊണ്ടിരുന്നു......

"രാഗിണീ" രഘു തുടർന്നു "നിനക്കു എന്നെപ്പററി ഉൽക്കണ്ഠയുണ്ടു്.?"

"അങ്ങയ്ക്കു് അതു ഇനിയും സംശയമോ? ഞാൻ ശ്വസിക്കുന്നതുപോലും അങ്ങയ്ക്കുവേണ്ടിയാണു്."

രഘു കൂടുതൽ ദീനനായി. അവന്റെ കുഴിഞ്ഞുതാണ കണ്ണുകളിൽനിന്നു കണ്ണുനീർകണങ്ങൾ കപോലങ്ങളിൽക്കൂടി കീഴ്പോട്ടൊഴുകി. അവനുവേണ്ടിയാണു് അധഃപതിച്ച ആ തൊഴിലിൽ ഏർപ്പെട്ടതെന്നു! ആ യാഥാർത്ഥ്യവുമായി ഏററുമുട്ടുവാൻ അവനു കഴിവില്ല. മനസ്സിന്റെ മഹാഗർത്തത്തിൽ കിടന്നുപുളയുന്ന സംശയങ്ങൾ! അതവനെ ഞെരിച്ചുകൊല്ലുകയാണു്.

"തീർച്ചയാണോ?"

"അങ്ങയ്ക്കു് അതു ഇനിയും സംശയമോ?"

"സംശയം ഒരു വ്യാധിയാണു് തങ്കം. സംശയം! അതിനെ കീഴടക്കാൻ ആഗ്രഹിക്കുന്തോറും അതു നമ്മെ കൂടുതൽ അള്ളിപ്പിടിച്ചു് നാശത്തിന്റെ അടിത്തട്ടിലേയ്ക്കു വലിച്ചെറിയും. സംശയം! ആ വാക്കുപോലും ഇല്ലായിരുന്നെങ്കിൽ! സംശയങ്ങളുടെ സമാഹാരമാണു്, തോൽവിയുടെ കലവറയാണു്, നാമമാത്രമായിക്കിടക്കുന്ന തകരാറുകളാണു് ജീവിതം. ജീവിതത്തിന്റെ കണ്ണികളായ ഗ്രഹണധാരണസ്മരണകൾ സംശയത്തിന്റെ കൊടുംചിരിക്കൊള്ളലിൽ ഛിന്നഭിന്നമായിപ്പോകും."

"അങ്ങു് അധികം സംസാരിക്കാതിരിക്കണം. ഡാക്ടർ പ്രത്യേകം പറഞ്ഞിട്ടുണ്ടു്. വികാരങ്ങൾക്കടിമപ്പെട്ടാൽ......"

"മരണം. അതുതന്നല്ലേ. അതെത്രയോ ഭേദം! അടക്കുവാൻ ആവതില്ലാത്ത വികാരങ്ങൾ ഹൃദയത്തിൽ കിടന്നു നുരഞ്ഞുപതയുമ്പോൾ.........വേണ്ട. അതൊന്നും നീ അറിയേണ്ട." അവൻ കിടക്കയിലേയ്ക്കു കമഴ്ന്നുകിടന്നു. അവൾ അവന്റെ സമീപം ചേർന്നിരുന്നു. വെറും എല്ലും തോലും മാത്രമായി ശേഷിച്ച അവന്റെ മുതുകിൽ തലോടി. നയനങ്ങൾ അപ്പോഴും വിദൂരതയിൽ പതിച്ചും, കണ്ണുനീർ തൂകിക്കൊണ്ടുമിരുന്നു.........

"രാ...ഗി...ണി...നീ...ഇനി...നാടകത്തിനു...പോകേണ്ട......" രാഗിണിയുടെ കരവലയം തടവിക്കൊണ്ടു രഘു പറഞ്ഞു.

"പിന്നെ അങ്ങയുടെ ആവശ്യങ്ങൾ?"

"ആ പണംകൊണ്ടു് എന്റെ ആവശ്യം നിറവേറേണ്ട......പാപം ചുമന്നുള്ള പണം......അതെനിക്കു ആത്മശാന്തിക്കു ഉപകരിക്കുകയില്ല......വേണ്ട......' അവൻ നിറുത്തി.

'പാപം ചുമന്നുള്ള പണമോ?' അവൾ ഉദ്വേഗപൂർവ്വം ചോദിച്ചു.

'അതെ'

'എങ്ങിനെ?'

'നിന്റെ മനസ്സാക്ഷിയോടു ചോദിക്കു്, എന്തെന്നു?'

'നിനക്കു മനസ്സിലായില്ലേ? നീ സ്വ...ചാ...രി...ത...ത...ന്നെ...യാണെന്നു്...?'

അവൾ ഇടിയേററുപോലെ ഒന്നു ഞെട്ടി...ആ നയനങ്ങൾ വികസിച്ചു...കപോലം അരുണവർണ്ണമായി...വിജൃംഭിതമായ അഭിമാനത്തിന്റെ പ്രചോദനത്തിൽ ചാടി എഴുന്നേററ രാഗിണി ചോദിച്ചു.

'അങ്ങയ്ക്കു് അതു തോന്നുവാൻ?'

'എന്റെ കഴിഞ്ഞുപോയ കാലങ്ങളും അനുഭവങ്ങളും—'

'ഞാൻഒരുഅനുരാഗിണിയായ സ്വൈരിണിയെന്നു അങ്ങയോടു പറയുന്നു. അല്ലേ?'

എന്തുചെയ്യാം രാഗിണീ, എനിക്കങ്ങിനെ വിശ്വസിക്കാതിരിക്കുവാൻ എന്റെ അനുഭവങ്ങൾ എന്നെ സമ്മതിക്കുന്നില്ല. അതുകൊണ്ടു് അങ്ങിനെ വിശ്വസിക്കേണ്ടിവരുന്നു.'

'ഞാനൊരു സ്വൈരിണിയെന്നു?'

അല്ലേ? ആ സ്വരത്തിനു് ഒരു പ്രത്യേകതയുണ്ടു്.

ഹൃദയഭിത്തികളെ തട്ടിത്തകർത്തു കൊണ്ടു് പ്രവഹിക്കുന്ന ചിന്താതരംഗങ്ങളെ പ്രതിരോധിക്കുവാനുള്ള ശക്തി അവൾക്കില്ല. ആ ഉഗ്രസമരത്തിലെ പ്രതിധ്വനിയായി അവളുടെ ശരീരം 'കിലുകിലെ' വിറയ്ക്കുന്നുണ്ടു്:

നിർദ്ധനനായ രഘുവിന്റെ കലാപാടവത്തിൽ ആകൃഷ്ടചിത്തയായി മാതാപിതാക്കളുടെ അനുവാദം കൂടാതെതന്നെ രഘുവിനെ വരിച്ചതു്, ഗർഭിണിയായ അവളെ അവൻ ഉപേക്ഷിച്ചും മദ്യപാനിയും വേശ്യാലമ്പടനായി അധഃപതിച്ചു കഴിഞ്ഞതു്, അശരണനായ രഘു തിരിച്ചുവന്നതു്, കുബേരപദവി ത്യജിച്ചും കുടിൽജീവിതം കൈക്കൊണ്ടതു്, രോഗാതുരനായ രഘുവിനെ രക്ഷിക്കുവാൻ അഭിമാനം പണയപ്പെടുത്തിയും നാടകക്കാരിയായതു്, അനവധി ആപൽഘട്ടങ്ങളും തരണംചെയ്തു അതുവരെ ചാരിത്ര്യം രക്ഷിച്ചു സൂക്ഷിച്ചതു്, അതിനുകിട്ടിയ അനുഭവങ്ങൾ, ഇവയെല്ലാം ഒന്നൊന്നായി ചരിത്രത്തിൽ എന്നപോലെ അവളുടെ ഹൃദയഫലകത്തിൽക്കൂടി കടന്നുപോയി.

'ഹും' അവൾ അലറി ...ഉഗ്രമായ ആ രോദനം രഘുവിനു് അതു താങ്ങാൻ ത്രാണിയില്ല. അവൻ മുഖം തിരിച്ചു കളഞ്ഞു...............

'രാ...ഗി...ണീ' ചാടി എഴുന്നേററുകൊണ്ടു് രഘു വിളിച്ചു. രാഗിണി ആശുപത്രിയുടെ ഗേററ കടന്നു കഴിഞ്ഞിരുന്നു. ആ വിളിയുടെ പ്രതിധ്വനി മാത്രം ആസ്പത്രിയുടെ ഭിത്തികളെ തകർത്തും പരിസരങ്ങളിൽ ചെന്നലച്ചു............

* * * * * *

അർദ്ധരാത്രി. തണുത്ത കാററു് തരുമർമ്മരമായി ചലിച്ചുകൊണ്ടു അവിടം കടന്നുപോയി....ഇരുണ്ടുകൂടിയ ആകാശത്തിൽ ഒരു കൊള്ളിയാൻ മിന്നിപ്പൊലിഞ്ഞു...അങ്ങതിദൂരത്തിൽ നിന്നും അന്തരീക്ഷത്തിലുയരുന്ന കുറുനരിയുടെ ഭീകരഭേരീനാദം നിശയുടെ നിശ്ശബ്ദതയെ നിർമ്മജ്ജനംചെയ്തു....അപാരതയിൽ ഒരു താരകം വഴുതിത്തെറിച്ചു ......................

രഘുവിന്റെ ദീനം വാശിയായി. ആതുരസംരക്ഷകനായ ഡാക്ടർ വന്നു പരിശോധിച്ചു. ബോധരഹിതനായ രഘു, കോർത്തുപിടിച്ചിരുന്ന പല്ലുകളുടെ ഇടയിൽക്കൂടി പലതും ഉച്ചരിച്ചു. അവയെന്താണു്?...വ്യക്തമല്ല....'രാ...ഗി...ണീ' അത്രമാത്രം അടുത്തുനിന്നവർ കേട്ടു...
...............

*ഉടനെ പ്രസിദ്ധീകരിക്കാൻപോകുന്ന 'ആത്മദാനം" എന്ന ഗ്രന്ഥത്തിൽ നിന്നു്.

—o—

ബോംബെ മ്യൂച്വൽലൈഫ്
അഷ്വറൻസ്
സൊസൈററി
ലിമിറഡ്.
(1871-ൽ സ്ഥാപിച്ചതു്)

ഇന്ത്യയിലെ ഏററവും പ്രാചീനമായ ജീവരക്ഷാഭോഗസ്ഥാപനം

76 കൊല്ലക്കാലമായി ഇന്ത്യയെ സേവിച്ചു വരുന്ന ഒരു കമ്പനി

1946-ലെ പുതിയ ബിസിനസ്സ് 6½ കോടി രൂപയ്ക്കുമേൽ

ബോംബേമ്യൂച്വൽ ലൈഫ് അഷ്വറൻസ് സൊസൈററി, ലിമിറഡ്

ഹെഡാഫീസ്:
"ബോംബെ മ്യൂച്വൽ ബിൽഡിംഗ്",
ഫോർട്ട് ബോംബേ.

ഉദാരമായ നിബന്ധനകളിൽ ഏജൻറന്മാരെ ആവശ്യമുണ്ടു്.

അപേക്ഷിക്കുക:-
എസ്. എ. രാമസ്വാമി & ബ്രദേഴ്സ്.

മദിരാശി സംസ്ഥാനത്തിലേക്കും തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിലേക്കും ചീഫ് ഏജൻറന്മാർ.

ബോംബെ മ്യൂച്വൽ ബിൽഡിംഗ്, എസ്പ്ലനേഡ് മദ്രാസ്

## നോട്ടിസ്

—o—

കൊല്ലം പ്രിൻസിപ്പൽ
മുൻസിഫ് കോർട്ടിൽ

ഫ്രർ-ാമാണ്ട് സിവിൽ നമ്പർ ഫ്രന്നന.

വാദി:—നെടുമ്പനപകുതിയിൽ ഇളവൂർചേരിയിൽ മണക്കാട്ടുവീട്ടിൽ നീലകണ്ഠപ്പിള്ള ഗോപാലപിള്ള.

പ്രതികൾ:—വ. ടി മണക്കാട്ടുവീട്ടിൽ നിന്നും പാലവിളപുത്തൻവീട്ടിൽ നീലകണ്ഠപ്പിള്ള നാരായണപിള്ള ന. ടിയിൽ നാരായണിയമ്മ പാർവ്വതിയമ്മ ൩. ടി പകുതിയിൽ പഴങ്ങാലത്തുചേരിയിൽ മണക്കാട്ടുവീട്ടിൽ നീലകണ്ഠപ്പിള്ള ഗോവിന്ദപ്പിള്ള ന്ന. ടി ഇളവൂർചേരിയിൽ മണക്കാട്ടുവീട്ടിൽ നീലകണ്ഠപ്പിള്ള ചെല്ലപ്പൻപിള്ള ഫ്രവ. ടി പകുതിയിൽ പുലിയിലചേരിയിൽ തണ്ടാന്റെതെക്കത്തുവീട്ടിൽ നാരായണിയമ്മ ഉമ്മിണിയമ്മ ഫ്രർ. ടിയിൽ ഉമ്മിണിയമ്മ ഗൌരിയമ്മ വ൦. ടിയിൽ ഗൌരിയമ്മ ദേവകിഅമ്മ വഫ്ര. ടിയിൽ അയ്യപ്പൻപിള്ള സുരേന്ദ്രൻപിള്ള വവ. ടിയിൽ ഉമ്മിണിയമ്മ ലക്ഷ്മിയമ്മ വന. ടിയിൽ നാരായണപിള്ള രാമകൃഷ്ണപിള്ള വർ. ടിയിൽ നാരായണപിള്ള സദാനന്ദൻപിള്ള വ൫. ടിയിൽ നാരായണപിള്ള തങ്കപ്പൻപിള്ള വ൬. ടി ചേരിയിൽ ഞാഴുവിൾവീട്ടിൽ നീലകണ്ഠപ്പിള്ള രാഘവൻപിള്ള വ൭. ടി പഴങ്ങാലത്തുചേരിയിൽ മണക്കാട്ടുവീട്ടിൽ നാരായണിയമ്മ നാണിയമ്മ വവ്യ. ടിയിൽ നീലകണ്ഠപ്പിള്ള ശിവരാമപിള്ള വൻ. ടിയിൽ നാണിയമ്മ ജാനകിഅമ്മ ന൦. ടിയിൽ നാണിയമ്മ ഭവാനിഅമ്മ നഫ്ര. ടിയിൽ നാണിയമ്മ ലക്ഷ്മിയമ്മ നവ. ടിയിൽ ലക്ഷ്മിയമ്മ ഗോമതിയമ്മ നന. ടിയിൽ നാണിയമ്മ ഭാർഗ്ഗവിയമ്മ നർ. ടിയിൽ പരമേശ്വരൻപിള്ള ബാലകൃഷ്ണപിള്ള ന൫. ടിയിൽ പരമേശ്വരൻപിള്ള മകൻ ശിശു ന൬. ടി ഇളവൂർചേരിയിൽ കരയിലക്കാട്ടുവീട്ടിൽ നാരായണിയമ്മ കാർത്ത്യായനിയമ്മ ന൭. ടിയിൽ നീലകണ്ഠപ്പിള്ള വേലായുധൻപിള്ള നവ്യ. ടിയിൽ നീലകണ്ഠപ്പിള്ള മാധവൻപിള്ള നൻ. ടിയിൽ നീലകണ്ഠപ്പിള്ള ചെല്ലപ്പൻപിള്ള ർ൦. ടിയിൽ നീലകണ്ഠപ്പിള്ള നാരായണപിള്ള ർഫ്ര. ടിയിൽ നീലകണ്ഠപ്പിള്ള ഭാസ്കരൻപിള്ള ർവ. ടിയിൽ കാർത്ത്യായനിയമ്മ പത്മാവതിയമ്മ ർന. ടിയിൽ നീലകണ്ഠപ്പിള്ള കരുണാകരൻപിള്ള ർർ. ഏഴുകോൺപകുതിയിൽ എറാത്തുവാതുക്കോട്ടുമുറിയിൽ മുട്ടത്തഴികത്തുവടക്കേവീട്ടിൽ ലക്ഷ്മിയമ്മ കല്യാണിയമ്മ ർ൫. ടിയിൽ രാമൻപിള്ള ഗോപാലപിള്ള ർ൬. ടിയിൽ രാമൻപിള്ള രാഘവൻപിള്ള ർ൭. ടിയിൽ മാധവൻപിള്ള രാമൻപിള്ള ർവ്യ. ടിയിൽ കല്യാണിയമ്മ ഗൌരിയമ്മ ർൻ ടിയിൽ രാമൻപിള്ള ബാലകൃഷ്ണപിള്ള ൫൦. ടിയിൽ രാമൻപിള്ള വാസുപിള്ള ൫ഫ്ര. നെടുമ്പന ഇളവൂർചേരിയിൽ ചെങ്ങാലഴികത്തുകിഴക്കതിൽ കല്യാണിയമ്മ ലക്ഷ്മിയമ്മ ൫വ. ടിയിൽ അയ്യപ്പൻപിള്ള ജനാർദ്ദനൻപിള്ള ൫ന. ടിയിൽ അയ്യപ്പൻപിള്ള തങ്കപ്പൻപിള്ള ൫ർ. ടിയിൽ കേശവപിള്ള പത്മനാഭപിള്ള ൫൫. ടിയിൽ കുഞ്ഞാലിയമ്മ കാർത്ത്യായനിഅമ്മ ൫൬. ടിയിൽ പത്മനാഭപിള്ള ബാലകൃഷ്ണപിള്ള ൫വ്യ. ടി പഴങ്ങാലത്തുചേരിയിൽ മണക്കാട്ടുപുത്തൻവീട്ടിൽ കേശവപിള്ള പരമേശ്വരൻപിള്ള ൫ൻ. ടിയിൽ ചിന്നമ്മ ലക്ഷ്മിയമ്മ ൬൦. ടിയിൽ ലക്ഷ്മിയമ്മ ഭാർഗ്ഗവിയമ്മ ൬ഫ്ര. ടി പുലിയിലചേരിയിൽ ഏറാനാട്ടുവീട്ടിൽ ലക്ഷ്മിയമ്മ കാർത്ത്യായനിയമ്മ ൬വ. ടിയിൽ കാർത്ത്യായനിഅമ്മ ഭാർഗ്ഗവിയമ്മ ൬ന. ടിയിൽ കാർത്ത്യായനിയമ്മ ഭവാനിയമ്മ ൬ർ. ടിയിൽ നാരായണപിള്ള ബാലകൃഷ്ണപിള്ള ൬൫. ടിയിൽ രാമൻപിള്ള ചെല്ലപ്പൻപിള്ള ൬൬. ടിയിൽ കാർത്ത്യായനിയമ്മ മക്കൾ കുട്ടിയമ്മ ൬൭. ടി ചേരിയിൽ കുഴിവിളവീട്ടിൽ മാമഅമ്മ കാർത്ത്യായനിഅമ്മ ൬ൻ. ടി ചേരിയിൽ തെക്കേടത്തുവീട്ടിൽ നാരായണപിള്ള കൃഷ്ണപിള്ള ൭വ്യ. ടി ചേരിയിൽ പുതുമംഗലത്തുവീട്ടിൽ നാരായണപിള്ള പരമേശ്വരൻപിള്ള ൭ൻ. ടി പകുതിയിൽ ഇളവൂർ ചേരിയിൽ കണ്ണങ്കോട്ടുവീട്ടിൽ രാമൻപിള്ള നാരായണപിള്ള

## പരസ്യം

കൃഷ്ണപുരം മുൻസിഫ് കോർട്ടിൽ
ഫ്രവവ-സി. നമ്പ്ര വഫ്രവ

വാദികൾ:-കൃഷ്ണപുരംപകുതിയിൽ പിറക്കടവംമുറിയിൽ മാരിയമ്മൻ ദേവസ്വത്തിലേക്കുവേണ്ടി ടി ദേവസ്വം പ്രസിഡന്റ് ടി മുറിയിൽ ഞണ്ടുകാട്ടുനിന്നും തറയിൽ പുത്തൻവീട്ടിൽ പെരുമാപിള്ള അപ്പുക്കുട്ടിപ്പിള്ള മുതൽ ൩പേർ വ.

പ്രതികൾ:—ആലപ്പുഴപകുതിയിൽ ടി മുറിയിൽ വല്യവീട്ടിൽ താമസം പെരുമാപിള്ള കേശവപ്പുപിള്ള. വ. കൃഷ്ണപുരം പകുതിയിൽ ടി മുറിയിൽ കാറാണിച്ചേരിയിൽ ഷൺമുഖംപിള്ള കൃഷ്ണപിള്ള.

ടി പ്രതികളെയും ടി ദേവസ്വത്തിൽ ഉൾപ്പെട്ട പൊതുജനങ്ങളേയും തെര്യപ്പെടുത്തുന്നതു്.

ടി നമ്പ്ര അന്യായം പിറക്കടവംമുറിയിൽ മാരിയമ്മൻദേവസ്വത്തിലേക്കുവേണ്ടി ടി ദേവസ്വം പ്രസിഡന്റായ ഫ്ര-ാം വാദിയും സിക്രട്ടറിയായ വ-ാംവാദിയും കൂടി വാദികളായി ബോധിപ്പിച്ചിട്ടുള്ളതും ടി വ്യവഹാരത്തെപ്പറ്റി ടി ദേവസ്വത്തിൽപ്പെട്ട പൊതുജനങ്ങളിൽ ആർക്കെങ്കിലും വല്ല ആക്ഷേപവുമുണ്ടെങ്കിൽ ടി നമ്പ്ര വിചാരണദിവസമായ ഫ്രവവ-ാമാണ്ട ആടിമാസം വ-ാംനു- പകൽ ഫ്രഫ്ര-മണിക്ക ഈ കോടതിമുൻപാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)
ഫ്രഫ്രവവ ആനി ഫ്രഫ്ര-ാംനു-

---

വ്യ൦. ടി ചേരിയിൽ കുഴിവിള പുത്തൻവീട്ടിൽ രാമക്കുറുപ്പ് ശങ്കരക്കുറുപ്പ് വ്യഫ്ര. ഏഴുകോൺ പകുതിയിൽ ഏറത്തുവാതുക്കോട്ടുമുറിയിൽ ചെറുകുന്നത്തുവീട്ടിൽ രാമൻപിള്ള നാരായണപിള്ള വ്യവ. ടി ഇളവൂർചേരിയിൽ നാരായണമംഗലത്തുവീട്ടിൽ ലക്ഷ്മിഅമ്മ കാർത്ത്യായനിഅമ്മ വ്യന. കൊല്ലം തേവള്ളി ചേരിയിൽ പതിയിൽ വീട്ടിൽ നാരായണപിള്ള നീലകണ്ഠപ്പിള്ള വ്യർ. ടി ഇളവൂർചേരിയിൽ വാഴപ്പള്ളിൽ തേവിഅമ്മ ചിന്നഅമ്മ വ്യ൫. ഏഴുകോൺ മടന്തക്കോട്ടുമുറിയിൽ തെങ്ങഴികത്തുവീട്ടിൽ കുഞ്ഞിപ്പിള്ള അമ്മ പാറുക്കുട്ടിഅമ്മ.

വ്യ-ാം ൻ-ാം ഫ്ര൦-ാം ഫ്രഫ്ര-ാം പ്രതികളുടെ രക്ഷകർത്താവ് ൬-ാംപ്രതിയും, ഫ്ര൬-ാംപ്രതിയുടെ രക്ഷകർത്താവ് ഫ്രന്ന-ാംപ്രതിയും വ൦-ാം വഫ്ര-ാം പ്രതികളുടെ രക്ഷകർത്താവ് ഫ്രൻ-ാംപ്രതിയും വന-ാം വർ-ാം വ൫-ാം പ്രതികളുടെ രക്ഷകർത്താവ് വവ-ാംപ്രതിയും വൻ-ാം ന൦-ാം പ്രതികളുടെ രക്ഷകർത്താവ് വ൬-ാംപ്രതിയും, നവ ാംപ്രതിയുടെ രക്ഷകർത്താവ് നഫ്ര-ാംപ്രതിയും നർ-ാം ന൫-ാം പ്രതികളുടെ രക്ഷകർത്താവ് നന-ാംപ്രതിയും ർഫ്ര-ാം ർവ-ാം ർന ാം പ്രതികളുടെ രക്ഷകർത്താവ് നന്ന-ാംപ്രതിയും ർ൬ മുതൽ ൫൦ വരെ പ്രതികളുടെ രക്ഷകർത്താവ് ർർ-ാംപ്രതിയും ൫വ-ാം ൫ന-ാം പ്രതികളുടെ രക്ഷകർത്താവ് ൫ഫ്ര-ാംപ്രതിയും ൫൬-ാംപ്രതിയുടെ രക്ഷകർത്താവ് ൫ന്ന-ാം പ്രതിയും ന്ന൦-ാംപ്രതിയുടെ രക്ഷകർത്താവ് ൫ൻ-ാംപ്രതിയും ന്നർ മുതൽ ന്നൻ വരെ പ്രതികളുടെ രക്ഷകർത്താവ് ന്നവ-ാം പ്രതിയും ൬ മുതൽ ൭൫ വരെ പ്രതികളുടെ രക്ഷകർത്താവ് ൬൦-ാംപ്രതിയുമാകുന്നു.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

കേസ്സ് വീണ്ടും ഫയലിൽ എടുത്തു വ്യ൬-ാം വ്യവ്യ-ാം പ്രതികളെ കൂട്ടത്തലായി കക്ഷിചേർത്തു ഫ്രൻ-ാം വ൦-ാം വഫ്ര-ാം വ്യ൬-ാം വ്യവ്യ-ാം പ്രതികളുടെ ഓഹരി വീതിച്ചുകിട്ടണമെന്നും മററും ടി പ്രതികൾ ഫ്രഫ്രവഫ്ര-ാമാണ്ടവക സി. എം. പി. ൻ൬വ്യ-ാം ൻ൬ൻ-ാം ൻർഫ്ര-ാം നമ്പരുകളായി ബോധിപ്പിച്ചിരിക്കുന്ന ഹർജിസംഗതികൾ വിചാരണയ്ക്കു വച്ചിരിക്കുന്ന ഫ്രഫ്രവവ ആടി ന-ാംനു- പകൽ ഫ്രഫ്ര മണിക്ക കക്ഷികൾ നേരിട്ടോ അധികാരപ്പെട്ടത്തിയ ഏജൻറാ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ഹർജിക്കാർക്ക് അനുകൂലമായി ഹർജിസംഗതി തീരുമാനിക്കപ്പെടുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ് ഗുമസ്താ (ഒപ്പ്)
ഫ്രഫ്രവവ മീനം ഫ്ര-ാംനു-

—o—

## പരസ്യം

—o—

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ
ഫ്രൻവ്യ-ൽ സിവിൽനമ്പ്ര വഫ്ര

വാദി—മാടപ്പള്ളിപകുതിയിൽ തൃക്കൊടിത്താനംമുറിയിൽ മങ്ങാട്ടുവീട്ടിൽ ചാണ്ടപ്പിള്ള ദേവസ്യാം.

വാദിവക്കീൽ പി. രാഘവൻപിള്ള.

പ്രതികൾ— ഫ്ര-ാംപ്രതി മാടപ്പള്ളിപകുതിയിൽ തൃക്കൊടിത്താനംമുറിയിൽ മണ്ണാംകുന്നേൽ ചാക്കോ മിഖായേൽ(മരിച്ചു) അവകാശികൾ ർ-മുതൽ ഫ്ര൦-വരെ പ്രതികൾ. വ-ാംപ്രതി ടിയിൽ ചാക്കോ വറുഗീസു (മരിച്ചു) അവകാശികൾ ഫ്രഫ്ര മുതൽ ഫ്രന വരെ പ്രതികൾ. ന-ാംപ്രതി ടിയിൽ ചാക്കോ മറിയ (മരിച്ചു അവകാശി ഫ്രർ-ാംപ്രതി. ർ-ാംപ്രതി ടിയിൽ മിഖായേൽ മറിയ (മരിച്ചു) അവകാശി ൫-ാം ന്ന-ാം വ്യ-ാം പ്രതികൾ. ൫-ാംപ്രതി ടിയിൽ മിഖായേൽ മത്തു. ന്ന-ാംപ്രതി ടിയിൽ മിഖായേൽ ക്ലാര. ൬-ാംപ്രതി ടിയിൽ മിഖായേൽ ത്രേസ്യാ (മരിച്ചു) അവകാശി ർ-ാം ൫-ാം ന്ന-ാം വ്യ-ാം പ്രതികൾ. വ്യ-ാംപ്രതി മൈനർ മിഖായേൽ ഏലി. രക്ഷകർത്താ ഫ്ര൦-ാംപ്രതി. ൻ-ാംപ്രതി ടിയിൽ മിഖായേൽ അന്ന (മരിച്ചു) അവകാശി ർ-ാം ൫-ാം ന്ന-ാം വ്യ-ാം ഫ്ര൦-ാം പ്രതികൾ. ഫ്ര൦-ാംപ്രതി ർ-മുതൽ ഫ്ര൦ വരെ പ്രതികളുടെ മാതാവ് ടിയിൽ മിഖായേൽ ഏലി. ഫ്രഫ്ര ാംപ്രതി ടിയിൽനിന്നും ചങ്ങനാശേരി പെരുന്ന കിഴക്കുംമുറിയിൽ തടത്തിൽ മൈനർ വറുഗീസു മറിയം. ഫ്രവ-ാംപ്രതി ടിയിൽ മൈനർ വറുഗീസു ഔസേപ്പ്. ഫ്രന-ാംപ്രതി ഫ്രഫ്ര-ാം ഫ്രവ-ാം പ്രതികളുടെ മാതാവ് ടിയിൽ വറുഗീസ് ഏലി. ഫ്രഫ്ര-ാം ഫ്രവ-ാം പ്രതികളുടെ രക്ഷകർത്താവ് ഫ്രന-ാംപ്രതി. ഫ്രർ-ാംപ്രതി ടി മണ്ണാംകുന്നേൽ ചാക്കോ ഔസേപ്പ്(മരിച്ചു) അവകാശികൾ മററു പ്രതികൾ, (൫-ാം ന്ന-ാം വ്യ-ാം ഫ്ര൦-ാം ഫ്രഫ്ര-ാം ഫ്രവ-ാം ഫ്രന-ാം.)

ടി ൫-ാം ന്ന-ാം വ്യ-ാം ഫ്ര൦-ാം ഫ്രഫ്ര-ാം ഫ്രവ-ാം ഫ്രന-ാം പ്രതികളെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പർ പ്രകാരം കിട്ടേണ്ട വസ്തുക്കൾ നടത്തിക്കൊടുക്കുന്നതിനു വാദി അപേക്ഷ ബോധിപ്പിച്ചുതന്നവതിൽ വസ്തു നടത്തിക്കൊടുക്കുന്നതിനായി ഫ്രഫ്രവവ-ാമാണ്ട കർക്കടകമാസം ൬-ാംതീയതിക്ക് അവധിവച്ചിരിക്കുന്നതിനാൽ അതേസംബന്ധിച്ചു നിങ്ങൾക്കു വല്ല ആക്ഷേപവുമുണ്ടെങ്കിൽ ആയതു ഫ്രവവ-ാമാണ്ട കർക്കടകമാസം വ-ാംതീയതി ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
ഫ്രവവ-ാമാണ്ട മിഥുനമാസം ൻ-ാംനു-

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്ക നോട്ടിസ്സ്

കാഞ്ഞിരപ്പള്ളി മുൻസിഫ് കോർട്ടിൽ
ഫ്രഫ്രവ-ാമാണ്ട് സി. ൬

വാദി:—അകലക്കുന്നംപകുതിയിൽ എളങ്ങുളംകരയിൽ മഞ്ഞപ്പള്ളിൽ വീട്ടിൽ നാരായണപിള്ള രാമകൃഷ്ണപിള്ള.

പ്രതികൾ:—ന. കിടങ്ങൂർപകുതിയിൽ പിറയാർ കരയിൽ ഇരുട്ടുകുഴിയിൽ പരമേശ്വരൻപിള്ള ഭാസ്കരൻനായർ. ർ. ടിയിൽ പരമേശ്വരൻപിള്ള. ൫. ടിയിൽ പാപ്പിയമ്മ ഭാർഗ്ഗവിയമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പ്ര ഡിക്രിവിധി നടത്താനനുവദിച്ചുതരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ഫ്രഫ്രവഫ്ര-ാമാണ്ട് സിവിൽ ഇ. പി. ൫൬൬-ാംനമ്പർ ഹർജി സംഗതി ഫ്രവവ-ാമാണ്ട് ആടിമാസം ന-ാംതീയതി വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേ ദിവസം പകൽ ഫ്രവ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്ത പക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ച ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
ഫ്രവവ-ാമാണ്ട് ഇടവം നഫ്ര-ാംനു-

—o—

## നോട്ടീസ്സ്

വ്യ൦ വ൦.

മീനച്ചൽ മുൻസിഫ് കോർട്ടിൽ.
ഫ്രഫ്രവ്യ-ൽ സിവിൽനമ്പർ ൻവ്യ൦.

വാദി— കമലോദയം ബാങ്ക് ക്ലിപ്തം. മാനേജിംഗ് ഡയറക്ടർ—അകലക്കുന്നം പകുതി ഇളങ്ങുളം കരയിൽ മഞ്ഞപ്പള്ളിൽവീട്ടിൽ എം. രാമകൃഷ്ണപിള്ള.

പ്രതികൾ -ഫ്ര. മീനച്ചൽപകുതി ഇടമററംകരയിൽ പുതുപ്പള്ളിലായ വണ്ടനാനിക്കൽ നീലിയമ്മ ചിരുതയമ്മ. ന. ടിയിൽ കുമാരൻ പരമേശ്വരൻനായർ. ഫ്ര. ടി പകുതി പൂവരണികരയിൽ ആക്കപ്പറമ്പിൽതാമസം പുതുപ്പള്ളിൽ കുമാരൻ നാരായണൻനായർ. ഫ്രന. ടി മുറിയിൽ ആക്കപ്പറമ്പിൽ താമസം കുമാരൻ ഭാസ്കരൻനായർ. ഫ്രർ. ടിയിൽ കല്യാണിഅമ്മ ഭവാനിഅമ്മ. വർ. മീനച്ചൽപകുതി ഇടമററം കരയിൽ പുതുപ്പള്ളിലായ വണ്ടനാനെയിൽ ചിരുതയമ്മ കാർത്ത്യായനിഅമ്മ. വ൫. ടിയിൽ കുമാരൻനായർ പ്രഭാകരൻനായർ. നഫ്ര. മീനച്ചൽ ഇടമററം കരയിൽ വണ്ടനാനിക്കൽ നാരായണൻ നാരായണൻനായർ. ർന. ടി കരയിൽ പുതുപ്പള്ളിൽ ഗൌരിഅമ്മ നാരായണിഅമ്മ. ർർ. ടിയിൽ ഗൌരിഅമ്മ മാധവിഅമ്മ. ൫ന. മീനച്ചൽ ഇടമററം കരയിൽ പുതുപ്പള്ളിൽ കിഴക്കെവാകവയലിൽ നീലിയമ്മ നാരായണിഅമ്മ. ൫ർ. ടിയിൽ കൃഷ്ണൻനായർ രാഘവൻനായർ, ൫ന്ന. ടിയിൽ കൃഷ്ണൻനായർ കരുണാകരൻനായർ. ൫൬. ടിയിൽ കൃഷ്ണൻനായർ മോഹനൻനായർ. ന്നഫ്ര. ടി മുറിയിൽ പുതുപ്പള്ളിൽ ജാനകിഅമ്മ കമലാക്ഷിഅമ്മ. ന്നവ. ടിയിൽ കൃഷ്ണൻ ബാലകൃഷ്ണൻനായർ. ന്ന൫. ടിയിൽനിന്നും ടി കരയിൽ ഏറാത്തടത്തു വീട്ടിൽ ചിരുതയമ്മ ഏലച്ചിഅമ്മ. ന്നന്ന. ടിയിൽ നാരായണൻനായർ കൃഷ്ണൻനായർ. ന്ന൬. ടിയിൽ നാരായണൻനായർ വാസുദേവൻനായർ. ന്നവ്യ. ടിയിൽ ഏലച്ചിഅമ്മ മാധവിഅമ്മ. ന്നൻ. മീനച്ചൽ എടമററംകരയിൽ വരകപ്പള്ളിൽ നാരായണിഅമ്മ ലക്ഷ്മിഅമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ വിധിനടത്താൻ അനുവദിക്കണമെന്നു വാദിഭാഗത്തുനിന്നും ബോധിപ്പിച്ചിരിക്കുന്ന ഫ്രറഹർജിസംഗതി ഫ്രഫ്രവവ-ാമാണ്ട് ആടിമാസം ൻ-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ഫ്രഫ്ര മണിക്ക് കക്ഷിയോ വക്കീലോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണമെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
ഫ്രഫ്രവവ ആനിമാസം ഫ്ര൦-ാംനു-

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തിയതിയെക്കുറിച്ച് എതൃകക്ഷിക്ക കക്ഷിചേക്കാൻ നോട്ടീസ്

ചേർത്തല മുൻസിഫ് കോർട്ടിൽ
ഫ്രഫ്രൻ-ാമാണ്ട് സി ഫ്ര൦വ്യ൬.

ഹർജിക്കാർ—തെക്കാട്ടുശേരി മുറിയിൽ തെക്കാട്ടുശേരി നായർകരയോഗത്തിനുവേണ്ടി കുന്നെങ്കാട്ട തെക്കേവീട്ടിൽ രാമൻ കൃഷ്ണൻനായർ മുതൽപേർ.

പ്രതി—ന്ന. കോടന്തുരുത്തു മുറിയിൽ തോട്ടാപ്പള്ളിൽ താമസിക്കും തൈവേലിക്കകത്തു ഉലഹന്നാൻ ദേവസ്യായെ തെര്യപ്പെടുത്തുന്നതു്.

കൂട്ടതൽ വാദികളായി കക്ഷിചേർത്തു ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ഫ്രഫ്രവവ ാമാണ്ട സിവിൽ വവവ്യ-ാം നമ്പർ ഹർജിസംഗതി ഫ്രഫ്രവവ-ാമാണ്ട് ആടിമാസം വ-ാംനു- വിചാരണവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ഫ്രവ മണിക്ക കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)
ഫ്രവവ ആനി ഫ്രന്ന-ാംനു-

—o—

## പരസ്യം

(ഒന്നാംഭാഗത്തിൽ)

മാവേലിക്കര ജില്ലാക്കോർട്ടിൽ

൧൧൨൨-ൽ ഡി. ആർ. ഏ. ൧൨

ഹർജിക്കാരൻ—തിരുവല്ലാപകുതിയിൽ പുന്നക്കുന്നംമുറിയിൽ വാരിക്കാട്ടുപടിഞ്ഞാറേവീട്ടിൽ കുഞ്ഞുവർക്കി

എതൃകക്ഷികൾ—൧ കാഞ്ഞിരപ്പള്ളി വടക്കുപകുതിയിൽ ചേനപ്പാടിമുറിയിൽ മണങ്ങല്ലൂചേരിക്കലിൽവെളിച്ചവയലിൽ താമസം മൈതീൻപീരമ്മ ൨. ടിമുറിയിൽ ആയിക്കാട്ടു മൈതീൻമഹമ്മദുമ്മ ൩. ടി മുറിയിൽ പാറേപ്പള്ളിൽ അശനിപ്പാത്തുമ്മാ ൪ ടിയിൽ മൈതീൻമത്താണി ഉമ്മാ ൫ തിരുവല്ലാപകുതിയിൽ, പുന്നക്കുന്നംമുറിയിൽ വാരിക്കാട്ടുപടിഞ്ഞാറേ വീട്ടിൽ കുഞ്ഞുഞ്ഞു എന്നുവിളിക്കുന്ന കോരുളവർക്കി ൬ ടിയിൽ കരുവിളഅബ്രഹാം ൭ ടിയിൽ കരുവിളജോൺ ൮ ടിയിൽ കരുവിളമത്തായി ൯ പത്തനംതിട്ടതാലൂക്കിൽ വള്ളിക്കോട്ടുപകുതിയിൽ പ്രമാടം മുറിയിൽ കാഞ്ഞിരംനിൽക്കുന്നതിൽ ഇടിക്കുളസഖറിയ.

ടി എതൃകക്ഷികളെ തെര്യപ്പെടുത്തുന്നത്

൧൯൦൮-ലെ കടനിവാരണആക്ട് ൧൩-ം ൧൨-ം ൧൮-ം ൧൯-ം വകുപ്പുകളനുസരിച്ചു പട്ടികവസ്തുക്കളുടെ നാലിൽ മൂന്നുഭാഗം എതൃകക്ഷികൾക്കു കൊടുത്തും നാലിൽ ഒരുഭാഗം നിർബാധമായി കൊടുപ്പിക്കണമെന്നും മററും ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ടി നമ്പ്രഹർജി സംഗതി ൧൧൨൨-ാമാണ്ട് ആടിമാസം ൨൧-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അതേപ്പററി എതൃകക്ഷികൾക്കോ മററാക്കെങ്കിലുമോ ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ ൧൧ മണിക്കു നേരിട്ടോ അധികാരപ്പെടുത്തപ്പെട്ട അഡ്വക്കേററോ വക്കീലോ മുഖാന്തിരമോ ഈ കോടതിമുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിച്ചുകൊള്ളണം. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജിസംഗതി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം

ശിരസ്തദാർ (ഒപ്പ്)

൧൧൨൨-ാമാണ്ട് ആനിമാസം ൧൬-ാംനു-

—o—

## പരസ്യം

കൊട്ടാരക്കരമുൻസിഫ്കോർട്ടിൽ

൧൧൩ സി ൩൮൫

വാദി—കൊട്ടാരക്കര തൃക്കണ്ണമങ്കൽ കടലായിമനയ്ക്കൽ മൂത്തിനാരായണനമ്പൂതിരിപ്പാട്.

പ്രതികൾ—൧. വെളിയം പകുതിയിൽ പടിഞ്ഞാററുംകരമുറിയിൽ പാലൂരവീട്ടിൽ കണ്ണൻ നീലകണ്ഠൻ, ൨. ടിയിൽ കണ്ണൻ കേശവൻ, ൩. ടി പകുതിയിൽ കിഴക്കേക്കരമുറിയിൽ വാഴോട്ടുവീട്ടിൽ ശങ്കരപ്പിള്ള കേശവപിള്ള, ൪. വെളിനല്ലൂപകുതിയിൽ ഉഗ്രംകുന്നു മുറിയിൽ കീഴൂട്ടുവീട്ടിൽ നാരായണപിള്ള കേശവപിള്ള, ൫. എഴുകോൺപകുതിയിൽ പാർവ്വത്യം രാമകൃഷ്ണപിള്ള, ൬. വെളിയംപകുതിയിൽ മരുതമൺപള്ളിമുറിയിൽ പേഴുംവിളയിൽ ഗോവിന്ദപ്പിള്ള കേശവപിള്ള, ൭. ടി പകുതിയിൽ പടിഞ്ഞാററുംകരമുറിയിൽ പുത്തൻവീട്ടിൽ കേശവപിള്ള പത്മനാഭപിള്ള, ൮. ടിയിൽ കുഞ്ഞുലക്ഷ്മിഅമ്മ നാരായണിഅമ്മ ൯. ടിയിൽ നാരായണിഅമ്മ ദേവകിഅമ്മ. ൧൦ ടിയിൽ ശങ്കരപ്പിള്ള രാഘവൻപിള്ള, ൧൧. ടിയിൽ ശങ്കരപ്പിള്ള ഗോപാലപിള്ള.

വാദിയേയും ൫-ാംപ്രതി ഒഴിച്ചുള്ള മറെറ പ്രതികളെയും തെര്യപ്പെടുത്തുന്നത്

ടി നമ്പരിൽ ൫-ാംപ്രതിയുടെ മേൽ ഉണ്ടായിട്ടുള്ള എക്സ്പാർട്ടിവിധിയെ ദേദപ്പെടുത്തിക്കിട്ടണമെന്നു ൫-ാംപ്രതി അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതിനാൽ അതേപ്പററി ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം കക്ഷികൾക്കോ അധികാരം സിദ്ധിച്ച വക്കീൽ അവർകളോ വിചാരണദിവസമായ ൧൧൨൨ ആടിമാസം ൧൨-ാംനു- പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം. അല്ലാത്തപക്ഷം കക്ഷികളെ കൂടാതെ ഹർജിസംഗതി തീരുമാനിക്കുന്നതാണ്.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൨൦-൧൧-൧൧൨൨.

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

Order XXI R. 20

മാവേലിക്കരമുൻസിഫ്കോർട്ടിൽ

൧൧൧-ാമാണ്ട് സിവിൽ ൪൮൯

വാദി—തിരുവിതാംകൂർ സ്റ്റേററ് എയിഡഡ് ബാങ്ക് ക്ലിപ്തം ആലപ്പുഴ എന്നേഴുതിവന്ന ദി സെൻട്രൽബാങ്കിംഗ്കാർപ്പറേഷൻആഫ്ട്രാവൻകൂർ Ltd. ആലപ്പുഴ

പ്രതികൾ—൧. കണ്ണമംഗലംപകുതിയിൽകടവൂർമുറിയിൽ ചാങ്കരവീട്ടിൽനിന്നും കരട്ടിശേരിപകുതിയിൽ ടി മുറിയിൽ ഒരിപ്പുക്കാട്ടുവീട്ടിൽ താമസം പത്മനാഭപിള്ളനാരായണപിള്ള, ൨. മാന്നാർപകുതിയിൽ പാവുക്കര മുറിയിൽ കന്നാമ്പിള്ളിൽനിന്നും കരട്ടിശ്ശേരി പകുതിയിൽ ടി മുറിയിൽ ഒരിപ്പുക്കാട്ടുവീട്ടിൽ ഗോവിന്ദപ്പിള്ള വിക്രമൻപിള്ള.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്.

ടി നമ്പ്ര വിധിനടത്താൻ അനുവദിച്ചു ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട Exn Petn ൩൧-ാംനമ്പർഹർജിസംഗതി ൧൧൨൨-ാമാണ്ട് ആടിമാസം ൬-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨-ാമാണ്ട് ആനിമാസം ൯-ാംനു-

—o—

## പരസ്യനോട്ടീസ്

—o—

സിവിൽനടപടിനിയമത്തിന്റെ ആഡർ ൨൧ റൂൾ ൬൯

വകുപ്പ്

പത്തനംതിട്ട മുൻസിഫ്കോർട്ടിൽ

അട്ടൂർ ൧൧൦൬-ാമാണ്ട സി. ൨൧൬-ാനമ്പർ

അന്യവ്യവഹാരം

൧൧൯-ൽ വിധിനടത്തു

ഹർജിനമ്പർ ൪൮൨

ഡേവർവാദി—നെയ്യാററുങ്കര താലൂക്കിൽ അതിയന്നൂർപകുതിയിൽ വെൺപകൽദേശത്തു തോട്ടാവ ളാകത്തുവീട്ടിൽ ഗോവിന്ദപ്പിള്ള കേശവപിള്ള.

പ്രതികൾ—൧. ഓമല്ലൂർ മണക്കര മുറിയിൽ പടിഞ്ഞാറേമേലേത്തു നീലകണ്ഠൻ കൃഷ്ണൻ. ൨. ടിയിൽ കൃഷ്ണൻ നാരായണൻ. ൩. ടിയിൽ കൃഷ്ണൻ ഗോവിന്ദൻ. ൪. ടിയിൽ കൃഷ്ണൻ രാഘവൻ. ൫. ടിയിൽ മൈനർ കുഞ്ഞുപെണ്ണു ഭാരതി. ൬. ടിയിൽ മൈനർ കുഞ്ഞുപെണ്ണു മീനാക്ഷി. ൭. ടിയിൽ നീലകണ്ഠൻ നാരായണൻ. ൮. പാർവ്വതി നാരായണി. ൯. ടിയിൽ നാരായണൻ ഗോപാലൻ. ൧൦. ടിയിൽ നാരായണി പാർവ്വതി. ൧൧ ടിയിൽ ലക്ഷ്മി ഗൗരി. ൧൨. ടിയിൽ പാർവ്വതി കാർത്ത്യായനി. ൧൩. ടിയിൽ കാർത്ത്യായനി ജാനകി. ൧൪. ടിയിൽ ചക്കി ലക്ഷ്മി. ൧൫. ടിയിൽ നീലകണ്ഠൻ രാഘവൻ ൧൬. ടിയിൽ ലക്ഷ്മി കുട്ടി. ൧൭. ടിയിൽ കുട്ടി ഗൗരി. ൫-ം ൬-ം മൈനർ പ്രതികളുടെ രക്ഷകർത്താവ് ൧-ാംപ്രതി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയുംമററും വ്യവസ്ഥപ്പെടുത്തുന്നതിന് ൧൧൨൨-ാമാണ്ട് ആനിമാസം ൬-ാംനു-ക്കു അവധിനിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨-ാമാണ്ട

ആനമാസം ൧൮-ാം നു-

—o—

## സിവിൽപലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

—o—

കരുനാഗപ്പള്ളിമുൻസിഫ്കോർട്ടിൽ

൧൧൩-ാമാണ്ട സിവിൽ ൫

വാദി—ചേപ്പാട്ടുപകുതി ടി കിഴക്കുംമുറി ചേമത്തുനിന്നും കരുനാഗപ്പള്ളിപകുതി പടനായർകുളങ്ങര തെക്കുംമുറി പനമൂട്ടിൽ ഗീവറുഗീസുഉമ്മൻ

പ്രതികൾ—൨ അമ്പലപ്പുഴ പുറക്കാട്ടു പകുതി ടി മുറിയിൽ പട്ടരുകളത്തിൽ ൨൭ പ്രേസിൽനൊറോഞ്ഞു, ൩. ടിയിൽ ലയോഞ്ഞുനൊറോഞ്ഞ, ൪ ടിയിൽ ഹെൻറിനൊറോഞ്ഞു, ൫ ടിയിൽ മാത്യൂനൊറോഞ്ഞു, ൬ ടിയിൽ വിത്സൻറനൊറോഞ്ഞു, ൧൧ ടിയിൽ വിക്ടോറിനൊറോഞ്ഞു.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്.

വാദി കേസ്സ് ആലപ്പുഴ മുൻസിഫ് കോർട്ടിലേയ്ക്കു അയയ്ക്കാൻ ഉത്തരവുണ്ടാകണമെന്നും മററും ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട ഐ. പി. ൩൧-ാംനമ്പ്ര ഹർജിസംഗതി ൧൧൨൨-ാമാണ്ട ആടിമാസം ൨-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവുംപ്രകാരം

കെ. രാഘവൻനായർ

ഹെഡ്ഗുമസ്താ (ഒപ്പ്)

൩-൧൧-൨൨

—o—

## പരസ്യം

—o—

ആററിങ്ങൽ മുൻസിഫ്കോർട്ടിൽ

൧൧൨൮ സി ൮൯൮

ക്രു: വാദി-൩-ാംവാദി- ടികോടതിയിൽ ൧൧൩ സിവിൽ ൪൦-ാംനമ്പരിൽ റിസീവർ ടി കോടതിവക്കീൽ എസ്സ്. സുബ്രഹ്മണ്യയ്യർ.

പ്രതികൾ—൨. താഴൂർപകുതിയിൽ പെരുങ്ങുഴിദേശത്ത് മണക്കാട്ടുവീട്ടിൽ പരമേശ്വരൻ ദാമോദരൻ ൫.

ടി പ്രതികളെ തെര്യപ്പെടുത്തുന്നത്

ടി നമ്പരിൽ വിധിസംഖ്യയ്ക്കുവേണ്ടി താഴൂർപകുതിയിൽ സർവ്വെ ൩൦൩൦-ൽ ൧ ഏക്കർ ൫൯ സെൻറും ടിയിൽ നില്പുള്ള കെട്ടിടം ൧-ം ടിയിൽ സർവ്വെ ൫൬൭-ൽ ൧ ഏക്കർ ൩൩ സെൻറുള്ള പുരയിടം ഒന്നും ടിയിൽ സർവ്വെ ൪൩൧-ൽ ൧൩ സെൻറുള്ള നിലവും സർവ്വെ ൫൧൩-ൽ ൧൯ സെൻറുള്ളനിലവുംസർവ്വെ ൩൦൫൧-ൽ ൬൪ സെൻറുള്ള തടി നിലം ൨ പറ ൧-ം സർവ്വെ ൩൦൪൮-ൽ ൪൯ സെൻറുള്ള നിലവും സർവ്വെ ൨൨൧൮-ൽ ൬൫ സെൻറുള്ളപുരയിടവും കെട്ടിടവും സർവ്വെ ൨൩൦൯-ൽ ൪൮ സെൻറുള്ള പുരയിടവും സർവ്വെ ൨൩൦൮-ൽ ൩൦ സെൻറുള്ള പുരയിടവും സർവ്വെ ൨൫൬൩-ൽ ൬൫ സെൻറുള്ള പുരയിടവും ടിയിൽ സർവ്വെ ൨൫൬൪-ൽ ൫൦ സെൻറുള്ള പുരയിടവും കെട്ടിടവും സർവ്വെ ൨൩൦൭-ൽ ൯൩ സെൻറുള്ള പുരയിടവുംകൂടി ൧൭൧൭ അരയ്ക്കാൽ പണമായി ൧൨൨ ആടമാസം ൨-ാംനു- പകൽ ൧ മണിക്കു ഈ കോടതിമുമ്പാകെവച്ചു പരസ്യമായി ലേലത്തിൽ വില്പിക്കപ്പെടുന്നമെന്നുള്ള വിവരം ഇതിനാൽ പരസ്യപ്പെടുത്തുന്നതാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൮-൧൧-൨൨

—o—

## പരസ്യം

—o—

മീനച്ചൽ മുൻസിഫ്കോർട്ടിൽ

൧൨൦-ൽ സിവിൽനമ്പ്ര ൨൯൬

വാദി—പുലിയന്നൂർപകുതിയിൽ വലവൂർമുറിയിൽ ചെമ്പകശ്ശേരിലായ മല്ലശേരിൽനിന്നും ടി പകുതിയിൽ ഇടനാട്ടുമുറിയിൽ, തെങ്ങുംതോട്ടത്തിൽപാക്കും ലക്ഷ്മിഅമ്മ കാർത്ത്യായനിഅമ്മ.

അഡ്വക്കേററ് മിസ്റ്റർ റ്റി. ഏ തൊമ്മൻ.

൨-ാംപ്രതി—കിടങ്ങൂർപകുതിയിൽ കിടങ്ങൂർകരയിൽ മങ്ങാട്ട്വീട്ടിൽ കൃഷ്ണൻനായർ ഭാസ്കരൻനായർ

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്

മേൽനമ്പർ അന്യായസംഗതിയിൽ ൨-ാംപ്രതിക്ക് പല പ്രാവശ്യവും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ, കേസ്സ് വീണ്ടും വിചാരണക്കായി ൧൧൨൨-ാമാണ്ട് കർക്കടകമാസം, ൬-ാംനു-ക്ക് അവധിവച്ചിട്ടുള്ളതും, അന്യായസംഗതിയിൽ, ൨-ാംപ്രതിക്ക് തർക്കമുള്ളപക്ഷം വിചാരണദിവസം പകൽ, ൧൧ മണിക്ക് ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം, രണ്ടാംപ്രതിയെക്കൂടാതെ മേൽനമ്പർകേസ്സ് തീരുമാനിക്കുന്നതുമാകുന്നെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨൨ മിഥുനം ൧൬-ാംനു-

—o—

## പരസ്യം

കൃഷ്ണപുരം മുൻസിഫ്കോർട്ടിൽ

൧൧൨൨-ാമാണ്ട സിവിൽനമ്പ്ര ൫൯

വാദി—പെരിനാട്ടു പകുതിയിൽ കുമ്പള തെക്കുംമുറിയിൽ കടവിൽ മനയ്ക്കൽ വീട്ടിൽനിന്നും ബ്രിട്ടീഷ് സെൻട്രൽ എക്സൈസ് സബ് ഇൻസ്പെക്ടർ ഫ്രാങ്ക്ജോസഫ് ഹിക്കമാൻ ററിമത്തിഫിലിപ്പ് ഹിക്കമാൻ.

പ്രതികൾ—൧. പുതുപ്പള്ളി പകുതി അഴീക്കൽ തുറയിൽ മാത്തശ്ശേരിൽ വേലായുധൻ കുമാരൻ. ൨. ടിയിൽ വെളുത്തകുഞ്ഞു രാജമ്മ. ൩. ടിയിൽ വെളുത്തകുഞ്ഞു ലക്ഷ്മി. ൪. ടിയിൽ വെളുത്തകുഞ്ഞു തങ്കമ്മ.

മേൽപറഞ്ഞ പ്രതികളുടെ മേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിനുത്തരം ബോധിപ്പിക്കാനായി ൧൧൨൨-ാമാണ്ട ആടിമാസം ൬-ാംനു- വെള്ളി, പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ പ്രതിതന്നെയോ അല്ലെങ്കിൽ വ്യവഹാരത്തെക്കുറിച്ചു ചോദിക്കുന്ന സാരമായ എല്ലാ ചോദ്യങ്ങൾക്കും ഉത്തരംപറവാൻ തക്കവണ്ണം വേണ്ടുന്ന അറിവു കേട്ടുകൊള്ളപ്പെട്ടതോ അല്ലെങ്കിൽ ആവക എല്ലാ ചോദ്യങ്ങൾക്കും ഉത്തരംപറവാൻ ശേഷിയുള്ള മററു വല്ല ആളോടുകൂടി വരുന്നതോ ആയ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽമുഖാന്തിരമോ ഹാജരായിരിക്കയും വേണം. മേൽപറഞ്ഞ ദിവസം പ്രതി ഹാജരാകാതിരുന്നാൽ പ്രതിയെ കൂടാതെ വാദസംഗതികളെ നിശ്ചയപ്പെടുത്തുന്നതും (വ്യവഹാരം വിചാരണചെയ്തു തീർച്ചയാക്കുന്നതും) ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨൨ ആനി ൧൧-ാംനു-

—o

## നോട്ടീസ്

Rule 20.

മീനച്ചൽ മുൻസിഫ്കോർട്ടിൽ

൧൧൧൯-ൽ സിവിൽനമ്പർ ൭൦

വാദി—ആലങ്ങാട്ടുതാലൂക്കിൽ പാറകടവുപ്രവൃത്തിയിൽ കരിപ്പാശേരിമുറിയിൽ പൈമ്മേലിൽനിന്നും മീനച്ചൽപകുതി വെള്ളിമേപ്പള്ളി കരയിൽ ആക്കൽവീട്ടിൽ പാക്കം അയ്യപ്പൻ നാരായണൻനായർ.

പ്രതി—അമ്പലപ്പുഴതാലൂക്കിൽ പുളിങ്കുന്നുപ്രവൃത്തിയിൽ കണ്ണാടിപടിഞ്ഞാറുമുറിയിൽ പതിനഞ്ചിൽ പുത്തൽവീട്ടിൽ നീലകണ്ഠപ്പിള്ള ശിവരാമൻനായർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്

മേൽനമ്പ്ര വിധിനടത്താൻ അനുവദിക്കണമെന്ന് വാദി ബോധിപ്പിച്ചിരിക്കുന്ന ഹ്രോ-ർജിക്കു ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ വിചാരണദിവസമായ ൧൧൨൨-ാമാണ്ട ആടിമാസം ൬-ാംതീയതി പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണമെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨ ആനി ൬-ാംതീയതി

— o —

# 'ഓസ്ട്രസിസം'

(കാവാലം കേശവൻനായർ ബി. എ.)

പ്രാചീന ആഥൻസിൽ നടപ്പിലിരുന്ന ഒരു ശിക്ഷയാണ് 'ഓസ്ട്രസിസം' (Ostiacism) ഇതു ക്രിസ്തുകാലത്തേക്കുള്ള നാട്ടുകടത്തൽ ആണ്. ബഹിഷ്കരണശിക്ഷ എല്ലാ ജനസമുദായങ്ങളുടെ ഇടയിലും പതിവുണ്ടായിരുന്നു, ഇന്നും നടപ്പുണ്ട്. കാലദേശവ്യത്യാസങ്ങളനുസരിച്ച് ചില വ്യത്യാസങ്ങൾ ഉണ്ടെന്നുമാത്രം. ആധുനികലോകത്തിനു പരിചയമുള്ള 'കപ്പിറ്റൽ പണിഷ്മെന്റ്' ഒരുതരം നാട്ടുകടത്തലാണല്ലൊ. അങ്ങിനെ താല്ക്കാലിക ബഹിഷ്കരണങ്ങളും, ആജീവനാന്തബഹിഷ്കരണങ്ങളും ആഥൻസിലെ ഓസ്ട്രസിസത്തിനും, മററുള്ള ദേശങ്ങളിലെ ബഹിഷ്കരണശിക്ഷയ്ക്കും തമ്മിൽ ഉത്തരദക്ഷിണധ്രുവങ്ങൾപോലുള്ള അന്തരം ഉണ്ട്. ഭരണയന്ത്രത്തിന്റെ അപ്രതിഹതമായ നടത്തിപ്പിനുവേണ്ടി പൌരസമ്മതത്തോടുകൂടിയാണ് അവിടെ പൌരന്മാരെ നാട്ടുകടത്തിയിട്ടുള്ളതു്. ഒരിടത്തു പൊതുജനങ്ങളൊ,-പൊതുജനാഭിപ്രായമോ-അറിയാതെ ഒരു പൌരനു് നാട്ടുകടത്തൽശിക്ഷ നൽകിവന്നിരുന്നെങ്കിൽ മററു ദേശങ്ങളിൽ പൊതുജനസമ്മതി ആരായാതെയും പൊതുജനാഭിപ്രായം പ്രകടിപ്പിക്കുന്നതുകൊണ്ടും ആളുകളെ നാട്ടുകടത്തുന്നു. രാജ്യഭ്രഷ്ടരാക്കപ്പെടുന്നവരുടെ സ്ഥാനമാനങ്ങളും സ്വത്തുക്കളും ആഥൻസിൽ സംരക്ഷിച്ചുവന്നിരുന്നു. ശിക്ഷാനന്തരം തിരിച്ചുവരുമ്പോൾ അവർക്ക് അവരുടെ പഴയ പൌരത്വം ലഭിക്കയും ചെയ്യും.

ആഥൻസിൽ മാത്രമല്ല, മിലററസ് തുടങ്ങിയ പ്രഖ്യാതങ്ങളായ ഇതര യവനനഗരരാജ്യങ്ങളിലും ഈ ശിക്ഷ നടപ്പുണ്ടായിരുന്നു. രാജ്യത്തിലെ ഭരണയന്ത്രത്തിന്റെ ഒരംഗമായി നിലനിന്നിരുന്നതിനാൽ—പ്രവർത്തിച്ചു വന്നിരുന്നതിനാൽ—ഇതും ഒരു സ്ഥാപനമായി ഗണിക്കപ്പെട്ടുപോന്നു. ഓടിന്റെ കഷണം എന്നർത്ഥമുള്ള 'ഓസ്ട്രക്കോൺ' എന്ന ധാതുവിൽ നിന്നാണ് 'ഓസ്ട്രസിസം' എന്ന വാക്കിന്റെ ഉത്ഭവം. പൌരന്മാർ 'ഓസ്ട്രസിസ'ത്തിനായി അവരുടെ സമ്മതം രേഖപ്പെടുത്തിവന്നതു് സംധാരണയായി ഓടിന്റെ കഷണത്തിലോ വല്ല ചിപ്പികളിലോ ആയിരുന്നു. ആർക്ക് എതിരായി കൂടുതൽ വോട്ട് ചെയ്യുന്നുവോ—ആരുടെ പേരിലാണോ കൂടുതൽ വോട്ട് നടന്നിട്ടുള്ളതു്—അയാൾ നാട്ടുകടത്തലിനു വിധേയനാണ്. വോട്ടുനടന്ന തീയതിമുതൽ പത്തുദിവസത്തിനകം രാജ്യത്തുനിന്നു പൊയ്ക്കൊള്ളുകയും വേണം. എന്നാൽ രാജ്യഭ്രഷ്ടിന് കാലാവധിയുണ്ടായിരുന്നു. പത്തുകൊല്ലം കഴിയുമ്പോൾ നാട്ടുകടത്തലിന്റെ അവധിതീരും. അപ്പോൾ തിരികെവരാം. എല്ലാ ഭരണവർഷത്തിന്റെയും ആരംഭത്തു് വാരത്തിൽ ഓസ്ട്രസിസം നടത്തണമൊ വേണ്ടയോ എന്നുള്ള കാര്യം ആലോചിക്കുന്നതിനായി അതീനിയൻ അസംബ്ളി കൂടുകപതിവായിരുന്നു. ഭൂരിപക്ഷംതോടുകൂടി വേണമെന്ന് തീരുമാനിക്കുകയാണെങ്കിൽ എട്ടാമത്തു് വാരത്തിൽ അതീനിയന്മാർ ഒരു പൊതുസ്ഥലത്തു് സമ്മേളിച്ചു വോട്ടിംഗ് നടത്തും. എന്നാൽ കുറഞ്ഞപക്ഷം ആറായിരം പൌരന്മാരെങ്കിലും ഇതിൽ പങ്കെടുത്തിരിക്കണം എന്നും നിർബന്ധമുണ്ടായിരുന്നു. അല്ലെങ്കിൽ കോറം തികയുന്നതല്ല. ഇത്തരമൊരു നടപടിയിൽ ഇന്നത്തെയാളുകൾക്ക് അസൂയ തോന്നുമെന്നുള്ളതിൽ തർക്കമില്ല.

'ഏറിയപ്പാഗസ്സ്' എന്നൊരു കൌൺസിൽ ആഥൻസിൽ ഉണ്ടായിരുന്നു. 'പൈസിസ്ട്രാറെറഡു്' കുടുംബത്തിന്റെ അധഃപതനത്തിനുശേഷം ഏകദേശം ഒരു തലമുറക്കാലത്തേക്ക് പ്രസ്തുത കൌൺസിലിന്റെ പ്രവർത്തനം മന്ദീഭവിച്ചുപോലെ കാണപ്പെട്ടു, ഒടുവിൽ അതേപ്പററി ഒന്നുംതന്നെ കേൾക്കാതെയുമായി. ക്ലെയ്സ്തനീസ് എന്നൊരു രാജ്യതന്ത്രജ്ഞൻ അക്കാലത്തു അവിടെ ഉണ്ടായിരുന്നു. അയാൾക്കു പ്രസ്തുത സമിതിയോടുണ്ടായിരുന്ന മനോഭാവം എന്തായിരുന്നെന്ന് ആർക്കും അറിവില്ല. ഇക്കാലത്താണ് ഓസ്ട്രസിസത്തിന്റെ ഉത്ഭവം. ഏറിയപ്പാഗസ് കൌൺസിലിൽ നിക്ഷിപ്തമായിരുന്ന രാഷ്ട്രീയവും ഭരണപരവും ആയ എല്ലാ അധികാരങ്ങളും ഓസ്ട്രസിസത്തിൽ ലയിക്കയും ചെയ്തു. പ്രസ്തുത ഭരണയന്ത്രത്തിന്റെ പ്രധാനചുമതല എതീനിയന ഭരണഘടനയെ സുരക്ഷിതമാക്കയും സ്വേച്ഛാഭരണത്തെ തടയുകയും ആയിരുന്നു. സ്വാധീനശക്തിയുള്ള പൌരന്മാരുടെ അപകടങ്ങളായ പ്രവൃത്തികളിൽനിന്നും രാജ്യത്തെ രക്ഷിക്കേണ്ടഭാരം കാലാന്തരത്തിൽ ജനസഞ്ചയത്തിലേക്ക് കൈമാറി. ഏകദേശം പതിനഞ്ചുകൊല്ലത്തെ ഗാഢമായ പരിചിന്തനത്തിനു ശേഷമാണ് എതീനിയൻ അസംബ്ളി ഓസ്ട്രസിസത്തിന് അംഗീകാരം നൽകിയതു്. തന്റെ ശത്രുവും പൈസിസ്ട്രാറെറഡ് കുടുംബാംഗവുമായ ഏപ്പാർക്കസിനെ ആഥൻസിൽ നിന്നും പുറത്താക്കുന്നതിനുവേണ്ടി ക്ലെയ്സ്തനീസ് കണ്ടുപിടിച്ച ഒരുപായമാണ് ഈ ശിക്ഷാനടപടി എന്നും പറയുന്നു. എങ്കിലും ചരിത്രപ്രസിദ്ധമായ മാരത്തോൺ സമരത്തിന് രണ്ടുകൊല്ലം ശേഷമേ ഇതു് നടപ്പിലായുള്ളു. ആഥൻസിലെ ആദ്യത്തെ ഓസ്ട്രസിസം ബി. സി. ൪൮൭-ലാണ്. അന്നത്തെ തെരഞ്ഞെടുപ്പിൽ സംധുവായ ഏപ്പാർക്കസ് നാട്ടുകടത്തലിന് വിധിക്കപ്പെട്ടു. നാട്ടുവർഷത്തെ തെരഞ്ഞെടുപ്പിൽ പ്രസ്തുതശിക്ഷയ്ക്കു് ഇരയായതു് മെഗാക്ലീസ് ആയിരുന്നു. പ്രസിദ്ധരും പ്രാമാണികരുമായ ഒട്ടനവധി അതീനിയന്മാർ ഈ ശിക്ഷയ്ക്കു് വിധേയരായിട്ടുണ്ട്. അതീനിയൻ കോൺഫെഡറസിയുടെ ഉപജ്ഞാതാക്കളായ സാന്തിപ്പസ്, തെമിസ്റ്റോക്ലിസ്- അർസ്റ്റിഡിസ് എന്ന രാജ്യതന്ത്രജ്ഞരും ഇതേശിക്ഷയനുഭവിച്ചിട്ടുള്ളവരാണ്. (തെമിസ്റ്റോക്ലിസിനെപ്പററിയുള്ള മുൻലേഖനം നോക്കുക.) അഭിപ്രായഭിന്നതയിൽനിന്നും രക്ഷപെടുന്നതിനും ഒരു തീരുമാനത്തിലെത്തിച്ചേരുന്നതിനും വേണ്ടിയാണല്ലൊ ഓസ്ട്രസിസം നടത്തിയിട്ടുള്ളതു്. യഥാർത്ഥ പ്രജായത്തഭരണം (ഡെമോക്രസി) പരിലസിച്ചിരുന്ന പൌരാണിക ആഥൻസിലുംമററും യഥാർത്ഥ ഗവമ്മെണ്ടുകൾ ഉണ്ടായിരുന്നില്ല. അവിടെ കക്ഷികളും കക്ഷിനേതാക്കന്മാരുമാണ് ഭരണം നിർവ്വഹിച്ചു വന്നിരുന്നതു്. തൽകാരണത്താൽ ഭൂരിപക്ഷസമ്മതമായ നയങ്ങൾ നടപ്പിൽ വരാതിരുന്നതിന് പലപ്പോഴും ഒന്നോ രണ്ടോ അധികാരമോഹികളുടെയോ എതിർപ്പ്ധാരാളം മതിയാകുമായിരുന്നു.

അങ്ങിനെ അഭിപ്രായഭിന്നതകൊണ്ടു് നാട്ടുകടത്തപ്പെട്ട അരിസ്റ്റിഡിസിന്റെ കഥ രസാവഹമായിട്ടുള്ളതിനാൽ അല്പം ഉപന്യസിക്കാം.

നീതിമാനായ അരസ്റ്റഡിസ് എന്നാണ് അയാളെ വിളിച്ചുവന്നതു്. ഒരിക്കൽ തെമിസ്റ്റോക്ലിസും അരിസ്റ്റിഡിസുമായി അഭിപ്രായഭിന്നതയുണ്ടായി. അതീനിയൻ നാവികശക്തിയുടെ വിപുലീകരണത്തിനായി ആഥൻസിനെ ഒരു നാവികശക്തിയായി ഉയർത്തുന്നതിനു്—തെമിസ്റ്റോക്ലിസും, കരസൈന്യത്തിന്റെ വർദ്ധനവിനായി അരിസ്റ്റിഡിസും ശക്തിയായി വാദിച്ചു. അങ്ങിനെ ഒരു സ്തംഭനാവസ്ഥ അവിടെ ഉളവായി. അതിൽനിന്നും രക്ഷപെടുന്നതിനായി ഓസ്ട്രസിസം നടത്തണമെന്ന് അതീനിയന്മാർ ഏകോപിച്ചു തീരുമാനിച്ചു. അതിനായി വോട്ടും നടത്തി. പ്രാചീനനും പ്രാമാണികനുമായ പ്ലൂട്ടാർക്ക് എന്ന ചരിത്രകാരൻ അന്നത്തെ തെരഞ്ഞെടുപ്പുകഥ രേഖപ്പെടുത്തിയിട്ടുണ്ട്. വോട്ടിങ്ങ് ദിവസം അരിസ്റ്റഡിസ് ഒരു വഴിയേ നടന്നുപോകുകയായിരുന്നു. അന്നേരം അക്ഷരശൂന്യനായ ഒരു അതീനിയൻ കർഷകൻ അയാളെ സമീപിച്ചു് തന്റെ കൈവശമുണ്ടായിരുന്ന ഓട്ടുകഷണത്തിൽ 'അരിസ്റ്റിഡിസ്' എന്നെഴുതിക്കൊടുക്കണമെന്ന് ആളറിയാതെ ആവശ്യപ്പെട്ടു. അപ്പോൾ അരിസ്റ്റിഡിസ് ആഗതനോട് 'എന്തിനാണ് നിങ്ങളെ അയാൾ വല്ലതും ഉപദ്രവിച്ചിട്ടുണ്ടോ' എന്ന് ചോദിച്ചപ്പോൾ 'ഇല്ല. ഒരിക്കലും ഒരുപദ്രവവും ചെയ്തിട്ടില്ല. ഞാൻ അയാളെ കണ്ടിട്ടുപോലുമില്ല. പക്ഷെ അയാൾ നീതിമാനാണെന്നുള്ള പാച്ചിൽ കേട്ടുവിഷമിച്ചു്' എന്നുമറുവടിയും നൽകി. അപരന്റെ ആഗ്രഹപ്രകാരം അരിസ്റ്റിഡിസ് തന്റെ പേരെഴുതിക്കൊടുത്തുവെന്നാണ് പ്ലൂട്ടാർക്ക് പറഞ്ഞിട്ടുള്ളതു്. ഏതായാലും അരിസ്റ്റിഡിസ് ഒരു വിശാല ഹൃദയൻതന്നെയായിരുന്നിരിക്കണം. തന്നെ നാട്ടുകടത്തുന്നതിനു വേണ്ടി സമ്മതം രേഖപ്പെടുത്തുവാനൊരുങ്ങിയ ആളിനെ അതിൽനിന്നും പിന്തിരിപ്പിക്കുന്നതിന് അയാൾ ഒരുങ്ങിയില്ലല്ലൊ. ഈ വാസ്തവം ഇന്നത്തെ വോട്ടുപിടുത്തക്കാർക്ക് വിസ്മയകരമായിത്തോന്നിയേക്കാം. അരിസ്റ്റിഡിസിന്റെ ബഹിഷ്കരണത്തിനു അയാൾതന്നെ അനുമതി നൽകിയതായി വ്യാഖ്യാനിക്കുന്നതിലും തെററുണ്ടെന്ന് തോന്നുന്നില്ല. ഈ സംഭവം മൂലം നിസ്സാരനായ ഒരു വ്യക്തിക്കു യവനചരിത്രത്തിൽ ശാശ്വതപ്രതിഷ്ഠ സമ്പാദിക്കുവാൻ കഴിഞ്ഞു.

സുപ്രസിദ്ധ നിയമനിർമ്മാതാവായിരുന്ന സോളന്റെ നിഷ്പക്ഷതാനിയമത്തിനു് പകരമായിട്ടുദ്ദേശിച്ചാണ് ഓസ്ട്രസിസം നടപ്പാക്കിയതെന്നും അഭിപ്രായം ഉണ്ട്. ബി. സി. ൪൧൭-നു ശേഷം ആഥൻസിൽ ഓസ്ട്രസിസം നടന്നിട്ടില്ല. എങ്കിലും അതിന്റെ സ്ഥാനം Graphe Parandmon എന്ന മറെറാരു ശിക്ഷാനിയമം കൈയ്യേലാക്കി. വധശിക്ഷ നൽകുന്നതിന് അനുമതി നൽകുന്നതായിരുന്നു പ്രസ്തുത നിയമം. നോക്കണേ നാട്ടുകടത്തലിൽനിന്നും തൂക്കുമരത്തിലേക്കുള്ള പ്രയാണഗതി!

രാജ്യസ്നേഹികൾക്കും, സ്വാതന്ത്ര്യപ്രേമികൾക്കും, സ്വതന്ത്രചിന്തകർക്കും സാധാരണ ലഭിക്കാറുള്ള ഉരു സമ്മാനമാണ് നാട്ടുകടത്തൽ—ലോകചരിത്രം അന്നത്തേയും ഇന്നത്തേയും പരിശോധിച്ചിരുന്നാലും ഇതു വാസ്തവം ആണെന്നു് കാണാൻ കഴിയും. അധികാരശക്തിയുടെ ഒരു വലിയ ആയുധമാണിതു്. നിലവിലിരിക്കുന്ന ഭരണസമ്പ്രദായത്തെ വിമർശിക്കയും, അതിനെതിരായി പ്രക്ഷോഭണങ്ങൾ നടത്തി ജനസാമാന്യത്തെ സ്വാതന്ത്ര്യപന്ഥാവിലേക്ക് നയിക്കയും ചെയ്തിട്ടുള്ള ദേശാഭിമാനികൾക്കും രാഷ്ട്രീയ പ്രവർത്തകർക്കും ലോകചരിത്രത്തിൽ ലബ്ധപ്രതിഷ്ഠ സമ്പാദിച്ചു കൊടുത്തിട്ടുള്ള—കൊടുത്തുകൊണ്ടിരിക്കുന്ന നാട്ടുകടത്തൽ ശിക്ഷ ഏതായാലും പരിഷ്കൃതലോകത്തിനു ഇനിയും പററിയതല്ലെന്ന് വിചാരിക്കുന്നതിൽ തെററില്ല.

—ഠ—

## സർ വില്യംജോൺസിന്റെ സംസ്കൃതാധ്യയനം

പണ്ഡിതർ, ഇ. വി. രാമൻനമ്പൂതിരി, (വിദ്യാരത്നം)

൧൭൮൩-ൽ ആണ് ശ്രീ ജോൺസ് കൽക്കട്ടാ സുപ്രീംകോർട്ടു ജഡ്ജിയായി വന്നതു. ആദ്യം അദ്ദേഹം സ്വല്പം ഹിന്ദി പഠിച്ചു. തദ്ദേശ വേലക്കാരോട് ഇടപെടുവാൻ ശക്തനായി. അപ്പോഴാണ് സംസ്കൃതം ശരിക്കു പഠിക്കണം എന്നദ്ദേഹം ഉറച്ചതു്. പക്ഷെ, പഠിപ്പിക്കുവാൻ ഒരു വാദ്ധ്യാരെ കിട്ടുവാൻ വിഷമത! ദേവഭാഷയെ ഒരു വിധർമ്മിക്കുപദേശിക്കാൻ മേജാതിയിലാരും കൂട്ടാക്കിയില്ല. വിലോഭനീയമായ വേതനം പ്രഖ്യാപനം ചെയ്തു നോക്കി. എന്നിട്ടും ആളില്ല. ശ്രീ. ജോൺസിന്റെ സ്നേഹിതനായിത്തീർന്ന കൃഷ്ണനഗര മഹാരാജാവു് ശ്രീ ശിവചന്ദ്രജീവനെ ശ്രമിച്ചു നോക്കി. എന്നിട്ടും ആളെ കിട്ടിയില്ല. വേതന പ്രലോഭനവശരായി ഒന്നുരണ്ടു പേർ ചെന്നുനോക്കി. സമീപവാസികൾ സമ്മതിച്ചില്ല. ജാതിഭ്രംശ വാർത്തയാൽ അവർ പിന്മാറി.

ഇങ്ങനെ കല്ക്കത്തായിൽ കിട്ടില്ലെന്നായപ്പോൾ, അദ്ദേഹം നവദ്വീപത്തിൽചെന്നന്വേഷിച്ചു എന്നിട്ടുംഫലിച്ചില്ല.മടങ്ങിവന്നു വീണ്ടുംഅന്വേഷിച്ചുകൊണ്ടിരുന്നു. ഒടുവിൽ,വൈദ്യജാതിയിൽപെട്ടു് ഏകാകി നായി ജീവകാന്തത്തിൽ കഴിയുന്ന രാമലോചനകവിഭൂഷണൻ എന്ന ഒരു വിദ്വാൻ ശ്രീ. ജോൺസിനെ പഠിപ്പിക്കാൻ ധൈര്യപ്പെട്ടു. ൧൦൦-ഉറപ്പിക ശമ്പളം, സവാരി വണ്ടി വാടക. ജഡ്ജിയുടെ ബംഗ്ലാവിലെ താഴത്തെ മുറിയാണ് സ്ഥലം. അവിടം മുഴുവൻ, ഭിത്തിയടക്കം, ഗംഗയിലെ ജലംകൊണ്ടു കഴുകിത്തുടച്ചു ശുദ്ധിയാക്കിച്ചുകൊള്ളണം. ശിഷ്യൻ ഒരു ഗ്ലാസ് ചായയല്ലാതെ മറെറാന്നും ആഹാരം കഴിക്കരുത് പാഠം തീരുംവരെ. ഗോമാംസാദികളൊന്നും ബംഗ്ലാവിനകത്തു കടത്തിപ്പോകരുതു. ഇത്തരം പല വ്യവസ്ഥകൾ സമ്മതിപ്പിച്ചതിനുശേഷം "രാമഃ; രാമൌ രാമാഃ" ആരംഭിച്ചു. വാദ്ധ്യാർക്ക് ഇംഗ്ലീഷറിഞ്ഞുകൂടാ. ശിഷ്യന്റെ കഷ്ടിപാട്ടി ഹിന്ദിയിൽക്കൂടെ പാഠം നടന്നുവന്നു. രണ്ടുപേരും ബുദ്ധിമാന്മാരായിരുന്നതുകൊണ്ടു് ഒരു വർഷത്തിനിടയ്ക്കു് സ്വാശയപ്രകടനം ചെയ്യത്തക്കവണ്ണം സരളസംസ്കൃതം ശിഷ്യൻ പഠിച്ചു. വൈദ്യം പള്ളിക്കൂടം കുട്ടിയേപ്പോലെയാണ് വാദ്ധ്യർ ശിഷ്യനെ

(ശേഷം പത്താംപേജിൽ)

## അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ

ഹരിണീഹരണം (ഓട്ടൻതുള്ളൽ)—കല്ലട കുട്ടൻപിള്ള, പ്രസാധകൻ കെ. രാമകൃഷ്ണദാസ്, പാലത്തടം എം. എൻ. ഗോവിന്ദപ്പിള്ള. പേജ് ൪൨.

ഓണപ്പൂക്കൾ (പദ്യം)—എം. ഗോവിന്ദൻ നമ്പൂതിരി, കുട്ടംപേരൂർ. പേജ് ൪൦ വില അണ ൧൨.

വാസന്തി (പദ്യം)—മഴവേലി എം. എം. നാരായണൻ പേജ് ൨൨ വില ണ. ൮

പൌർണ്ണമി (ചെറുകഥകൾ)—എസ്. കെ. പൊറെറക്കാട്ടു്, മംഗളോദയം ലിമിറ്റഡ് പേജ് ൧൬൪.

പച്ചക്കൊടി (പദ്യം)—വി. കാസീംകുഞ്ഞു (നെടുമ്പന) കൊല്ലം. പേജ് ൧൨ വില അണ ൮.

വീരാഹ്വാനം (ചില സ്വതന്ത്രലഘുഗാനങ്ങൾ)—പി. എൻ. മുരളി, സാഹിത്യവിശാരദ്, ചേരാവള്ളി, കായംകുളം. പേജ് ൩൬ വില അണ ൮.

മൈത്രയാത്ര (ഗദ്യം)—തൻമന ചിത്രർകാഡി ച്ചിക്കെ. മാധവൻനായർ, കേരള പബ്ളിസിററി കാർപ്പറേഷൻ (ക്ലിപ്തം) തിരുവനന്തപുരം. പേജ് ൮൬ വില രൂ. ൧.

കൃഷിപോഷണം (വളവും കൃഷിവർദ്ധനവും) കെ. എസ്സ്. ദീപകണ്ഠം L. Ag. പ്രസാധകർ: ഉദയാ പബ്ലിഷിംഗ് ഹൌസ്, പുനലൂർ. പേജ് ൧൨൮. വില രൂ. ഒന്നര

ബാഷ്പപൂജ (ഗദ്യം)—വേളൂർ കെ. സി. തോമസ് എക്സ്പ്രസ് പ്രിൻറിംഗ് വർക്സ്, കോട്ടയം, പേജ് ൩൦. വില അണ ൧൨.

കാൺഗ്രസ്സ്ഗീത (ഇൻ: നാഷണൽ കാൺഗ്രസ്സിന്റെ അദ്ധ്യക്ഷപ്രസംഗങ്ങളുടെ സംഗ്രഹം)—സമ്പാദകൻ കെ. പി. നാരായണൻ ബി. എ. എൽ. എൽ. ബി; ബി. കെ. എം. പ്രസ്സ്, ആലപ്പുഴ. പേജ് ൮൪ വില അണ ൧൪.

ഭജനകീർത്തനമാല—ഒന്നാംഭാഗം. സമ്പാദകർ കെ. ശങ്കരൻമൂസ്സത്, അരുണോദയംപ്രസ്സ്, വടക്കാഞ്ചേരി, കൊച്ചിൻസ്റ്റേററ്. പേജ് ൧൧൨ വില രൂ. ൧ ണ ൪.

ഭജനകീർത്തനമാല—രണ്ടാംഭാഗം ടി. പേജ് ൧൧൧ വില രൂ. ൧ ണ. ൪.

ഭക്തചൂഡാമണി (പദ്യം)—പൂന്താനം. അരുണോദയംപ്രസ്സ്, വടക്കാഞ്ചേരി, കൊച്ചിൻസ്റ്റേററ്. പേജ് ൭൪ വില അണ ൮.

ഷേക്സ്പിയർ കഥകൾ—ഒന്നാംഭാഗം (ഗദ്യം) ഗ്രന്ഥകർത്താ, പി. രാമക്കുറുപ്പ് ബി. ഏ. എൽ. ററി. അരുണോദയംപ്രസ്സ്, വടക്കാഞ്ചേരി പേജ് ൩൪ വില രൂ. ൧.

പന്തളം കേരളവർമ്മസ്മാരകം—പന്തളം കേരളവർമ്മസ്മാരകവായനശാല, പന്തളം. പേജ് ൧൧൨ വില രൂ. ൧.

കതിർമല—എം. പി. അപ്പൻ എം. എ. എൽ. ററി. പേജ് ൫൦ വില ണ. ൧൨.

—:—

# സിൽഹെററ് പാകിസ്ഥാനിൽ ചേരാൻ തീരുമാനിച്ചു

## ഹിതപരിശോധനയുടെ ഫലം

ന്യൂഡെൽഹി, ജൂലൈ ൧൩—സിൽഹെററ പകിസ്ഥാനിൽ ചേരാൻ തീരുമാനിച്ചതായി ഔദ്യോഗികമായിപ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. വൈസ്രായിമന്ദിരത്തിൽനിന്നും പ്രസിദ്ധപ്പെടുത്തിയ ഒരുപ്രസ്സ് നോട്ടിൽ ഇങ്ങനെ കാണുന്നു. സിൽഹെററ് ഡിസ്ട്രിക്റ്റിലെ ഹിതപരിശോധനാഫലം ആസ്സാം പൂർവ്വബംഗാളിൽ ചേരണമെന്നുള്ള വോട്ട് ൨൩൯൬൧൯ ഉം; ആസ്സാമിൽ ഉൾപ്പെട്ടിരിക്കണം എന്നുള്ള വോട്ട് ൧൮൪൦൪൧ ഉം; ഭൂരിപക്ഷം ൫൫൫൭൮. ആകെയുള്ളതിൽ ശരിയായ വോട്ട് ൭൭.൩ ശതമാനം.—എ-പി.

—o—

## ഈജിപ്ററിൻെറ പരാതി

—o—

### ഐക്യരാഷ്ട്രസമിതിക്കു നൽകപ്പെട്ടു

ലേക്സക്സെസ്, ജൂലൈ ൧൨—൧൯൩൬-ലെ ആംഗ്ലോഈജിപ്ഷ്യൻഉടമ്പടി പുതുക്കുന്നതിനുള്ള സംഭാഷണങ്ങൾ സ്തംഭനാവസ്ഥയിലായതിൽ ബ്രിട്ടനോടുള്ള ഈജിപ്ററിൻെറ പരാതി ഇന്നു ഐക്യരാഷ്ട്രങ്ങളെ ഏല്പിച്ചിരിക്കുന്നു. നൈൽപ്രദേശത്തെ എല്ലാ ബ്രിട്ടീഷ് പട്ടാളത്തേയും പിൻവലിക്കണമെന്നു ആവശ്യപ്പെട്ടവൻ നിർദ്ദേശിക്കേണ്ടതാണെന്നു അതു രക്ഷാസമിതിയോടാവശ്യപ്പെടുന്നു ൧൯൪൬-ഏപ്രിലിൽ ആണ് ഈ സംഭാഷണങ്ങളാരംഭിച്ചതു്. സുഡാൻെറ പദവിയെപ്പററിയാണ് ഈ സംഭാഷണം പത്തുമാസങ്ങൾക്കുശേഷം തകർന്നതു്.

—o—

## ഒറീസ് ഛാട്ടിസ്ഗാർ സ്റ്റേററുകൾ

o

### ഇന്ത്യൻ കാൺസ്ററിററുവൻറ് അസംബ്ലിയിൽ ചേരുന്നു

കൽക്കട്ടാ ജൂലൈ ൧൩—ഒറീസാ ഛാട്ടിസ്ഗാർ ഏജൻസിയിൽപെട്ട രാജ്യങ്ങളിലെ രാജാക്കന്മാരുടെയും പ്രതിനിധികളുടെയും ഒരു സമ്മേളനം കല്ലൂട്ടാത്തിൽവച്ചു കൂടുകയും ആഗസ്റ്റ് ൧൫-ാംനു-മുതൽ ഈസ്റ്റേൺ സ്റ്റേററ്സിൽ ഒരു യൂണിയൻ സ്ഥാപിക്കുവാൻ ഐകകണ്ഠ്യേന തീരുമാനിക്കയും ചെയ്തിരിക്കുന്നു. രാജാക്കന്മാരുടെ ഒരു സ്റ്റേഷ്യൽകമ്മിററി ശുപാർശചെയ്തതനുസരിച്ചു് ജൂലൈ ൧൫-ാംനു-മുതൽ ഒരു അടിയന്തിരനടപടിയായി യൂണിയൻ ഭരണഘടന അംഗീകരിക്കപ്പെട്ടിരിക്കുന്നു. യൂണിയനിൽ ഉൾപ്പെട്ട ൩൯ ഈസ്റ്റേൺ സ്റ്റേററുകളുടെ ആകെ വിസ്തൃതി ഉദ്ദേശം ൫൬൦൦൦ ച: മൈലും ജനസംഖ്യ ൭൦ ലക്ഷത്തോളവുമാണ്. യൂണിയൻ ഇൻഡ്യൻ കാൺസ്ററിററുവൻറ് അസംബ്ലിയിൽ ചേർന്നതായും നാലു തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും നാമിനേററു ചെയ്യപ്പെട്ട ൩ പ്രതിനിധികളും ഉൾപ്പെടെ ആകെയുള്ള ൭ പ്രതിനിധികളും ഇപ്പോൾ ഡൽഹിയിൽ എത്തിയിട്ടുള്ളതായും ഈസ്റ്റേൺ സ്റ്റേററ്സ് യൂണിയൻ കൗൺസിൽ ഇന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പ്രസ്സ്നോട്ടിൽ പറയുന്നു. (എ. പി)

—o—

## ചൗധരി ഖാലിക്കുസാമാൻ

—o—

### ഇന്ത്യൻ കാൺസംബ്ലി ലീഗുകക്ഷിനേതാവു്

ന്യൂഡെൽഹി ജൂലൈ 13—ഇൻഡ്യൻ കാൺസ്ററിററുവൻറ് അസംബ്ലിയിലെ മുസ്ലിം ലീഗുകക്ഷി നേതാവായി ചൗധുരി ഖാലിക്കുസാമാനെ ഇന്നു തിരഞ്ഞെടുത്തിരിക്കുന്നു. (എ: പി)

—o—

## ഗാന്ധിജിയെ സന്ദർശിച്ചു

ന്യൂഡെൽഹി ജൂലൈ ൧൩—ഡാ: രാജേന്ദ്രപ്രസാദ്, മിസ്സിസ് സരോജിനീനായിഡു, മി: ജി. ഡി. ബിർള, പണ്ഡിററ് ജവഹരിലാൽനെഹ്റു എന്നിവർ ഇന്നു മഹാത്മാഗാന്ധിയെ സന്ദർശിച്ചു.

—o—

## ൫൦൦൦ ടൺ അരി വരുന്നു

—o—

### തിരുവിതാംകൂറിനു്

എറണാകുളം, ജൂലൈ ൧൩—൧൯൪൭-ൽ തെക്കൻ റീജിയണിലേയ്ക്കു് ഇൻഡ്യാ ഗവൺമെൻറിൽനിന്നും അനുവദിച്ചിട്ടുള്ള നാലാമത്തെ ധാന്യക്കപ്പൽ എസ്സ്. എസ്സ്. എംപയർ റാണി ൫൦൦൦ ടൺ ബർമ്മാ അരിയുമായി ജൂലൈ ൧൦-ാംനു-കൊച്ചി തുറമുഖത്തു വന്നുചേർന്നിരിക്കുന്നു. ഇതിൽ ൫൦൦൦ ടൺ തിരുവിതാംകൂറിനും ൧൦൦൦ ടൺ കൊച്ചിക്കും ഉള്ളതാണ്. (എ-പി)

—o—

## പ്രിസൈഡിംഗ് ആഫീസർമാരുടെ അഴിമതി

—o—

### സിൽഹെററ് റഫറണ്ടത്തെപ്പററി നിവേദനം

ന്യൂഡെൽഹി, ജൂലൈ ൧൩—സിൽഹെററ് റഫറണ്ടത്തിൽ മുസ്ലീം പ്രിസൈഡിംഗ് ആഫീസർമാരുടെ വഴിപിഴച്ച പ്രവൃത്തനങ്ങളെപ്പററി ഗാന്ധിജിയെ ധരിപ്പിക്കുവാൻ സിൽഹെററിൽനിന്നു് ഒരു ഡെലിഗേഷൻ അദ്ദേഹത്തെ സന്ദർശിക്കയുണ്ടായി. ഡെലിഗേഷൻെറ പ്രധാനിയായ മി: അനംഗമോഹൻദാസ ഇപ്രകാരം പ്രസ്താവിച്ചു. രണ്ടുവർഷംമുമ്പു് ബനിയചാംഗിലെ ൫൦,൦൦൦ ജനങ്ങളിൽ ൧൮,൦൦ മുസ്ലീങ്ങൾ മലേറിയാമൂലം മരിച്ചു. എന്നാൽ മരിച്ചുപോയവരുടെ പേരിൽ വോട്ടുചെയ്യുവാൻ ജനങ്ങളെ അനുവദിച്ചിരിക്കുന്നു. പല സ്ഥലങ്ങളിലും മുസ്ലിം നാഷനൽ ഗാർഡുകൾ ഹിന്ദു വോട്ടറന്മാരെ ഭീഷണിപ്പെടുത്തി വോട്ടിംഗിൽ സംബന്ധിക്കുന്നതിൽനിന്നു തടഞ്ഞു. ൧൫,൦൦൦-ത്തോളം തൊഴിലാളി വോട്ടറന്മാരെയും പോളിംഗ് സ്റ്റേഷനുകളിൽ സന്നിഹിതരാകുവാൻ സമ്മതിച്ചില്ല.

ഡെലിഗേഷൻ നേരത്തെ ആചാര്യ കൃപലാനിയെ സന്ദർശിക്കയുണ്ടായി. പണ്ഡിത ജവഹരിലാൽനെഹ്റുവിനെയും സർദാർ വല്ലഭായി പട്ടേലിനെയും അവർ സന്ദർശിക്കുന്നതാണ്.

—o—

## സാമ്പത്തിക കമ്മിഷനിലെ യു. എസ്സ്. പ്രതിനിധി

വാഷിംഗ്ടൺ, ജൂലൈ ൧൩—ഐക്യരാഷ്ട്രസംഘടനയുടെ സാമ്പത്തിക സാമൂഹ്യ കൗൺസിലിലെ യുണൈറഡ് സ്റ്റേററ്സ് പ്രതിനിധിയായുള്ള മി: ഫ്രാൻസിസ് ബിഡിലിൻെറ നാമിനേഷൻ പ്രസിഡൻറ ട്രൂമൻ പിൻവലിക്കയും അസിസ്റ്റൻറ് സ്റ്റേററ് സെക്രട്ടറിയായ മി. വില്യം തർപ്പിനെ അതിനു പകരം നിർദ്ദേശിക്കയും ചെയ്തിരിക്കുന്നു. മി. ഫ്രാൻസിസ് ബിഡിൽ പരേതനായ പ്രസിഡൻറ റൂസ്‌വെൽററിൻെറ ഉററ സഹപ്രവർത്തകനായിരുന്നു.

—o—

## കാൺസംബ്ലി

—o—

### കാൺഗ്രസ്സ് അംഗങ്ങൾ ചർച്ചകൾ നടത്തുന്നു

ന്യൂഡെൽഹി, ജൂലൈ ൧൩—നാളത്തെ കാര്യപരിപാടിയെപ്പററി പരിചിന്തിക്കുന്നതിനുവേണ്ടി ഇൻഡ്യൻകാൺസ്ററിററുവൻറ് അസംബ്ലിയിലെ കാൺഗ്രസ്സ് അംഗങ്ങൾ ഇന്നു വൈകിട്ടു കാൺസ്ററിററ്യൂഷൻഹൗസിൽ സമ്മേളിച്ചു ചർച്ചകൾ നടത്തിയിരിക്കുന്നു. നാളെയും ചർച്ചകൾ തുടരുന്നതാണ്. (എ. പി.)

—o—

## പാകിസ്ഥാൻ ഡൊമിനിയൻ

—o—

### മദ്ധ്യപൂർവ്വദേശവും ഇൻഡ്യയുമായുള്ള ബന്ധത്തെ ദൃഢപ്പെടുത്തും

കെയ്റോ, ജൂലൈ ൧൩—മുസ്ലിം പാകിസ്ഥാൻ ഡൊമിനിയൻെറ ആവിർഭാവം മദ്ധ്യപൂർവ്വദേശവും ഇൻഡ്യയും തമ്മിൽ മതപരമായും സംസ്കാരപരവും ആയുള്ള ബന്ധത്തെ ദൃഢപ്പെടുത്തുമെന്നു കെയ്റോയിൽ വിശ്വസിക്കുന്നു. അററ്ലാൻറിക്കുമുതൽ ഇൻഡ്യാവരെ നീണ്ടുകിടക്കുന്ന ഒരു സുശക്തമുസ്ലിംസാമ്രാജ്യത്തെയാണ് പാകിസ്ഥാനിൽ ചില ഈജിപ്ററുകാർ ദർശിക്കുന്നതു്. എന്നാൽ കുറേക്കൂടി മിതമായ അഭിപ്രായക്കാർക്കു ഇൻഡ്യയുടെ വിഭജനം രാജ്യത്തിൻെറ സ്വാതന്ത്ര്യസമ്പാദനത്തെ നീട്ടിക്കൊണ്ടുപോകുമെന്നു ആശങ്കയുണ്ടു്.

(റായിട്ടർ)

—o—

## അൽബേനിയൻ ഗവ: നിരസിച്ചു

—o—

### ആംഗ്ലോ ഫ്രഞ്ച്ക്ഷണം

മാസ്കോ ജൂലൈ ൧൨—പാരീസ്സിൽ ആരംഭിക്കുന്ന മാർഷൽപദ്ധതിയെപ്പററിയുള്ള സംഭാഷണങ്ങൾക്കുള്ള ആംഗ്ലോ-ഫ്രഞ്ച്ക്ഷണം അൽബേനിയൻ ഗവൺമെൻറ് നിരസിച്ചിരിക്കുന്നതായി മാസ്കോ റേഡിയോ ഇന്നലെ രാത്രി പ്രസ്താവിച്ചു.

—o—

## ഗാന്ധി—വൈസ്രാ: കൂടിക്കാഴ്ച

— —

ന്യൂഡെൽഹി, ജൂലൈ ൧൩—മഹാത്മാഗാന്ധി ഇന്നു വൈസ്രായിയെ സന്ദർശിച്ചു മൂന്നുമണിക്കൂർസമയം സംഭാഷണം നടത്തിയിരിക്കുന്നു. മഹാത്മജി മൗണ്ട്ബാററൻപ്രഭുവുമായി ഏററവും കൂടുതൽ സംഭാഷണം നടത്തിയ അവസരം ഇതാണ്. (എ-പി)

—o—

## ൧൦ ലക്ഷം ചീനർ

—o—

### പട്ടിണിയെ അഭിമുഖീകരിക്കുന്നു

ഷാങ്കായ്, ജൂലൈ ൧൨—ഷാങ്കായിനു വടക്കുതെക്കു് മദ്ധ്യചൈനയിൽ കൂടി ഷാൻറങ്ങ്‌വരെ വ്യാപിച്ചുകിടക്കുന്ന ഒരു വിസ്തൃതപ്രദേശത്തെ ൧൦ ലക്ഷത്തോളം ചൈനാക്കാർ പട്ടിണിയെ അഭിമുഖീകരിക്കുന്നതായി അൻറാ ആഫീസിൽ ലഭിച്ച റിപ്പോർട്ടുകൊണ്ടറിയുന്നു. ക്ഷാമം രൂക്ഷമായുള്ളതു് മദ്ധ്യചൈനയിലെ ഹൂണാൻപ്രദേശത്താണ്.

ഇവിടെ ഒരു ലക്ഷത്തോളം ജനങ്ങൾ ഭക്ഷ്യമില്ലാതെ ദുരിതമനുഭവിക്കുന്നു. അടിയന്തിരാവശ്യമുള്ളിടത്തു ഓരോ വ്യക്തിക്കും അരി വിതരണം ചെയ്യാൻ ൫൦-അൻറാസംഘങ്ങളെ സംഘടിപ്പിച്ചിട്ടുണ്ട്. പത്തുലക്ഷത്തിൽ ൪-ലക്ഷംപേർക്കെങ്കിലും ൫൦൦൦൦-ടണ്ണു് ഭക്ഷ്യം സത്വരമായി ആവശ്യമായിരിക്കുന്നു. (റായിട്ടർ)

—o—

## ബർമ്മായിലെ കുടിയേററനിയമം

—o—

### ഇന്ത്യൻപ്രതിനിധി ഡെൽഹിയിലേക്കു്

റംഗൂൺ, ജൂലൈ ൧൩—ബർമ്മാഗവൺമെൻറ് ഏർപ്പെടുത്തിയ പുതിയ കുടിയേററനിയമം സംബന്ധിച്ചു് ഇന്ത്യാഗവൺമെൻറുമായി കൂടിയാലോചനകൾ നടത്തുവാൻ ഇന്ത്യാഗവൺമെൻറ് പ്രതിനിധിയായ ഡാക്ടർ എം. എ. റവൂഫ് അടുത്തവാരം ആദ്യം ഡെൽഹിയിലേയ്ക്കു തിരിക്കുന്നതാണ്.

—o—

# പകിസ്ഥാൻ കാൺസംബ്ലി ആഗസ്റ്റ് ൧൦-നു് ആരംഭിക്കും

## പകിസ്ഥാനിലെ ന്യൂനപക്ഷങ്ങൾക്കു് പൂർണ്ണസംരക്ഷണം നൽകപ്പെടും

### പ്രസ്സ്കാൺഫറൻസിൽ മി. ജിന്നായുടെ പ്രസ്താവന

ന്യൂഡൽഹി ജൂലൈ ൧൩—പാകിസ്ഥാൻ ഗവർണ്ണർ ജനറലായി നിയമിക്കപ്പെട്ടശേഷം നടത്തുന്ന ആദ്യത്തെ പ്രസ്സ് കാൺഫറൻസിൽ പ്രസംഗിച്ചുകൊണ്ടു മി. എം. എ. ജിന്നാ പറഞ്ഞതു് പുതിയ ഡൊമിനിയനിലെ ന്യൂനപക്ഷങ്ങൾക്കു് പരിപൂർണ്ണമായ സംരക്ഷണം നൽകപ്പെടുമെന്നാണ് ഇന്നുച്ചയ്ക്കു ന്യൂഡെൽഹിയിലുള്ള മി. എം. എ. ജിന്നായുടെ വസതിയിൽവച്ചു ഒരു പ്രസ്സ്കാൺഫറൻസ് നടത്തപ്പെട്ടു. ന്യൂനപക്ഷങ്ങളെപ്പററി താൻ പറയുമ്പോഴെല്ലാം തന്നെ എന്തൊക്കെയാണോ പറഞ്ഞിട്ടുള്ളതു് അതൊക്കെതന്നെയാണ് ആത്മാർത്ഥമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും എന്തൊക്കെയാണോ ഉദ്ദേശിച്ചിട്ടുള്ളതു് അതൊക്കെയാണ് പറഞ്ഞിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു എല്ലാ വിധത്തിലും ന്യൂനപക്ഷങ്ങളുടെ മതത്തിനും വിശ്വാസത്തിനും സംരക്ഷണം നൽകപ്പെടുന്നതും ആരാധനാസ്വാതന്ത്ര്യത്തിനോ സാംസ്കാരിക പുരോഗതിക്കോ ജീവിതഗതികൾക്കോ യാതൊരു തടസ്സങ്ങളും ഉണ്ടായിരിക്കുന്നതല്ലെന്നും എല്ലാവരും ഒരുപോലെ പാകിസ്ഥാനിലെ പൗരന്മാരായിരിക്കുന്നതാണെന്നും ന്യൂനപക്ഷങ്ങൾക്കു അവരുടെ ചുമതലെ ശരിയായി നിർവഹിക്കുന്നേടത്തോളം യാതൊരു ഭീതിക്കും അവകാശമില്ലെന്നും ഇൻഡ്യയിലെ ന്യൂനപക്ഷങ്ങളോടും ശരിയായി പെരുമാറുമെന്നു് പ്രതീക്ഷിക്കുന്നു എന്നും മി: ജിന്നാ പറഞ്ഞു. ന്യൂനപക്ഷങ്ങൾ ഏതു രാജ്യത്തിൽ പെട്ടവരായിരുന്നാലും അവിടുത്തെ വിശ്വസ്തരായ പ്രജകളായിരിക്കണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. ആഗസ്റ്റ് ൧൦-ാംതിയതി കറാച്ചിയിൽവച്ചു പകിസ്ഥാൻ കാൺസ്ററിററുവൻറ് അസംബ്ലി കൂടുന്നതാണെന്നു മി. ജിന്നാ പ്രസ്താവിച്ചു.

—o—

# റഷ്യയോടു പ്രതിഷേധിച്ചു

—ം—

## ചൈനീസ് സ്ഥാനങ്ങൾ ആക്രമിച്ചതിൽ

നാങ്കിങ്ങ് ജൂലൈ ൧൩ - വടക്കുപടിഞ്ഞാറെ ചൈനയിലെ ചൈനീസ് സ്ഥാനങ്ങളുടെ നേൎക്ക് ഉണ്ടായതായി പറയപ്പെടുന്ന ആക്രമണത്തിൽ സോവിയററ് റഷ്യയോടും ഔട്ടർ മംഗോളിയായോടും ചൈനീസ വിദേശകാൎയ്യവകുപ്പ് പ്രതിഷേധിച്ചിരിക്കുന്നു. സോവിയററ് യൂണിയനോടുള്ള പ്രതിഷേധം അറിയിച്ചുകൊണ്ടു ഒരു കമ്യൂണിക്കെയിൽ റഷ്യൻ വിമാനസേനയിലെ വിമാനങ്ങൾ സിങ്കിങ്ങ് പ്രവിശ്യയുടെ അതിൎത്തി ലംഘിച്ചുകൊണ്ടു ഔട്ടർ മംഗോളിയൻ സേനകളെ ആക്രമിച്ചതായി ചൈനീസ് ഗവമെൻറ് പരസ്യമായ ആരോപണം നടത്തിയിരിക്കുന്നു. (റായിട്ടർ)

—ം—

## കൊച്ചിയുടെ ബസ്ജററ്നില

എറണാകുളം ജൂലൈ ൧൩—അരി കാൎഡുവിലയ്ക്കു വില്ക്കുന്നതിനുള്ള സഹായധനമായി കൊച്ചി ഗവമെൻറ് പ്രതിവൎഷം ൪൦-ലക്ഷംരൂപ ചിലവുചെയ്യുവരുന്നു. അടുത്ത ധനകാൎയ്യവൎഷത്തെ ബഡ്ജററ്നില ഈ സഹായധനം പകുതിയായി കുറവുചെയ്യാൻ ഗവമെൻറിനെ നിൎബന്ധിച്ചേക്കും. ഇപ്പോഴത്തെ അരിറിലയിൽ യൂണിററിനു നാലുപൈസ തന്മൂലം വൎദ്ധിപ്പിക്കേണ്ടിവരും.

ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭാഗികമായ മദ്യനിരോധനം അവതരിപ്പിക്കുന്നതുനിമിത്തം റെവന്യൂവരവിലുള്ള കുറവു പരിഹരിക്കുവാനും അടിയന്തിരമായ ചില യുദ്ധാനന്തര പുനരുദ്ധാരണപദ്ധതികൾ നടപ്പിൽ വരുത്തുവാൻ വിഭവങ്ങൾ കണ്ടുപിടിക്കുന്നതിനും വില്പനനികുതിയും ഇൻകംടാക്സും അല്പം വൎദ്ധിപ്പിക്കുവാൻ ഗവമെൻറ് ഉദ്ദേശിക്കുന്നതായറിയുന്നു. ഒരു ക്ലിപ്ത അളവിനപ്പുറമുള്ള കാൎഷികാദായത്തിന്മേലും ഗവമെൻറ് നികുതി ഏൎപ്പെടുത്തിയേക്കും. എ. പി.

—ം—

## സിൽഹററ വോട്ടൎമ്മാരുടെ അവശതകൾ

ന്യൂഡെൽഹി ജൂൺ ൧൩. മി. അനിൽ, കെ. ചന്ദ എം എൽ. ഏ (സെൻട്രൽ) മഹാജഭംലി (ആസ്സാമിൽ മുൻപു മന്ത്രിയായിരുന്നു) മി. ജെ. സൻറൽ (ആസ്സാം അസംബ്ലിയിൽ തേയിലത്തോട്ടത്തൊഴിലാളിപ്രതിനിധി) മി. ബി. ദാസ് ചൗധുരി (എക്സ് പ്രസിഡൻറ് ആസ്സാം ലെജിസ്ലേററീവ് കൗൺസിൽ) മി. എം. എം. ദാസ്സ് എക്സ്. എം. എൽ. ഏ. എന്നിവർ ഇന്നു കാൺഗ്രസ്സ് പ്രസിഡൻറിനെ സന്ദൎശിച്ച് സിൽഹററിലെ റഫറണ്ടത്തിൽ അമുസ്ലിം വോട്ടൎമ്മാരുടെ അവശതകളെപ്പററി നിവേദനം നടത്തുകയുണ്ടായി. (എ. പി)

—ം—

## കമ്മ്യൂണിസ്ററ് സേനകളോടുള്ള യുദ്ധം

—ം—

### ചൈനീസ് ഗവമ്മെൻറ് ഊൎജ്ജസ്വലമാക്കും

നാങ്കിങ്ങ്, ജൂലൈ ൧൩—ഷാൻറങ്ങ് പ്രവിശ്യയിലെ കമ്യൂണിസ്റ്റ് സേനകൾക്കെതിരായി ഊൎജ്ജസ്വലമായ കര, കടൽ, വിമാനയുദ്ധങ്ങൾ ചൈനീസ് ഗവമെൻറ് പെട്ടെന്നാരംഭിക്കുന്നതാണെന്നു ഒരു സൈനികകേന്ദ്രം പ്രവചിച്ചിരിക്കുന്നു. ചൈനയുടെ സ്റ്റാഫ് മേധാവിയായ ജനറൽ ചെൻ ചങ്ങ് മഞ്ചൂറിയായിലേയ്ക്കു പോകുന്നവഴി ഇന്നലെരാത്രി വടക്കെ ചൈനയിലെ പീപ്പിങ്ങിൽ എത്തിയിരിക്കുന്നു.

—ം—

# ഗവർണ്ണർജനറൽ ഉദ്യോഗം

## ജിന്നായും മൗണ്ടുബാററനും പരീക്ഷണമായിരിക്കുമെന്ന് ഗാന്ധിജി

ന്യൂഡെൽഹി, ജൂലൈ ൧൩—ഇൻഡ്യയും പാകിസ്ഥാനും പൊതു ഗവൎണർ ജനറലായി മൗണ്ടുബാററൻപ്രഭുവിനെ വയ്ക്കുന്നതിന് സമ്മതിച്ചിരുന്നതായിട്ടാണ് പത്രങ്ങൾവഴി ആദ്യം അറിയാനിടയായതെന്നു ഇന്നത്തെ പ്രാൎത്ഥനാനന്തരയോഗത്തിൽ ഗാന്ധിജി പ്രസ്താവിച്ചു. എന്നാൽ അവസാനനിമിഷത്തിൽ മി. ജിന്നാ അദ്ദേഹത്തിൻെറ മനസ്സു മാററുകയും അദ്ദേഹം സ്വയം നാമിനേററു ചെയ്യുകയും ചെയ്തു. കാൺഗ്രസ്സ് നേതാക്കന്മാൎക്കും അപ്രകാരം ചെയ്യാൻ സാധിക്കുമായിരുന്നു. എന്നാൽ ഒരിക്കൽ പറഞ്ഞ വാക്കിൽനിന്ന് പിന്നോട്ടു പോകുവാൻ അവർ ഇഷ്ടപ്പെട്ടില്ല. ഇതിൽ അബദ്ധമൊന്നും ഇല്ല. മൗണ്ടുബാററൻപ്രഭു ഒരു വ്യവസ്ഥാപിത ഭരണാധികാരിയായിരിക്കുമെങ്കിലും ഈ പുതിയ ഉദ്യോഗം അദ്ദേഹത്തിന് ഒരു പരീക്ഷണഘട്ടമായിരിക്കും. ജനങ്ങളുടെ സേവകനായി ഈ പരീക്ഷണത്തിൽനിന്നും അദ്ദേഹം വിജയപൂൎവ്വം പുറത്തുവരുമെന്ന് ഗാന്ധിജി ആശിക്കുന്നു. ആ ഉദ്യോഗത്തിൻെറ അൎത്ഥം അതാണല്ലോ. അതുപോലെതന്നെ പകിസ്ഥാനിലെ ഗവർണർജനറൽസ്ഥാനം മി: ജിന്നായ്ക്കും ഒരു പരീക്ഷണമായിരിക്കും. താൻ ഒരു ഇസ്ലാമികരാജ്യം സമ്പാദിച്ചുവെന്നു ലോകത്തെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് മി: ജിന്നാ ഈ ഉദ്യോഗം സ്വീകരിച്ചതെന്നും ഗാന്ധിജി പറഞ്ഞു.

ഇൻഡ്യ ഒരു ഡൊമിനിയനായിരിക്കുന്നിടത്തോളം ഒരു ബ്രിട്ടീഷ് ഗവൎണ്ണർജനറലിൻെറ കീഴിൽ പ്രവൎത്തനം നടത്തുന്നതാണ് ഭേദമെന്നു കാൺഗ്രസ്സ് കക്ഷി കരുതി. പോരെങ്കിൽ ഗവൎണ്ണർജനറൽ ഇംഗ്ലീഷുകാരനായിരുന്നാലും ഫ്രഞ്ചുകാരനായിരുന്നാലും മററുദേശക്കാരനായിരുന്നാലും അതിൽ അൎത്ഥമില്ല. യഥാൎത്ഥ അധികാരം ജനങ്ങളിലാണ്. (എ-പി)

—ം—

## ഗാന്ധിജിയുടെ പ്രസംഗം

ന്യൂഡെൽഹി, ജൂലൈ ൧൩—ഗാന്ധിജിയുടെ ഇന്നത്തെ പ്രാൎത്ഥനായോഗത്തിൽ അദ്ദേഹത്തിനു പ്രിയപ്പെട്ട ഒരു ഗാനം ആലപിക്കപ്പെടുകയും അതു ഇന്നത്തെ പ്രസംഗവിഷയമാക്കുകയും ചെയ്തു. വിദ്യാഭ്യാസമില്ലാത്ത മാതാപിതാക്കന്മാരുടെ സംരക്ഷണയിൽ അദ്ദേഹം വളൎന്നുവന്നതും പിതാവ് കിളിയെപ്പോലെ ഗീതചൊല്ലി വന്നിരുന്നതും ഗാന്ധിജി പ്രതിവാദിച്ചു. തൻെറ ഗ്രാമീണയായ മാതാവ് "വ്യക്തയെപ്പോലെ പ്രപഞ്ചവും" എന്ന പരമാൎത്ഥംതന്നെ പഠിപ്പിച്ചിരുന്നതായി ഗാന്ധിജി പറഞ്ഞു. അവനവനെയും അവനവൻെറ പരിസരങ്ങളെയും ശരിപ്പെടുത്തുന്നപക്ഷം പ്രപഞ്ചം നന്നായിക്കൊള്ളുമെന്നും പഠിക്കുവാൻ അതുമൂലം സാധിച്ചു. രാമനാമത്തിൻെറ ശക്തി ഗ്രഹിപ്പിച്ചതു ധായിയാണ്. നവഖലിയിലെ മുസ്ലിങ്ങൾ ഇളകിയപ്പോൾ അവിടെ പോകേണ്ടതു തൻെറ ചുമതലയായി ഗാന്ധിജിക്കു തോന്നി. ബീഹാറിലെ ഹിന്ദുക്കൾ അതുപോലെ പ്രവൎത്തിച്ചപ്പോൾ അവിടെയും പോകേണ്ടതു ആവശ്യമായി വന്നു.

കുററംചെയ്യുന്നതായി ഒരു കക്ഷിയോടു മാത്രംപറയുക സാദ്ധ്യമല്ല. നവഖലിയിൽ പ്രവൎത്തിക്കുകയോ മരിക്കുകയോ ചെയ്യുമെന്നു അദ്ദേഹം പ്രതിജ്ഞചെയ്തു. അതനുസരിച്ചു പ്രവൎത്തിക്കേണ്ടതായുമിരുന്നു. യാതൊരുൽകണ്ഠയും കൂടാതെ ഡിസ്ട്രിക്ടിൽനിന്ന് പോകാമെന്ന് അവിടുത്തെ ഹിന്ദുക്കളും മുസ്ലീങ്ങളും തനിക്ക് ഉറപ്പു നൽകേണ്ടതായി വന്നു. (എ. പി.)

—ം—

## അതിൎത്തിയിലെ റെഫറണ്ടം

—ം—

### പകിസ്ഥാനുവേണ്ടി ഭൂരിപക്ഷം വോട്ടുകൾ

ലാഹൂർ, ജൂലൈ ൧൩-അതിൎത്തിദേശത്തെ റെഫറണ്ടത്തിൽ ആകെയുള്ള വോട്ടിൻെറ അരപതു ഏഴപതുശതമാനവും പകിസ്ഥാനുവേണ്ടിയാണെന്ന് ബീഹാറിൽ മുൻപു പ്രധാനമന്ത്രിയായിരുന്ന മി: എം. എൻ. യൂനസ് ഒരഭിമുഖസംഭാഷണത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

പെഷവാർ, ജൂലൈ ൧൩—സംസ്ഥാനത്തെ വിവിധസ്ഥലങ്ങളിലും ഇന്നു റെഫറണ്ടം തുടൎന്നു. കോഹാട്ട് നഗരത്തിൽ ആകെയുള്ള വോട്ടിൻെറ ൭൩ ശതമാനവും പെഷവാർ ഗ്രാമപ്രദേശത്തു ൬൦ ശതമാനവും ഹസാറായിൽ ൬൫-ശതമാനവും ഡേറാഇസ്മയിൽഖാനിൽ ൭൫-ശതമാനവും ഹാനുവിൽ ൪൭-ശതമാനവും പെഷവാർനഗരിൽ ൬൦-ശതമാനവും സാവബിയിൽ ൪൦-ശതമാനവും മുസ്ലീംലീഗിനു ലഭിച്ചിരിക്കുന്നതായി ഒരു അനൗദ്യോഗികകണക്കുകൊണ്ടറിയുന്നു. ചില ചില്ലറ സംഭവങ്ങളൊഴിച്ചാൽ റെഫറണ്ടം സമാധാനപരമായിട്ടാണു നടക്കുന്നതു. പട്ടാളവും പോലീസും ഏൎപ്പാടുകൾ വിപുലമായിട്ടുണ്ട്. ഹാംഗുവിൽനിന്നു കോഹാട്ടിലേക്കുപോയ ഒരു പോലീസ് ലോറി മറിച്ചിട്ടപ്പോൾ ൨-പോലീസ് കാൺസ്റ്റബിൾമാൎക്കു ഗുരുതരമായ പരുക്കേററു.

—ം—

## ഡാ: ലോകനാഥൻ

ന്യൂയാൎക്ക് ജൂലൈ ൧൩—'ഈസ്റ്റേൺ ഇക്കണോമിസ്റ്റി'ൻെറ എഡിററായ ഡാ: പി. എസ്സ് ലോകനാഥൻ ഇൻഡ്യാഗവൺമെൻറിനുവേണ്ടി ഐക്യരാഷ്ട്രസംഘടനയിലേക്കു ഒരു ഔദ്യോഗികദൗത്യവുമായി ഇവിടെയെത്തിയിരിക്കുന്നു. ദൗത്യം എന്താണെന്ന് അദ്ദേഹം വിശദീകരിച്ചില്ല.

—ം—

## തിരുവിതാംകൂറിനെ പട്ടിണിയിടാൻ സാധിക്കയില്ല

കറാച്ചി ജൂലൈ ൧൩ - ഇൻഡ്യൻയൂണിയന് തിരുവിതാംകൂറിനെ പട്ടിണിയിട്ടു കീഴടക്കുവാൻ സാധിക്കുമോ എന്നു ചോദിച്ചതിൽ ലീഗുഹൈക്കമാൻഡുമായി അടുത്തു സമ്പൎക്കമുള്ള ഒരു വക്താവ് പ്രസ്താവിച്ചതു അതു സാദ്ധ്യമല്ലെന്നാണ്. അരി കയററുമതി ചെയ്യത്തക്കവിധം മിച്ചമുള്ള ഒരു ഡൊമിനിയൻ പാകിസ്ഥാൻ മാത്രമാണെന്നും തിരുവിതാംകൂറിന് ആ അരി സുലഭമായി ലഭിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ഒരു ദുൎഭിക്ഷപ്രദേശമായ ഇൻഡ്യൻയൂണിയന് ആരെയെങ്കിലും പട്ടിണിയിട്ടു കീഴടക്കാൻ സാധിക്കുന്നതെങ്ങനെയാണെന്നദ്ദേഹം ചോദിച്ചു.

പരസ്പരസഹകരണംകൊണ്ടു് പാകിസ്ഥാനും തിരുവിതാംകൂറിനും വളരെയധികം നേടാനുണ്ടെന്നും ആ സഹകരണമില്ലെങ്കിൽ വളരെയൊക്കെ നഷ്ടപ്പെടാനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഒരു മദ്രാസ് പത്രത്തിൻെറ ഡൽഹി ലേഖകൻ റിപ്പോൎട്ടുചെയ്തിരുന്നതുപോലെ സിൻഡിൽ മിച്ചമുള്ള അരി ഇൻഡ്യാഗവമ്മെൻറ് എടുത്തുകഴിഞ്ഞോ എന്നു ഞാൻ അടുത്തതായി ചോദിച്ചു. അതു വെറും അബദ്ധമാണെന്നദ്ദേഹം പറഞ്ഞു. ഭക്ഷ്യധാന്യങ്ങൾ ഇൻഡ്യയുടെ മററുഭാഗങ്ങളിലേക്കു കയററിഅയയ്ക്കുന്നതിനുമുൻപു് അരിസംബന്ധിച്ചു തിരുവിതാംകൂറിനുള്ള ആവശ്യങ്ങൾ നേരിടുന്നതാണെന്നും തങ്ങൾക്കു ഏററവും അത്യാവശ്യമായിട്ടുള്ള സാധനങ്ങൾ തിരുവിതാംകൂറിൽനിന്നു പ്രതീക്ഷിക്കുന്നുവല്ലോ എന്നും അദ്ദേഹം പറഞ്ഞു. (ഓ-ലേ)

—ം—

## ൧൪൦൦ തടവുകാർ

—ം—

### ഹൈദ്രബാദ് ജയിലിൽ നിരാഹാരവ്രതം

ഹൈദ്രബാദ്, ജൂലൈ ൧൩—ഹൈദ്രബാദ് സെൻട്രൽജയിലിൽ പാൎപ്പിക്കപ്പെട്ടിട്ടുള്ള ൧൪൦൦ തടവുകാർ തങ്ങളോടുള്ള അന്യായമായ പെരുമാററവും അതുമൂലമുള്ള ഒരു തടവുകാരൻെറ മരണവും സംബന്ധിച്ച് പ്രതിഷേധിച്ച് ജൂലൈ ൪-ാംനു നിരാഹാരവ്രതമനുഷ്ഠിച്ചുവരുന്നതായി ജയിലിൽനിന്നും വിമുക്തരായ രണ്ടു രാഷ്ട്രീയത്തടവുകാർ പുറപ്പെടുവിച്ച ഒരു സംയുക്തപ്രസ്താവനകൊണ്ടറിയുന്നു. ഇതുസംബന്ധിച്ചു രണ്ടു ജയിൽ ആഫീസറന്മാരെ സസ്പെൻഡ് ചെയ്തിരിക്കുന്നതായി അറിയുന്നു. എ. പി.


## ടാക്കീസ്

കൊല്ലം S. M. P. പാലസ്സിൽ
ഞായറാഴ്ച മാററിനി 2 മണിക്ക്
6—30—നും, 10—നും
എം. കെ. ത്യാഗരാജഭാഗവതർ,
മായവരം പാപ്പാ, എൻ. എസ്. കൃഷ്ണൻ,
ററി. എ. മധുരം അഭിനയിച്ച
**തിരുനീലകണ്ഠർ**
എന്ന തമിഴ് ചിത്രം

കൊല്ലം ബേബിടാക്കീസിൽ
പി. യു. ചിന്നപ്പാ ററി. ആർ. രാജകുമാരി, ആർ. ബാലസുബ്രഹ്മണ്യം,
എൽ. നാരായണറാവു, എൻ. എസ്. കൃഷ്ണൻ, ററി. എ. മധുരം അഭിനയിച്ച
— **കുബേരകുചേല** —
എന്ന തമിഴ് ചിത്രം

കൊല്ലം ലക്ഷ്മീടാക്കീസിൽ
എം. കെ. ത്യാഗരാജഭാഗവതർ,
ററി. ആർ. രാജകുമാരി,
എൻ. സി. വസന്തകോകിലം
അഭിനയിച്ച
**ഹരിദാസ്**

കവറ കെ. സി. ടാക്കീസിൽ
**ദയാളൻ**
പി. യു. ചിന്നപ്പാ, ററി. ആർ. മഹാലിംഗം, പി. എസ്. ജ്ഞാനം
അഭിനയിച്ചതു്.


ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
29-11-1122 മുതൽ
P. കണ്ണാംബ, K. R. രാമസ്വാമി,
V. A. ചെല്ലപ്പ, ധാരാജ് നടിച്ച
**ദൈവനീതി**

ചേൎത്തല ശ്രീ ലക്ഷ്മീടാക്കീസിൽ
വി. വി. ശാരംഗപാൻ, സൂൎയ്യകുമാരി
മുതലായവർ അഭിനയിച്ച
**ഭാഗ്യദേവത**

ഹരിപ്പാട്ട് ജയലക്ഷ്മിയിൽ
പി. യു. ചിന്നപ്പാ, ററി. എസ്. ബാലയ്യാ, കാളി എൻ. രത്നം ശകുന്തള,
കൃഷ്ണൻ, മധുര അഭിനയിച്ച
**പൃഥ്വിരാജ്**

## സിൽക്കും കാട്ടണും

ചരക്കുകൾ
പുതിയ സ്റ്റാക്ക്
വളരെ ആദായവില
പുതിയ കമ്പനി
നാഗലിംഗം സ്റ്റോഴ്സ്,
2. സൌത്ത് കാവൽക്കൂട്ടെരുവു്,
മധുര.




# പ്രേമസാഗരം

—ഠ—

വിവർത്തകൻ, കെ. സുരേന്ദ്രൻ
പ്രസാധിക. കെ. ഭാനുമതിഅമ്മ
ശാരദാബുക്ക്ഡിപ്പോ ആലുവാ

വില ൧. ൪.

സാമാന്യജനങ്ങളിൽ ഒരുവനായിജനിക്കുകയും വളരുകയും അവർക്കുവേണ്ടി കലാജീവിതത്തെ സമർപ്പിക്കുകയും ചെയ്ത ഒരു സാഹിത്യകാരനായിരുന്ന ശ്രീ ശരച്ചന്ദ്ര ചാറ്റർജി, ജനകീയ സാഹിത്യത്തിന്റെ പ്രക്ഷുബ്ധമായ തലച്ചിറ വെട്ടിവിട്ടഉന്നതനായ വംഗസാഹിത്യകാരനാണെന്ന മലയാളികളിൽ അധികം ആളുകളും അറിഞ്ഞിരിക്കാനിടയില്ല. വംഗസാഹിത്യത്തിലല്ല, വിശ്വസാഹിത്യത്തിലാകമാനം ഉജ്വലപ്രഭാവീചീനിചയങ്ങളെ വികിരണംചെയ്തുകൊണ്ടുനിന്ന രവിദേവന്റെസമകാലീനനായ ശരച്ചന്ദ്രനിൽ നമുക്ക ഉദർശനകൗതുകം വന്നുപോയിട്ടുണ്ടെങ്കിൽ തന്നെ അതിശയത്തിനവകാശമില്ല. പരിവർത്തനോന്മുഖവും വികാരോത്തേജകവുമായ വംഗസാഹിത്യത്തിന്റെ തുംഗമംഗലശിരിപ്രസ്ഥരംഗങ്ങൾ ബങ്കിംചന്ദ്രന്റെയും രമേശചന്ദ്രദത്തന്റെയും നാമങ്ങളോടുസംഘടിപ്പിച്ച മലയാളികൾക്കുപുളകപ്രസരമരുളിക്കഴിഞ്ഞിട്ടുള്ളവയാണ്. ശ്രീ സി. എസ്സ്. സുബ്രഹ്മണ്യൻപോററി അവർകളാൽ വിവർത്തനം ചെയ്യപ്പെട്ട ദുർഗ്ഗേശനന്ദിനി വംഗസാഹിത്യത്തിന്റെ വിലോചനാസേചകമായ വിലോഭനീയതയെ മലയാളികൾക്ക അനുഭവമാക്കിക്കൊടുത്തു. ബംഗാളികളുടെ ഉൽക്കടമായ ഏഴയത്തുടിപ്പു, പാരതന്ത്ര്യത്താൽ എരിപൊരികൊള്ളുന്ന ആത്മാവിന്റെ അടക്കാൻ പാടില്ലാത്ത സ്വാതന്ത്ര്യദാഹം മലയാളികൾ ചെവിക്കൊണ്ടു. അങ്ങിനെ വംഗ

# പൂനിലാവ്

—ഠ—

ഗ്രന്ഥകർത്താ
പി. ററി. ചാക്കോ എം. ഏ.

വില ൮ ണ.

പൂനിലാവാളിയിൽ എട്ടു കവിതാവിഭാഗങ്ങളെ കവി ഉൾക്കൊള്ളിച്ചിരിക്കുന്നു. സൗന്ദര്യരായാംവിനിയെക്കണ്ടവ്യാമോഹപൂർണ്ണ അദ്ദേഹം അറിയാതെ ഒരു ഷോകസാഗരംശലീലയിലേർപ്പെട്ടുപോകുന്ന 'നേരംപോക്കാണ്' ആദ്യമായി ദൃശ്യമാകുന്നത്. ഇന്നത്തെ യുവകവികൾ കവിതയെപ്പിടിക്കാനോടുന്ന വിസ്ഥിതപഥത്തിൽ ക

(ഏഴാംപേജിൽനിന്നും തുടർച്ച)

കരുതിവന്നതു്. ഒരുനാൾ, സംഗതിവശാൽ നാടകപ്രസ്താവംവന്നു, സംസ്കൃതത്തിലും നാടകമുണ്ടെന്നു അപ്പോഴാണ് ശ്രീ: ജോൺസ് അറിഞ്ഞതു്. അങ്ങനെ ശാകുന്തളം പഠിക്കാനാരംഭിച്ചു. ശിഷ്യനതിൽ വല്ലാതെ വശീകൃതനായി. തൽഫലമാണ് അദ്ദേഹത്തിന്റെ ശാകുന്തളപരിഭാഷ. അതത്ര മെച്ചമൊന്നും അല്ല. എങ്കിലും, അതു കണ്ടിട്ടാണ് ജർമ്മൻ മഹാകവി ഗേഥേ ശാകുന്തളം ത്രൈലോക്യസൗന്ദര്യ സാരമാണെന്നു വിധിച്ചതു്! വ്യാകരണവും കാവ്യനാടകങ്ങളുംവരെയേ ആ ഗുരുവിന്റെ അടുക്കൽ ശ്രീ. ജോൺസ് പഠിച്ചുള്ളു. ധർമ്മശാസ്ത്രം പഠിയ്ക്കാൻ വേറെ ഗുരുമുഖേന വേണ്ടിവന്നു. ആദ്യത്തെ ബുദ്ധിമുട്ടുകൂടാതെ അതിനാളെ കിട്ടി. ശ്രീ ജോൺസ് ൧൭൯൪ൽ കല്ക്കത്തായിൽവച്ചുതന്നെ മരിച്ചു. പക്ഷേ, അതിനു മുമ്പേ, ബംഗാൾ ഏഷ്യാററിക് സൊസൈററി സ്ഥാപിക്കാൻ സാധിച്ചു. അതുവഴിയ്ക്കാണ് ഹിന്തുക്കൾ കാപ്പിരികളല്ലെന്നും സംസ്കാരസമ്പന്നരാണെന്നും ലോകത്തിനറിയാറായതു്. അറബി-പാഴ്സിഭാഷകളിലും അദ്ദേഹം പണ്ഡിതനായിരുന്നു. പാഴ്സിയ്ക്കു ഒരുത്തമ വ്യാകരണവും നിർമ്മിച്ചു.

—ഠ—

സാഹിത്യം നമ്മുടെ ഭാവനാമണ്ഡലത്തിൽ ദേശാഭിമാനോജ്വലമായ ചിന്താപരമ്പരകളെ ഇളക്കിവിട്ടുകയും ആ ബന്ധം നമ്മെ കൂടുതൽകൂടുതൽ അതിലേക്കു അടുപ്പിക്കുകയും ചെയ്തു. ആധുനിക ഭാരതത്തിൽ ബംഗാളിന്റെസ്ഥാനം, അങ്ങനെ ഒരു ചോദ്യത്തിനവകാശമില്ലാത്ത വിധം പ്രഥമവും പ്രധാനവുമാണ്. മാനസികമായ ഉൽക്കർഷത്തിന്റെ ഏതുമണ്ഡലത്തിലും അതു ഉച്ചൈസ്ഥാഹിയായി ശോഭനവർത്തിക്കുന്നു. ഭാരതത്തിൽ നിത്യമംഗള്യ ഗീതങ്ങളായി കഴിഞ്ഞിട്ടുള്ള എത്ര എത്രസുഗൃഹീത നാമങ്ങൾ ആ പുണ്യഭൂമി തന്റേതായി അവകാശപ്പെടുന്നു. ആ ഗംഗാസാഗരത്തിലുദയംചെയ്ത ശരച്ചന്ദ്രന്റെ വ്യക്തിവൈശിഷ്ട്യവും സഹാനുഭൂതിയോടുകൂടിയ ജീവിതാപഗ്രഥനപ്രഗത്ഭതയും വികാരാവിഷ്കരണ വിദഗ്ദ്ധതയും, സർവ്വോപരി സാഹിത്യത്തിന്റെ സൗന്ദര്യസമുൽക്കർഷമായ ഭാവസമ്പൂർത്തിയെ രസാവഹമാക്കി ഹ്ലാദൈകമാനവും, ആദർശയോഗ്യവുമായ ആലോചനാമൃതത്തിൽ അനുവാചകനെ ആകണ്ഠനിമഗ്നനാക്കുന്നുള്ള കലാധർമ്മജ്ഞതയും സമ്മേളിച്ചരുളുന്ന ഭാവനാപ്രപഞ്ചം കൈരളിക്കു ഇദംപ്രഥമമായ ഒരു സംഭാവനതന്നെയാണെന്നു വേണം പറയുവാൻ. ഒരാൾ മാദകമായ, മാംസളമായ വികാരങ്ങളുടെ, അഴിഞ്ഞാട്ടങ്ങളെ മറപൊതിച്ചു കാണിക്കയെന്നുള്ളതായി കഴിഞ്ഞിട്ടുള്ള നമ്മുടെ കഥാലോകത്തിൽ പ്രേമസാഗരം പ്രശാന്തഗംഭീരമായ പ്രകൃതിതത്വത്തെ പ്രത്യക്ഷപ്പെടുത്തികൊണ്ടു പ്രശോഭിക്കുന്നു. ബംഗാളിലെ കുടുംബജീവിതത്തിന്റെ ഒരു തനിച്ചിത്രം ഇതു നമുക്കു കാട്ടുന്നു. നിത്യനൈമിത്തികങ്ങളായ സംഭവങ്ങൾ, ക്രമപ്പെടുത്തിക്കൊണ്ടു പോകുന്നതിനിടയിൽ ചുംബനത്തിന്റെ സീൽക്കാരംപോലും നമുക്കു കേൾക്കാൻ സാധിക്കയില്ല. എന്നാൽ നമ്മുടെ അന്തരാത്മാവ് ആകാംക്ഷയോടുകൂടി അഭിവീക്ഷിക്കുകയും, അകൃത്രിമരമണീയകതയിൽ ആനന്ദലഹരിയടയുകയും ചെയ്യുമാറു കഥതന്നു നമ്മിൽ നിബന്ധിച്ചുപോകുന്നുണ്ട്. ശ്രീ, ശരച്ചന്ദ്രന്റെ പ്രശസ്തപൂർവ്വമായ ഭവനാലാപത്തെ ഒക്കെ മാററം ചെയ്തിരിക്കുന്ന വിവർത്തകൻ അതിന്റെ വിലയ്ക്കു യാതൊരു ഇടിവും വരാത്തവിധത്തിൽ നിഷ്കർഷബുദ്ധി ചെലുത്തിയിട്ടുണ്ട്. ആ വ്യാപാരം അദ്ദേഹം തുടർന്നുകാണുവാനും അപേക്ഷയുണ്ട്.

(സി. എം. പി.)

—ഠ—

വിഞ്ഞു വിശേഷമായിട്ടൊന്നും അതിൽ നമുക്കു കാണാൻ കഴിയുന്നില്ല. മായാസുതർ അല്പം ഭേദപ്പെട്ട കൂട്ടത്തിലാണ്. കവിതയ്ക്കു വേണ്ടുന്ന സന്ദർഭസ്ഫുരത്തയും അനുഗുണമായ പശ്ചാത്തലവും അതിൽ സൃഷ്ടിച്ചിട്ടുണ്ട്.

ഇടിപോലെപ്പൂസാധ്വിയാളൊന്നു ഞെട്ടി
ത്തടപ്പിൽ മിന്നലിനൊപ്പമെത്ത

ഇടിയും മിന്നലും മുൻപേ എന്നുള്ളതു് പ്രകൃതിശാസ്ത്രത്തിന്റെ കാര്യമാണ്. ഇടിപോലെ ഞെട്ടുകയെന്നുള്ളതു് വാക്കിനിടയില്ലാത്ത വിധം അസംഗതവുമാണ് അങ്ങനെ പ്രതിപാദനത്തിൽ ചില കുഴപ്പങ്ങൾ ഏർപ്പെട്ടിരുന്നാലും ഉൽകൃഷ്ടമായ ഒരു മാതൃഹൃദയം ആ കവിതയിൽ കവി കാഴ്ചവയ്ക്കുന്നു. കേഴാതെനോമലേ എന്ന പല്ലവിയും പാടിക്കൊണ്ടാണ് കവി മൂന്നാമതായി പ്രത്യക്ഷപ്പെടുന്നതു്. വീട്ടിലെപ്പൊയ്കയിൽ പങ്കജമദ്ധ്യത്തിൽ, ബാലാർക്കൻ ബിംബിക്കുന്നതു് അദ്ദേഹത്തിനു കാണാൻ കഴിയുന്നു. വെള്ളത്തോളിന്റെ കാട്ടിലെപ്പൊയ്ക, ചാക്കോ സാർവീട്ടിലെ പൊയ്കയാക്കി പങ്കജമദ്ധ്യത്തിൽ ബാലാർക്കപ്രതിബിംബം കാണിക്കാൻ കവതയെപ്പിടികൂടിയപ്പോൾ കേഴാതെനോമലേ എന്നു അദ്ദേഹം ആ ദേവിയെ സാന്ത്വനപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന തോന്നിപ്പോകും. അതിന്റെ ശേഷം ഭാഗങ്ങൾകൂടി കേട്ടാൽ. മാതൃഹൃദയത്തെപ്പററിയുള്ള കവിയുടെ സ്നേഹ സങ്കീർത്തനം തരക്കേടില്ല. ജനനൈവ്യനമഃ എന്നു നമസ്കരിക്കുന്ന ആ വിശുദ്ധവൈഭവം ആ കവിതയിൽ അദ്ദേഹം വരുത്താൻ ശ്രമിച്ചിട്ടുണ്ട്. അതു ആദർശസുരഭിലവുമാകുന്നുണ്ട്. ചിത്രത്തിലെ പുഞ്ചിരിയിലേക്കു കടക്കുമ്പോൾ വീണ്ടും താളം തെററിത്തുടങ്ങുന്നു. ഏതാണ്ട ചെന്നാലും തൂലികേ,നീയന്നാ മോഹിനിക്കപ്പിച്ച പുഞ്ചിരിപ്പൂ ശ്രീ, ചാക്കോയുടെ തൂലികയ്ക്കു പുഞ്ചിരിപ്പൂ പൊഴിക്കാൻ കഴിയും നേയത്തേ്റം ഭേദമായിട്ടല്ല ഒരു കാവ്യഗുണമായി ഞാനതു സ്വീകരിച്ചാൽ. ശ്രീ ചാക്കോ അവർകൾ, കവിസങ്കേതങ്ങളിൽ അറിഞ്ഞോ അറിയാതെയോ പല പൊല്ലാപ്പുകളും വരുത്തിക്കൂട്ടുന്നു. ത്രൂണത്തിന്നൾറാണി, വാർതിങ്കളും പൊൻമണി. അമ്പിളിത്തെമ്മാഴി തുടങ്ങിയ കൂട്ടംകൈ പലതും സൃഷ്ടിച്ചിരിക്കയിട്ടുണ്ട്. വിഷാദാത്മകനായ കവി ചില ഘട്ടങ്ങളിൽ തീരെതിരുന്നിട്ടില്ല. അത്കൃഷ്ടമായ രചനാകൗശലതയും പ്രകൃതിനിരീക്ഷണദക്ഷതയും, സൗന്ദര്യഗവേഷണചതുരതയും ഈ കവിതാവിഭാഗത്തിൽ കവിക്കു പതിച്ചിട്ടുമാണെന്നു പ്രസ്പഷ്ടമാകുന്നുണ്ട്. ഫ്രംഷിലെന്നപോലെ കവിതയുടെ പരിശോധനയിലും നിഷ്കർഷയോധം കാണാതെപോയി. അതു പരിഹരിക്കപ്പെടാവുന്നതേയുള്ളു. മാതൃഭാഷാപോഷണാഭിലാഷിയായ അദ്ദേഹത്തിന വർദ്ധമാനമായ ഒരു ഭാവി ആശംസിക്കയാണ് ചെയ്യുന്നതു്. (സി.എം. പി.)

—ഠ—

# നായൻ—ആയൻ—ആനായൻ

ററി. കെ. ജോസഫ്, ബി. ഏ., എൽ. ററി.

മിഥുനം ൨൨-ലെ അനുബന്ധത്തിൽ (൧൦-ാംപുറത്ത്) "നായകന്മാർ നായന്മാരായിത്തീർന്നു" എന്ന ശ്രീമാൻ അനന്തൻപിള്ള അവർകൾ നിർദ്ദേശിച്ചിരിക്കുന്ന നിഷ്പത്തിയാണ ശരി എന്നെനിക്കു തോന്നുന്നു! നാഗ-നാകശബ്ദങ്ങളിൽനിന്നു നായൻ-നായർ-നായ്മ-നാനോർ-നായനാർ, നയിനാർ മുതലായ ശബ്ദങ്ങളുണ്ടായിഎന്നു ചട്ടമ്പിസ്വാമികളാണ് ആദ്യം അഭിപ്രായപ്പെട്ടതെന്നു തോന്നുന്നു. നായൻ സംസ്കൃതീകരിച്ചു കേരളോല്പത്തിയിലും കേരളമാഹാത്മ്യത്തിലും മററും നാഗനേനാകനേ ആക്കിയെന്നുവരാം. നാഗൻ ശബ്ദത്തിനു സർപ്പത്താൻ എന്നല്ലാതെ നാഗാരാധകൻ, നാഗവാൻ മുതലായ അർത്ഥങ്ങൾ വരികയില്ലല്ലോ.

നാകൻശബ്ദം നാകഃ എന്നതിന്റെ മലയാളരൂപമാകാമെങ്കിലും നാകം എന്ന നപുംസകരൂപമാണ പ്രയോഗത്തിലുള്ളതു്. നാകൻശബ്ദത്തിന് എങ്ങനെ ജാതിനാമമേയാമാകാൻ കഴിയും? നാകന് സ്വർഗ്ഗിൻഎന്നർത്ഥം പറയാമായിരിക്കാമെ? അർത്ഥം എങ്ങനെ യോജിക്കും? നായൻ ശബ്ദം സംസ്കൃതത്തിലാക്കിയാൽ നായഃ ആകും. അതു നാഗഃ എന്നു തെററിച്ചു വായിച്ചതായിരിക്കുമോ? അല്ല, നായകൻ ചുരുങ്ങി നായ്കൻ ആയത് സംസ്കൃതീകരിച്ചപ്പോൾ-'ക'കാരവർജ്ജം നാകഃ ആയോ? (സർപ്പത്തിന് അരവ്, അരവം എന്ന പേരു വന്നത് പാമ്പെന്നർത്ഥമുള്ള arwe എന്ന പശ്ചിമേഷ്യൻ വാക്കിൽനിന്നല്ലയോ?)

ധായകൻ ചുരുങ്ങി നായൻആയി എന്ന അഭിപ്രായമത്രേ സ്വീകാര്യം. നായകന്നു പലരൂപഭേദങ്ങൾ കാണുന്നു.

൧. നായകൻ-നായൻ (ക-ലോപം)
൨. നായകർ-നായർ (പൂജക്ബഹുവചനം)
൩. നായകനാർ-നാനോർ (ഉേല്പടി), നായനാർ)
൪. നായകൻ-നായ്ക്കൻ (ദ്വിത്വം)
൫ " നായ്ക്കൻ (റാണാ നായ്ക്കൻ)
൬. " നായ്കൻ (ഒരു കരം)
൭. " നായിനാർ (പുത്തത്ത്)
൮ " നായിഡു (തെലുങ്കൻ)
൯. നയിനാപിള്ള (നയിനാർ എന്ന മുസ്ലീംപേര്)
൧൦ നൈനാമാപ്പിള (നയിനാർഎന്നനസ്രാണിപ്പേര്)

നായർ, നാനാർ എന്നിവ മേൽജാതിക്കാരെ ഉദ്ദേശിച്ചു പ്രയോഗിച്ചു വന്നതാണ്. സ്വാമി, ഏമാൻ, തമ്പുരാൻ മുതലായവപോലെ ബഹുമാനാർത്ഥം നായൻ പ്രയോഗം-ഇന്നുംകേൾക്കാം. തെക്കുനിന്നു തിരുവനന്തപുരത്തേക്കു ബസ്സിൽ വരുന്നവരോട് "പൊന്നനായകാ ഒരു കാശേട്ടുതരണേ" എന്നു ഭിക്ഷയാചിക്കുന്നതു കേൾക്കാം. മാപ്പിളമാരെ "മൂത്തനാനോർ", കൊച്ചുനാനാർ" എന്നുവിളിക്കു പതിവായിരുന്നു. ഒരുപഴയപാട്ടിൽ—

'ആപാഹാനായനനുഗ്രഹിച്ചീടണം
അല്ലലെല്ലാമൊഴിവാൻ'

എന്നുണ്ട്, ആലാഹാസുറിയാനിയിൽ (ദൈവം തമ്പുരാൻ); അറബിയിൽ അള്ളാ.

പുത്തത്തു നയിനാർ കൊല്ലത്തെ ഒരു ഹിന്ദുപ്രഭുവായിരുന്നു. ശുചിന്ദ്രമുടയനായിനാർ അവിടത്തെ ദേവനാണ്. നയിനാർ വീരകേരളവർമ്മ രാജാവാണ്. തിരുവള്ളുവ നയിനാർ പാണനായിരുന്നുപോൽ. കുഞ്ഞുരാമൻനായനാർ (വേങ്ങയിൽ) നായരാണല്ലോ.

ആയൻശബ്ദത്തിൽനിന്നു നായൻവരാൻ ന്യായമില്ല. ആയൻപശുപാലൻ; ആയമ്പാടി ആയ്പ്പാടി, ഗോകുലം. ആനായൻ ആൻ - ആയൻ ആണ്, ആൻ ശബ്ദത്തിനു കാള, പശു എന്നർത്ഥം. "ആൻപൊരുനൈ" എന്ന പ്രാചീന നദീനാമധേയത്തിൽ ഈ ആൻ കാണുന്നു. തിരു ആൻ കോട് (തിരുവാങ്കോട്), പുര ആൻ കോട്ട് (പുരാങ്കോട്), തിരുപുരആൻകോട്ട് (തിരുവിതാങ്കോട്ട്), തിരു ആൻ കാവ് (തിരുവാങ്കാവ്); തിരു ആൻ കുളം (തിരുവാങ്കുളം) മുതലായ പഴയ പേരുകളിൽ (ആനാണുകാണുന്നതു്. ആയൻ ആണെന്നും വരാം; ആവ് ആണെന്നും വരാം.) ആയമ്പാടി ആയൻപാടിയാണെന്നു പറയാമെങ്കിലും. ആവിൻപാടി (ഗോകുലം) എന്നും ആൻപാടി എന്നും നിഷ്പത്തികല്പിക്കാമോ? ആവ് പശുവാണ്; ആൻ പശുവും കാളയും ആകാം.

—ഠഠ—

## മദ്രാസ് മോട്ടർ ട്രാൻസ്പോർട്ട്

### ദേശീയമാക്കുവാൻ തീരുമാനം

മദ്രാസ് ജൂലൈ ൧൧—പത്തുകോടിരൂപാ ചിലവുചെയ്തു മദ്രാസ് മോട്ടർട്രാൻസ്പോർട്ട് ദേശീയമാക്കുവാൻ മദ്രാസ്ഗവമെന്റ് തീരുമാനിച്ചിരിക്കുന്നു.

എം. പി.

## വസ്തുഒഴിപ്പിക്കുന്ന സംഗതിക്കു നോട്ടീസ്

സിവിൽനടപടിനിയമത്തിന്റെ
ആർഡർ ൨൧ റൂൾ ൩൫, ൩൪, ൯൨, ൯൩
കൊല്ലം അഡീഷനൽമുൻസിഫ് കോർട്ടിൽ
൧൧൨൫-ാമാണ്ട് സി. നമ്പ്ര ൨൦൨
ആദ്യവ്യവഹാരം.
൧൧൨൨-ാമാണ്ടു വിധിനടത്തുഹർജിനമ്പ്ര ൩൮൨

വാദി—കൊല്ലംപകുതിയിൽ കൈക്കുളങ്ങരച്ചേരിയിൽ ഇരവിപ്പൻപറമ്പിൽനിന്നും പരവൂർപകുതിയിൽ കുറുമണ്ടച്ചേരിയിൽ തെക്കേവീട്ടിൽ അനന്തുജനാർദ്ദനൻ

പ്രതികൾ—൧ പരവൂർപകുതിയിൽ തെക്കുംഭാഗത്തുചേരിയിൽ മനാച്ചുഴികമായ മണ്ണാണത്തുവീട്ടിൽ മൈതീൻകുഞ്ഞ് അലി എന്നുവിളിക്കുന്ന മഹമ്മദലി, ൨ ടിയിൽ മൈതീൻകുഞ്ഞു അഹമ്മതു്, ൩ ടിയിൽ മൈതീൻകുഞ്ഞുഅസ്സൻ, ൪ ടിയിൽ മൈതീൻകുഞ്ഞുഹമീതു്, ൫ ടിയിൽ ആവനാഉമ്മാൾ ഉമ്മസൻഉമ്മാൾ, ൬ ടിയിൽ ആവനാഉമ്മാൾ ഉമ്മറുമ്മാൾ, ൭ ടിയിൽ ആവനാഉമ്മാൾ പരീതുമ്മാൾ, ൮ പരീതുകുഞ്ഞു അനീഫാ, ൯ ടിയിൽ പരീതുകുഞ്ഞു ഇബ്രാഹിംകുട്ടി, ൧൦ ടിയിൽ പരീതുകുഞ്ഞു ദാവീതു്, ൧൧ ടിയിൽ ഉമ്മസൻഉമ്മാൾ ചെയിനസുമ്മാൾ, ൧൨ ടിയിൽ ഉമ്മസലുമ്മാൾ അലുമഉമ്മാൾ, ൧൩ ടിയിൽ മൈനർ ചെയിനമ്പുമ്മാൾ ഹനീവഉമ്മാൾ, ൧൪ ടിയിൽ മൈനർ അക്ബർമുഹമ്മദുഷാഫി, ൧൫ ടിയിൽ മൈനർ അക്ബർമുഹമ്മദുറാബി, ൧൬ ടിയിൽ മൈനർ അലുമഉമ്മാൾ അമിനാഉമ്മാൾ എന്നും എഴുതിയിരിക്കുന്ന നസയിബാഉമ്മാൾ, ൧൭ ടിയിൽ മൈനർ അലുമഉമ്മാൾ അമിനാഉമ്മാൾ, ൧൮ ടിയിൽ മൈനർ മുഹമ്മദു അബ്ദുൽക്കാദർതാജുദീൻ, ൧൯ ടിയിൽ പരീതുമ്മാൾ മുഹമ്മദുപാത്തുമ്മാൾ, ൨൦ ടിയിൽ മുഹമ്മദു മൈതീൻ അബ്ദുൽസലാം, ൨൧ ടിയിൽ മൈനർ അബ്ദുൽകരിം ഷാസുദീൻ, ൨൨ ടിയിൽ മൈനർ അബ്ദുൽക്കരിം ഷഫിഖാൻ, ൨൩ ടിയിൽ അബ്ദുൽക്കരിം കമാലുദീൻ, ൨൪ ടിയിൽ മൈനർ കൊച്ചുകുഞ്ഞുബക്കർ, ൨൫ ടിയിൽ മൈനർ കൊച്ചുകുഞ്ഞുലുക്മാൻ, ൨൬ പരവൂർ പകുതിയിൽ തെക്കുംഭാഗത്തുചേരിയിൽ മനാച്ചുഴികംക്കുടിയുള്ള കൊച്ചുകിഴക്കേഭാഗത്തുവീട്ടിൽ നാവൂകുഞ്ഞുഷഹുലമീതു്

മൈനർകളായ ൧൩ മുതൽ ൧൮ വരേയും ൨൧ മുതൽ ൨൫ വരേയും പ്രതികളുടെ രക്ഷാകർത്താവു പരവൂർ തെക്കുംഭാഗത്തുചേരിയിൽ മനാച്ചുഴികത്തുനിന്നും പട്ടരുഴികത്തു മുഹമ്മദുമൂസാ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ ഡിക്രിയിൻ കണ്ട വസ്തു ഒഴിപ്പിച്ചുകൊടുപ്പിക്കണമെന്നു ടി വാദി അനന്തുജനാർദ്ദനൻ അപേക്ഷിച്ചതനുസരിച്ചു ൧൧൨൨-ാമാണ്ടു ആടിമാസം ൩൦-ാം സ്ഥലത്തു ഹാജരായി വസ്തു ഒഴിപ്പിച്ചുകൊടുക്കുന്നതിനു ആമീനു ഉത്തരവു കൊടുത്തിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

വിചാരണ—൨-൧൨-൧൧൨൨

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨-ാമാണ്ടു ഇടവം ൨൦-ാംനു

—o—

## പരസ്യം പ്രതിസമൻ

ആലപ്പുഴ പ്രി: മുൻസിഫ് കോർട്ടിൽ
൧൧൨൨-ൽ സി-൩൧

വാദി—ആലപ്പുഴപകുതിയിൽ ടി മുറിയിൽ പഴഞ്ഞങ്ങാടിയിൽ കച്ചവടം എം. ഉമ്മൻ

അഡ്വ: എം. സി. വറുഗീസ്സ്.

പ്രതി—മല്ലപ്പുഴശ്ശേരിപകുതിയിൽ കോഴഞ്ചേരിമുറിയിൽ കൊട്ടക്കാട്ടേത്തുവീട്ടിൽ വറുഗീസ്സ് ജോർജ്ജ്

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വാദിബോധിപ്പിച്ചിരിക്കുന്ന അന്യായത്തിനു ഉത്തരംപറവാനായി ൧൧൨൨ കർക്കടകം ൧൨-ാംനു അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧-മണിക്കു നിങ്ങൾനേരിട്ടോ വക്കീൽമുഖാന്തിരമോ കോടതിയിൽ ഹാജരാകാത്തപക്ഷം നിങ്ങളെക്കൂടാതെ കേസ്സു തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം

൧൭-൧൧-൧൧൨൨ ഹെഡ്ഗുമസ്താ (ഒപ്പ്)

## നോട്ടീസ്

—o—

ഹരിപ്പാട്ടു മുൻസിഫ് കോർട്ടിൽ
൧൧൨൨-പ-൧

വാദികൾ—ഹരിപ്പാട്ടു തുലാമ്പറമ്പു നടുവത്തുംമുറിയിൽ മത്തല്ലൂർ എന്നുകൂടി പേരുള്ള മത്തല്ലൂർവടക്കതിൽനിന്നും തൃക്കുന്നപ്പുഴപകുതി പള്ളിയാട്ടുമുറിയിൽ അഞ്ചുതെങ്ങിൽതാമസം കാർത്ത്യായനി സരസ്വതി മു-പേ-൨

പ്രതികൾ—൧. ഹരിപ്പാട്ടു തുലാമ്പറമ്പു വടക്കുംമുറിയിൽപടിക്കവെള്ളിവീട്ടിൽ പാർവ്വതിഅമ്മതേവിഅമ്മ ൨. ടിയിൽ വേലായുധൻപിള്ള ശിവരാമപിള്ള ൩. ടിയിൽ വേലായുധൻപിള്ള നീലകണ്ഠപ്പിള്ള

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ വ്യവഹാരം പാപ്പരായി സ്വീകരിക്കുന്നതിനു വാദികൾബോധിപ്പിച്ച ഹർജിയെപ്പറ്റി ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ൧൧൨൨ കർക്കടകം ൬-ാംനു പകൽ ൧൧-മണിക്കു ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൦-൧൧-൧൧൨൨

—o—

## പരസ്യനോട്ടീസ്

സിവിൽ നടപടിനിയമത്തിന്റെ
ആഡർ ൨൧ റൂൾ ൩൪
പെരുമ്പാവൂർ ടെമ്പററി
മുൻസിഫ് കോർട്ടിൽ
൧൧൦൬-ാമാണ്ടു ൯൦൭-ാംനമ്പർ
ആദ്യവ്യവഹാരം
൧൧൨൦-ൽവിധിനടത്തുഹർജിനമ്പർ ൧൩

വാദി—രായമംഗലംപകുതി കീഴില്ലം കരമുണ്ടേക്കരഇല്ലത്തു ശങ്കരൻ കേശവൻനമ്പൂതിരി

വക്കീൽ മി. കെ. നാരായണപിള്ള

പ്രതി—൧൨. കൊച്ചി തൃശ്ശിവപേരൂർ താലൂക്കു പെരിങ്ങാട്ടുകര പ്രവൃത്തി കിഴുപ്പിള്ളിക്കരവില്ലേജു വെളുത്തേടത്തു് തരണനെല്ലൂർ പടിഞ്ഞാറെഇല്ലത്തു് പരമേശ്വരൻനമ്പൂതിരിപ്പാട്ടിലെ പുത്രൻ ശങ്കരൻനമ്പൂതിരിപ്പാട്

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വിൽപിച്ച വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൨-ാമാണ്ടു കർക്കടകമാസം ൯-ാംനു-ക്കു അവധിനിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-മാണ്ടു മിഥുനമാസം ൭-ാംനു

—o—

## നോട്ടീസ്സ് Rule 14

—o—

മീനച്ചൽമുൻസിഫ് കോർട്ടിൽ
൧൧൧൭-ൽ സിവിൽ ൨൫൩

തീറുവാദി—ഭരണങ്ങാനംപകുതിയിൽ ടി മുറിയിൽ ചാമക്കാലായിൽ മത്തായി ദേവസ്യാ

പ്രതി—വിജയപുരംപകുതിയിൽ മുട്ടമ്പലംകരയിൽ വട്ടക്കുന്നേൽ പുരയിടത്തിൽപാർക്കും കണ്ണുവത്തു് നാരായണപിള്ള പരമേശ്വരൻപിള്ള

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർവിധി അവകാശം അസ്സൽവാദികളോടു് തീറുവാദി ശരിയായപ്രതിഫലംകൊടുത്തു് തീറുവാങ്ങിയിരിക്കുന്നതിനാൽ ടിയാനെ കൂടതൽ ൩-ാംവാദിയായി കക്ഷിചേർത്തു് വിധിനടത്താൻ അനുവദിക്കണമെന്നുംമററും ബോധിപ്പിച്ചിരിക്കുന്ന ഹർജിസംഗതിയെപ്പററി പ്രതിക്കു ആക്ഷേപം ബോധിപ്പിക്കാനുള്ളപക്ഷം വിചാരണദിവസമായ ൧൧൨൨- ആടിമാസം ൧൨-ാംനു പകൽ ൧൧-മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം. അല്ലാത്തപക്ഷം പ്രതിയെക്കൂടാതെ ടി ഹർജി സംഗതി തീരുമാനിക്കുന്നതായിരിക്കും.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨-ാമാണ്ടു ആനിമാസം ൧൦-ാംനു

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു് എതൃകക്ഷിക്കു നോട്ടീസ്സ്

Order XXI R. 20

മാവേലിക്കര മുൻസിഫ് കോർട്ടിൽ
൧൧൦൭-ാമാണ്ട്-സി-൯൨൧

വാദി—ചെന്നിത്തല പകുതിയിൽ കാരാണ്മപടിഞ്ഞാറുംമുറിയിൽ മാവിലേത്തു കോശി മാത്യൂ

പ്രതികൾ—൩. അട്ടൂർപകുതിയിൽ പന്നിവിഴമുറിയിൽനടക്കാവിൽ കൊച്ചുമ്മൻകുര്യൻ ൭. ടിയിൽ കൊച്ചുമ്മൻജോർജ്ജ് ൩-ം, ൭-ം പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പരിൽ വിധിനടത്താൻ അനുവദിച്ചു് ഉത്തരവുണ്ടാകണമെന്നും മററും വാദിബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് Exn Petn ൪൫൧-നമ്പർ ഹർജി സംഗതി ൧൧൨൨-ാമാണ്ട് ആടിമാസം ൮-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧-മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുംഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം അപ്രകാരംചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ട് ആനിമാസം ൧൨

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

പറവൂർ മുൻസിഫ് കോർട്ടിൽ
൧൧൨൦-ാമാണ്ടു പതിവുസിവിൽ
നമ്പ്ര ൯൯൩

വിധിതീറുകാരൻ—വരാപ്പുഴപകുതി ഏലൂർതെക്കുംഭാഗം മുറിയിൽ കൂടാനവീട്ടിൽ പത്മനാഭൻ കരുണാകരൻപിള്ള

പ്രതി—ആലുവാപകുതി ആലുവാകരയിൽ പുതുമനവീട്ടിൽപാർക്കും കക്കാട്ടു് വീട്ടിൽ നാരായണപിള്ള ഗോപാലപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽ നമ്പരിൽ വിധി തീറുകാരനെ കൂടുതൽ വാദിയായി കക്ഷിചേർത്തു ഉത്തരവുണ്ടാകണമെന്നും മററും തീറുകാരൻ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട് ഇ. പി. ൪൨൧-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട് കർക്കടകമാസം ൮-ാംനു- വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ടു മിഥുനമാസം ൨൦-ാംനു

—o—

## പ്രതിസമൻസ്

നെടുമങ്ങാട്ട് ടെമ്പററി
മുൻസിഫ് കോർട്ടിൽ
൧൧൪ സിവിൽ ൯൧൫

വാദി—അന്നാട്ടുപകുതിയിൽ വേട്ടമ്പള്ളിമുറിയിൽ പറമ്പുവാരത്തു് വീട്ടിൽ കണക്കു് ആദിച്ചപിള്ള നീലകണ്ഠപ്പിള്ള.

പ്രതികൾ ൨. കാരിനാംകുഴിപകുതിയിൽ ടി മുറിയിൽ പുന്നമൂട്ടുവീട്ടിൽ മീതിയൻ പക്കീർ മുഹമ്മദു, ൩. ടിയിൽ അമിനാഉമ്മാൾ വീവിഉമ്മാൾ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ കേസ്സു് ൧൧൨൨-ാമാണ്ടു കർക്കടകമാസം ൯-ാംനു-തീർച്ചക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം ടി പ്രതികളോ പ്രതികൾക്കു നിയമാനുസാരം ഏർപ്പെടുത്തപ്പെട്ട വക്കീലോ മററുവല്ലവരുമോ ഹാജരായി തർക്കം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം പ്രതികളെ കൂടാതെ ടി കേസ്സു് തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

നെടുമങ്ങാട്ട്
൭-൧൧-൧൧൨൨

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

ഏററുമാനൂർ മുൻസിഫ് കോർട്ടിൽ
൧൧൨൨ ാമാണ്ട് പാപ്പർനമ്പർ ൩.

ഹർജിക്കാരൻ—കാണക്കാരി പകുതി കുളത്തൂർകരയിൽ എടയാടിക്കരവട്ടനിന്നും തെക്കേക്കുളാറപാർക്കും രാമൻനായർ ഭാസ്കരൻനായർ.

൪ാം എതൃഹർജിക്കാരൻ—കാണക്കാരി പകുതി കുളത്തൂർ കരയിൽ തെക്കേക്കുളററനിന്നും കുമരകം പകുതി പടിഞ്ഞാറുംഭാഗം കരയിൽ തച്ചാറവീട്ടിൽ താമസം രാമൻനായർ മാധവൻനായർ.

ടി എതൃഹർജിക്കാരനെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ പാപ്പർ സ്വീകരിച്ചു ഉത്തരവുണ്ടാകണമെന്നും മററും ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് പാപ്പർ ൩-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട് ആടിമാസം ൯-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨-ാമാണ്ട് ആനിമാസം ൯-ാംനു-

—o—

## പരസ്യം

ചങ്ങനാശേരി മുൻസിഫ് കോർട്ടിൽ
൧൧൨൧-ൽ സിവിൽനമ്പ്ര ൨൭൬.

വാദി—വെളിയനാട്ടു പകുതിയിൽ കുമരങ്കരി മുറിയിൽ ചെറപ്പേത്തുവീട്ടിൽ കണക്കു കുട്ടിയമ്മ കൊച്ചുകുഞ്ഞിയമ്മ.

൫-ാംപ്രതി—കോട്ടയം താലൂക്കിൽ നാട്ടകം പകുതിയിൽ പാക്കത്തിൽ വടക്കേടത്തുവാര്യത്തു പാർവ്വതിയമ്മ തങ്കമ്മ. ൭-ാംപ്രതി ടിയിൽ പാർവ്വതിയമ്മ മാധവിക്കുട്ടിയമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പരിൽ വാദി പ്രതികളുടെമേൽ ബോധിപ്പിച്ചിരിക്കുന്ന വ്യവഹാരത്തിനു ഉത്തരംബോധിപ്പിക്കുന്നതിനായി ൧൧൨൨ ആടിമാസം ൧൦-ാംനു-ക്കു അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസംപകൽ ൧൧ മണിക്കു ടി പ്രതികളോ അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഏജന്റോ ഈ കോടതിയിൽ ഹാജരാകാതെയിരുന്നാൽ പ്രതികളെക്കൂടാതെ കേസ്സു് തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨ ആനിമാസം ൧൪-ാംനു

—o—

## പരസ്യം

മീനച്ചൽ മുൻസിഫ് കോർട്ടിൽ
൧൧൨൨-ൽ എൻ. ആർ. പി. ൪.

ഹർജിക്കാരൻ—ളാലം പകുതി മീനച്ചിൽപ്പുഴ,കരമുറിയിൽ കാരാംതാനത്തു നിന്നും കോലത്തുപാർക്കും നാരായണൻനായർ നാരായണൻ നായർ

എതൃഹർജിക്കാരി—ളാലാപകുതി പോണാട്ടുകരയിൽ ഉണ്ണിപ്പാക്കൽനിന്നും വെട്ടിക്കാനായിൽ പാർക്കും നാരായണിഅമ്മ ജാനകിഅമ്മ.

ടി എതൃഹർജിക്കാരിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ ഹർജിക്കാരനും എതൃഹർജിക്കാരിയും തമ്മിലുള്ള വിവാഹബന്ധം വേർപെടുത്തികിട്ടുന്നതിനു ഹർജിക്കാരൻ ബോധിപ്പിച്ചിട്ടുള്ള ഹർജി സംബന്ധിച്ചു എതൃഹർജിക്കാരിക്കു നോട്ടീസ്സു് നടച്ചതിൽ കൈപ്പററാതെ വന്നിട്ടുള്ളതിനാൽ ഈ കേസു അടുത്തവിചാരണയ്ക്കു വച്ചിരിക്കുന്ന ൧൧൨൨ ആടിമാസം ൭-ാംനു- പകൽ ൧൧ മണിക്കു എതൃഹർജിക്കാരി നേരിട്ടോ വക്കീൽമുഖാന്തിരമോ ഈ കോടതിമുമ്പാകെ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതാകുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൫—൧൧—൧൧൨൨.

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

ആർഡർ ൨൧ റൂൾ ൨൦.
മാവേലിക്കര മുൻസിഫ്കോർട്ടിൽ
൧൧൦ൻ-ാമാണ്ട് സി ൩൭൨ ാം നമ്പ്ര.

൨-ാം വാദി—ചുനക്കര പകുതിയിൽ കോമല്ലൂർമുറിയിൽ കമ്പിയിഴ മീനത്തേതിൽവീട്ടിൽ കുഞ്ഞുപെണ്ണമ്മ നാരായണിഅമ്മ.

പ്രതികൾ—൨. വെണ്മണിപകുതിയിൽ വെണ്മണി ഏറത്തുമുറിയിൽ തെക്കേതലയ്ക്കൽ ചാക്കോ ചാക്കോ. ൪ ടി മുറിയിൽ കോട്ടൂർ ഗീവർഗ്ഗീസു കോശി. ൭ ടിയിൽ ഗീവർഗ്ഗീസു യോഹന്നാൻ.

൨-ം ൪-ം ൭-ം പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പ്ര വിധിനടത്താൻ അനുവദിച്ചു് ഉത്തരവുണ്ടാകണമെന്നും മറ്റും ൨-ാം വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട് E. P. ൧൦൩൯-ാം നമ്പർ ഹർജി സംഗതി ൧൧൨൨-ാമാണ്ട് ആടിമാസം ൩-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ട് ആനിമാസം ൧൩-ാംനു

—ം—

## പരസ്യം

ചേർത്തല പ്രിൻസിപ്പാൾ മുൻസിഫ്കോടതിയിൽ
൧൯൪-ൽ സിവിൽനമ്പ്ര ൧.

കൂട്ടതൽവാദി—ആലപ്പുഴ പകുതി കുട്ടമശേരികരയിൽ കുട്ടമശേരിമനയ്ക്കൽ ഇരിക്കും കരിഞ്ഞാലിപ്പാഴൂരില്ലത്തു രാമൻ ദാമോദരൻ നമ്പൂതിരിപ്പാട്.

പ്രതികൾ—൧൯. പാണാവള്ളി മുറിയിൽ മരന്താക്കാട്ടു കിഴക്കേനികത്തിൽ കൊച്ചുമഹമ്മദിൻെറ ഭാര്യ പാത്തുക്കുട്ടി. ൨൦. ടിയിൽ പാത്തുക്കുട്ടിമകൾ നെബീസ. ൨൧. ടിയിൽ പാത്തുക്കുട്ടി കയ്യും. ൨൯. ടി മുറിയിൽ ഏരൂർ നിന്നും തെക്കുപ്പള്ളിൽ താമസിക്കും ചെയ്യുപരിയ്യുമകൾ കൊച്ചുബീവിയമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ അസൽവാദി മരിച്ചതിനപകരം അവകാശിയും കുടുംബഭരണക്കാരനുമായ മേൽ പേരുവിവരം പറയപ്പെട്ട കൂട്ടതൽവാദിയെ വാദിസ്ഥാനത്തു കക്ഷിചേർക്കുന്നതിൽ മേൽ പേരുവിവരം പറയപ്പെട്ട പ്രതികളിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ വിചാരണദിവസമായ ൧൧൨൨-ാമാണ്ട് ആടിമാസം ൭-ാം തീയതി പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ട് ആടിമാസം ൧൩-ാംനു

—ം—

ചങ്ങനാശേരി മുൻസിഫ്കോർട്ടിൽ
൧൧൨൧ സ്മാൾ നമ്പർ ൩൭

വാദി:—ദി. കേരളസർവ്വീസുബാങ്ക് ക്ലിപ്തം. ചങ്ങനാശേരി.

വക്കീൽ പി. കെ. പത്മനാഭപിള്ള

൨-ാം പ്രതി:—അമ്പലപ്പുഴപകുതിയിൽ കഞ്ഞിപ്പാടം മുറിയിൽ കളപ്പുരക്കൽ കൃഷ്ണപ്പണിക്കർ ഗോപാലപ്പണിക്കർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽ നമ്പരിൽ ൨-ാം പ്രതിക്കു പലപ്രാവശ്യവും സമനയച്ചതിൽ മനഃപൂർവ്വം കൈപ്പറ്റാതെ മടങ്ങിവന്നിരിക്കുന്നതും വീണ്ടും കേസ് ൧൧൨൨ കർക്കടകം ൩-ാംനു വിചാരണക്കു വച്ചിരിക്കുന്നതുമാകയാൽ എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അന്നേദിവസം പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

ഉത്തരവുപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ട് ആനിമാസം ൭-ാംനു

—ം—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

കരുനാഗപ്പള്ളി മുൻസിഫ്കോർട്ടിൽ
൧൧൧൩-ാമാണ്ട് സി ൧൪൭

വാദി ൨. തൊടിയൂർ പകുതിയിൽ ടി മുറിയിൽ അരമത്തുമഠത്തിൽ തെക്കതിൽ കൃഷ്ണനുണ്ണിത്താൻ ഗോവിന്ദനുണ്ണിത്താൻ മു. പേ

പ്രതികൾ—൯. തെക്കുംഭാഗംപകുതി വടക്കുംഭാഗം മുറിയിൽ അഴകത്തുബംഗ്ലാവിൽ പത്മനാഭപിള്ള നാരായണപിള്ള. ൧൦. ടിയിൽ ഗൌരിപ്പിള്ള ഭാർഗ്ഗവിപ്പിള്ള ൧൧. തിരുവനന്തപുരം വഞ്ചിയൂർ കോട്ടയ്ക്കകത്തു കിഴക്കേമഠത്തിൽ ലക്ഷ്മിപ്പിള്ള ഭഗവതിപ്പിള്ള തങ്കച്ചി ൧൨. തിരുവനന്തപുരം പാല്ക്കുളങ്ങര പകുതി ഇരവിപേരൂർ അക്കാട്ടുവീട്ടിൽ വേലായുധൻതമ്പി കുമാരൻതമ്പി

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

അന്യായതീയതി മുതല്ക്കുള്ള മേലാദായത്തിന് വാദികൾക്കവകാശമുണ്ടെന്നും മറ്റും വാദികൾ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് സിവിൽ പലവക ൩൯൩൭-ാംനമ്പർ ഹർജി സംഗതി ൧൧൨൨-ാമാണ്ട് ആടിമാസം ൧൪-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൦-൧൧-൧൧൨൨

—ം—

ചേർത്തല മുൻസിഫ്കോർട്ടിൽ
൧൨൨-ൽ സിവിൽ നമ്പ്ര ൧൦൪

വാദി:—അരൂർപകുതി അരൂർമുറിയിൽ വീച്ചുംപള്ളിൽ താമസിക്കും വാതിക്കാട്ടുമഠ വേലിക്കകത്തു വീട്ടിൽ രാമൻപിള്ള രാമകൃഷ്ണപിള്ള.

൨-ാം പ്രതി വട്ടതല മാറത്തിഭാഗം പകുതി ടി മുറിയിൽ കൊല്ലശ്ശേരിലായ പുത്തൻപുരക്കൽ കല്യാണിഅമ്മ പാർവ്വതിഅമ്മ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ടി പ്രതിയുടെമേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കയാൽ അതിന്നുത്തരം പറയുവാനായി ൧൧൨൨-ാമാണ്ട് കർക്കടകമാസം ൩-ാംനുക്ക് വിചാരണവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് പ്രതിയോ വക്കീലോ അധികാരപ്പെടുത്തിയ ഏജൻറോ ഈ കോടതിയിൽ ഹാജരായി തർക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും അങ്ങിനെ ചെയ്യാത്തപക്ഷം പ്രതിയെക്കൂടാതെ വ്യവഹാരം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൩൦-൧൧-൧൧൨൨

—ം—

## പ്രതിസമൻ

പെരുമ്പാവൂർ ടെമ്പററി മു. കോർട്ടിൽ
൧൧൧൯-ൽ സിവിൽ ൩൨൨.

വാദി—രായമംഗലംപകുതി ടി കരക്കല്ലറയ്ക്കൽ കോര വർക്കിതരകൻ മുതൽപേർ (൨)

പ്രതികൾ—൨ കോതമംഗലംപകുതി കോട്ടപ്പടികരയിൽ കുഞ്ഞുകഴിഞ്ഞരാപാക്കം പാറപ്പാട്ട് പൈലി ഗീവർഗീസ് ൩ ടിയിൽ പൈലി മത്തായി.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

മേല്പറഞ്ഞ പ്രതികളുടെമേൽ വാദികൾ മേൽനമ്പർ വ്യവഹാരംബോധിപ്പിച്ചിരിക്കയാൽ അതിന്നുത്തരംബോധിപ്പിക്കുന്നതായി ൧൧൨൨ കർക്കടകം ൧൪-ാംനു പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ പ്രതികൾതന്നെയോ അല്ലെങ്കിൽ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽമുഖാന്തിരമോ ഹാജരായിരിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽനമ്പർ വ്യവഹാരം തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ക്ലാർക്ക് ഒപ്പ്)

൧൧൨൨ ആനി ൧൩

## പരസ്യനോട്ടീസ്സ്

—ം—

വൈക്കം മുൻസിഫ്കോർട്ടിൽ
൧൦൦-സി-൩൪൯

വാദി—പാണാവള്ളിപകുതിയിൽ ടി മുറിയിൽ ചിറ്റാറ്റിൽ താന്നേഴത്തുവീട്ടിൽ നാണിഅമ്മ കുഞ്ഞിക്കുട്ടിഅമ്മ ബോധിപ്പിക്കുന്ന ഹർജി

ടി നമ്പരിൽ ൭-ാംപ്രതി ഒഴികെയുള്ള മറ്റുപ്രതികളുടെ നോട്ടീസു ധർമ്മദേശാപത്രത്തിൽ പരസ്യം ചെയ്യുന്നതിന്ന അനുവദിച്ചുത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.

വാദി—പാണാവള്ളിപകുതിയിൽ ടി മുറിയിൽ ചിറ്റാറ്റിൽതാന്നേഴത്തുവീട്ടിൽ നാണിഅമ്മ കുഞ്ഞിക്കുട്ടിഅമ്മ

പ്രതികൾ—൧. മരിച്ചു. ൨. മരിച്ചു. ൩. പാണാവള്ളിപകുതി ചേലാട്ടുഭാഗംമുറിയിൽ ഏറനാട്ടുതാമസിക്കും നാരായണൻ കൃഷ്ണക്കൈമൾ ൪. ടിയിൽ നാരായണൻ കൊച്ചുകുട്ടക്കൈമൾ ൫. മരിച്ചു. ൬. മരിച്ചു. ൭. പാണാവള്ളി പകുതി ടി മുറിയിൽ കളരിക്കൽതാമസിക്കും നാരായണൻ നാരായണക്കൈമൾ. ൮. മരിച്ചു. ൧൦. ടി മുറിയിൽ പാനക്കൽ താമസിക്കും നാരായണൻ നാരായണക്കൈമൾ ൧൧. മരിച്ചു. ൧൨. മരിച്ചു. ൧൩. ടി മുറിയിൽ കളപ്പുരക്കൽനാരായണൻ വാസുക്കൈമൾ ൧൪. മരിച്ചു. ൧൭. ടി മുറിയിൽ മല്ലക്കേരിലായ കളരിക്കൽ നാരായണൻ കൊച്ചുപിള്ള ൧൯. മരിച്ചു. ൧൬. ടി പകുതി ചേലാട്ടുഭാഗം മുറിയിൽ മല്ലക്കേരിലായ പെരിങ്കത്തായിൽ നാരായണൻ കുമാരൻ ൧൪. മരിച്ചു. ൧൯. മരിച്ചു. ൨൦. ടിയിൽ കുഞ്ഞിഅമ്മ ലക്ഷ്മിഅമ്മ ൨൧. ടിയിൽ മൈനർ ഭാരതിഎന്നുവിളിക്കുന്ന ഭാർഗ്ഗവിഅമ്മ. ൨൨. ടിയിൽ മൈനർ നാരായണൻ വേലായുധൻ ൨൩. ടി മല്ലക്കേരിലായ ഏറനാട്ടു പാർവ്വതിഅമ്മ നാരായണിഅമ്മ ൨൪. ടിയിൽ പാർവ്വതിഅമ്മ കാത്യായനിഅമ്മ ൨൭. ടിയിൽ നാരായണി കാവുക്കുട്ടിഅമ്മ ൨൯. ടിയിൽ ദാമോദരൻ എന്നുവിളിക്കുന്ന നാരായണൻ കേശവൻ ൨൬. മരിച്ചു. ൨൪. ടിയിൽ ദേവകി ഗൌരിഅമ്മ ൨൫. ടിയിൽ കുഞ്ഞിക്കാവു മാധവിഅമ്മ ൩൦. ടിയിൽ ഗൌരികാവുക്കുട്ടിഅമ്മ ൩൧. ടിയിൽ നാരായണൻ കൃഷ്ണൻ ൩൨. ടിയിൽ മൈനർ നാരായണൻ ശിവരാമൻ ൩൩. ടിയിൽ മൈനർ നാരായണൻ ഭാസ്കരൻ ൩൪. ടിയിൽ ഗൌരിഭാരതിഅമ്മ ൩൭. ടി മല്ലക്കേരിലായ കളപ്പുരക്കൽ കുഞ്ഞിപ്പെണ്ണമ്മ കല്യാണിഅമ്മ ൩൯. ടിയിൽ കല്യാണിഅമ്മ നങ്ങഅമ്മ ൩൬. ടിയിൽ മൈനർ നാരായണൻ നീലകണ്ഠൻ ൩൪. ടി മല്ലക്കേരിലായ പാനക്കൽ താമസിക്കും നാരായണൻ രാഘവൻ ൩൯. ടിയിൽ മൈനർ നങ്ങഅമ്മ ലക്ഷ്മിഅമ്മ ൨൧-ം ൨൨-ം പ്രതികളുടെ രക്ഷകർത്താവു ൨൦-ാംപ്രതി ൨൯-ം ൩൩-ം പ്രതികളുടെ രക്ഷകർത്താവ് ൩൦-ാംപ്രതിയും ൩൬-ാംപ്രതിയുടെ രക്ഷകർത്താവു ൩൭-ാംപ്രതിയും ൩൯-ാംപ്രതിയുടെ രക്ഷകർത്താവ് ൧൦-ാംപ്രതിയും ആകുന്നു.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടിനമ്പ്ര പട്ടികവസ്തു ലേലത്തിൽ വില്പിച്ചുവിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ടവിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിന്ന ൧൧൨൨-ാമാണ്ട് ആടിമാസം ൨-ാംനു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൭-൧൦-൧൧൨൨

—ം—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

കൃഷ്ണപുരം മുൻസിഫ്കോർട്ടിൽ
൧൧൨൦-ാമാണ്ട് സിവിൽ ൩൦൧

വാദി—കീരിക്കാട്ടു രാമപുരംമുറിയിൽ വടക്കേചൂടാമ്പാടിയില്ലത്തു നാരായണൻ ഭട്ടതിരി ദാമോദരൻഭട്ടതിരി.

൨-ാംപ്രതി—പാലമേൽപകുതിയിൽ എരുമക്കുഴിമുറിയിൽ തെങ്ങുവിളയിൽവീട്ടിൽ ലക്ഷ്മിഅമ്മ കാത്യായനിഅമ്മ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് ഇ. പി. ൩൨൩-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട് ആടിമാസം ൩-ാംനു വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതുംഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണം. അപ്രകാരംചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨ ആനിമാസം ൧൪

—!—

## പരസ്യനോട്ടീസ്സ്

സിവിൽനടപടിനിയമത്തിൻെറ ആർഡർ ൨൧ റൂൾ ൫൪ വകുപ്പ്

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൦-ാമാണ്ട സിവിൽ നമ്പർ-ാംനമ്പ്ര
ആദ്യവ്യവഹാരം

വാദി—സർവ്വമുക്ത്യാർകാരൻ—ബ്രിട്ടീഷുശീമ പൊന്നാനിതാലൂക്ക കോതച്ചിറ അംശം പെരിങ്ങോട്ടുദേശത്തു പൂവള്ളിമനയ്ക്കൽ നാരായണൻചെറിയവാസുദേവൻ നമ്പൂതിരിപ്പാട്

പ്രതികൾ—൧ അരൂർപകുതിയിൽ അരൂർമുറിയിൽ ചിറമേൽ കമ്പക്കാരൻവീട്ടിൽ രാമൻ ഗോപാലൻ കമ്പക്കാരൻ, ൨. ടിയിൽ രാമൻ വേലായുധൻകമ്പക്കാരൻ, ൩ ടിയിൽ രാമൻ ഗോവിന്ദൻകമ്പക്കാരൻ, ൪ ടിയിൽ രാമൻരാഘവൻകമ്പക്കാരൻ, ൭ ടിയിൽ രാമൻ ലക്ഷ്മണൻ കമ്പക്കാരൻ, ൮ ടിയിൽ രാമൻകൊച്ചുകുട്ടൻകമ്പക്കാരൻ, ൯ ടിയിൽ രാമൻ-പരമേശ്വരൻ കമ്പക്കാരൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കിക്കൊടുപ്പിക്കണമെന്നു വിധിയുടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിന്ന ൧൧൨൨-ാമാണ്ട ആടിമാസം ൩-ാംനു-യ്ക്കു അവധി നിശ്ചയിച്ചിരിക്കുന്നതുമാകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൨-ാമാണ്ട ഇടവമാസം ൧൦-ാംനു

—ം—

## സിവിൽപലവകഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്സ്

Order XXI R. 20

മാവേലിക്കരമുൻസിഫ്കോർട്ടിൽ
൧൧൧൯-ാമാണ്ട സ്മാൾ ൨൨൭

വാദി—൨. ചെന്നിത്തല കാരാണ്മ പടിഞ്ഞാറേംമുറിയിൽ മാവിലേത്തു കോശികോശി

പ്രതികൾ—൧ മാവേലിക്കരപകുതിയിൽ ടി മുറിയിൽ താമരക്കിഴക്കതിൽ കൃഷ്ണപിള്ളഗോപാലപിള്ള, ൨ ചേപ്പാട്ടുപകുതിയിൽ ഏവൂർവടക്കുംമുറിയിൽ വാഴക്കോട്ടുമഠത്തിൽ വെങ്കിട്ടരാമയ്യൻ രാമകൃഷ്ണയ്യൻ

ഒന്നും രണ്ടും പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ വിധിനടത്താൻ അനുവദിച്ചു ഉത്തരവുണ്ടാകണമെന്നും മററും രണ്ടാം വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ട Exn Petn ൩൬൪-ാംനമ്പർ ഹർജിസംഗതി ൧൧൨൨-ാമാണ്ട ആടിമാസം ൧൩-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണം. അപ്രകാരംചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൨-ാമാണ്ട ആനിമാസം ൨൦-ാംനു

# മൺമറഞ്ഞ ബംഗാളി കവയിത്രിമാർ

## ഒരു അവലോകനം

കെ. ഏ. സുകുമാരൻ, (ടാററാപുരം)

ഇക്കഴിഞ്ഞ ലോകമഹായുദ്ധകാലത്തിന്റെ വേളയിൽ ക്ഷാമത്തിന്റെ ദുരന്തദുരിതത്തിൽ കിടന്നു ഞരിപിരികൊണ്ട നാടാണു ബംഗാളെന്ന വസ്തുത ഏവർക്കും അറിവുള്ളതാണ്. ബംഗാൾ എന്നു പറയുമ്പോൾ ഓരോ സ്വാതന്ത്ര്യസ്നേഹിയുടെയും സ്മൃതിപഥത്തിൽ ഓടിയെത്തുന്നതു ക്ഷാമത്തിന്റെ ദയനീയചിത്രങ്ങളാണ്. അങ്ങിനെ ആധുനികലോകം ക്ഷാമത്തിന്റെ പര്യായമാക്കുന്ന ബംഗാൾ പുരാതനകാലം മുതൽക്കു നിരവധി കവികളുടേയും കവയിത്രിമാരുടേയും ജനനം കൊണ്ടു പരിപാവനമായിത്തീർന്നിട്ടുള്ളതാണ്. അവരിൽ അധികംപേരും ലോകത്തിന്റെ ദൃഷ്ടിപഥത്തിൽ വേണ്ടുവോളം പതിയാതെ നഷ്ടപ്രഭമായി പോവുകയാണുണ്ടായിട്ടുള്ളതു. ബംഗാളിന്നു തികച്ചും അഭിമാനിക്കാവുന്ന പ്രസ്തുത സാഹിത്യകാരന്മാരിൽ പുരാതന കവയിത്രിമാർ പ്രാധാന്യമർഹിക്കുന്നു. തദ്ദേശകവയിത്രിമാരുടെ ചരിത്രം ബംഗാൾ സാഹിത്യചരിത്രത്തിന്റെ എണ്ണപ്പെട്ടതായ ഏടുകളിൽ ഇന്നും നിലകൊള്ളുന്നു. പുരാതന കാലങ്ങളിൽ ബംഗാളിസാഹിത്യത്തിന്നു മാർഗ്ഗദർശനം നൽകിയ ചില വീരപുത്രിമാരെപ്പററി ഒരു ചെറിയ വിവരണം നൽകുകയാണു ഈ ചെറുലേഖനംകൊണ്ടുദ്ദേശിക്കുന്നതു്.

### രമണി

ബംഗാളിലെ ഏററവും പുരാതന കവയിത്രിയായിട്ടാണ് രമണിയെ അറിയപ്പെടുന്നതു്. പ്രസിദ്ധ വൈഷ്ണവകവിയായ ചണ്ഡിദാസിന്റെ സമകാലീനയായ ഇവരുടെ വിലപ്പെട്ട പല കവിതാസമുച്ചയങ്ങളും ബംഗാളി സാഹിത്യത്തിനു കാഴ്ചവച്ചിട്ടുണ്ടു്. ജാതിയിൽ ഒരു അലക്കുകാരത്തിയായ രമണി ചെറുപ്പംമുതലേ സഞ്ചാരപ്രിയയായിരുന്നു. അവരുടെ സഞ്ചാരവേളയിൽ ഒരവസരത്തിൽ ബീർഭൂമിലുള്ള നാന്തൂർ വിശാലാക്ഷിക്ഷേത്രത്തിൽ അഭയാർത്ഥിനിയായി എത്തിച്ചേരുകയുണ്ടായി. ചണ്ഡിദാസായിരുന്നു ആ ക്ഷേത്രത്തിലെ പ്രധാന പുരോഹിതൻ. അദ്ദേഹം രമണിക്കു അഭയം നൽകുകയും അതേത്തുടർന്നു അദ്ദേഹം അവളിൽ അനുരക്തനായിത്തീരുകയും ചെയ്തു. അതു് ഒരു പ്രണയകഥയുടെ ആരംഭമായിരുന്നു. 'ചണ്ഡിദാസ്' തന്നെ അവരുടെ പ്രണയത്തെപ്പററി ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു. 'ഉരകല്ലിൽ മാററുരച്ചുനോക്കുന്ന സ്വർണ്ണത്തെപ്പോലെയായിരുന്നു രമണിയുടെ പ്രേമം. ലൈംഗികമോ കാപട്യപരമോ ആയ കൃത്യങ്ങൾക്കു ആ നിർമ്മലപ്രേമത്തിൽ സ്ഥാനമില്ലായിരുന്നു.' ഇതറിഞ്ഞ ക്ഷേത്രഭാരവാഹികൾ ചണ്ഡിദാസിനെ ജാതിഭ്രഷ്ടനാക്കി. അതേത്തുടർന്നു അദ്ദേഹത്തിനു വിശാലാക്ഷിക്ഷേത്രത്തിലെ പൌരോഹിത്യവൃത്തി നഷ്ടമാവുകയും ചെയ്തു. അക്കാലത്തു് രമണി എഴുതിയ പല കവിതാശകലങ്ങളും കാലത്തെ അതിജീവിച്ചു ബംഗാളിസാഹിത്യത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ടു്.

### ആനന്ദമയി

ഫരീദ്പൂരിലെ ജപ്സാഗ്രാമത്തിലെ ലാലാ രംഗതിറോയ് എന്ന പ്രസിദ്ധ കവീശ്വരന്റെ പുത്രിയായിരുന്നു ആനന്ദമയീദേവി. പയഗ്രാമയിലെ കവീന്ദ്രനായ അയോദ്ധ്യാരാമനായിരുന്നു ആനന്ദമയിയുടെ ഭർത്താവ്. അദ്ദേഹവും ഒരു വലിയ വിദ്വാനായിരുന്നു. ആനന്ദമയി തന്റെ പിതാവിൽനിന്നും സംസ്കൃതവും ബംഗാളിഭാഷയും അഭ്യസിക്കുകയും, അവയിൽ അസാമാന്യപാരംഗതയായിത്തീരുകയുംചെയ്തു. അന്നത്തെ സാഹിത്യത്തിൽ അവൾക്കു അനൽപമായ ഒരു സ്ഥാനം ലഭിക്കുകയും, പല കവിതകളും രചിക്കുകയുമുണ്ടായി. നിർഭാഗ്യവശാൽ ആനന്ദമയി എഴുതിയിട്ടുള്ള എല്ലാ കവിതകളും ആധുനികർക്കു ലഭിച്ചിട്ടില്ല. എന്നാൽ അവരിൽനിന്നും കിട്ടിയിട്ടുള്ള ചില കവിതകൾ അവരുടെ കവിതാവാസനയും ചിന്താസരിത്തിനും ഉത്തമദൃഷ്ടാന്തങ്ങളാണ്. ആനന്ദമയിയുടെ മരുമകനായ ലാലാ ജയനാരായൺ പിൽക്കാലത്തു് പ്രസിദ്ധീകരിച്ച 'ഹരിലീല' 'ചണ്ഡി' എന്നീ രണ്ടു ഗ്രന്ഥങ്ങളാണ് ആനന്ദമയിയുടേതായി ഇന്നത്തെ ബംഗാൾസാഹിത്യലോകം അറിയുന്നതു്.

### വൈജയന്തി

ഫരീദ്പൂരിലെ 'ധനകം'എന്നഗ്രാമത്തിൽ ഏ ഡി ൧൭൦൦-ലാണ് വൈജയന്തി ജനിച്ചതു്. പ്രസിദ്ധപണ്ഡിതനായിരുന്ന മയൂരഭട്ടന്റെ പിൻഗാമിയായിരുന്ന വൈജയന്തി ചെറുപ്പത്തിലെതന്നെ വിദ്യകൾ അഭ്യസിക്കുന്നതിൽ വലിയ വാസന പ്രകടിപ്പിച്ചിരുന്നു. അവർ സംസ്കൃതം, തർക്കശാസ്ത്രം തുടങ്ങി വിദ്യയുടെ നാനാവശങ്ങളും സമ്പാദിക്കുകയുണ്ടായി. അക്കാലത്തെ ഒരു വലിയ പണ്ഡിതനായിരുന്ന കൃഷ്ണനാഥനാണ് വൈജയന്തിയെ വിവാഹംചെയ്തിരുന്നതു്. എന്നാൽ കൃഷ്ണനാഥിന്റെ സമുദായം കൂടുതൽ ഉന്നതമായിരുന്നതിനാൽ പിൽക്കാലത്തു് വൈജയന്തി ഭർത്താവിനാൽ പരിത്യജിക്കപ്പെട്ടു. ഇതു വൈജയന്തിയുടെ ജീവിതത്തെ സാരമായി ബാധിക്കുകയാൽ തർക്കം അലങ്കാരം, ശാസ്ത്രം ആദിയായ കലകളിൽ പ്രാവീണ്യം സമ്പാദിക്കുവാനാണ് അവർ ജീവിതശിഷ്ടം വിനിയോഗിച്ചതു്. അവരുടെ ദുരിതങ്ങൾ അസഹ്യമായപ്പോൾ വൈജയന്തി തന്റെ ഭർത്താവിനു കവിതയിൽ ഒരു കത്തയക്കുകയുണ്ടായി. പ്രസ്തുത കവിതക്കത്തിലെ ശോകാത്മകതയും, ആദർശവും കൃഷ്ണനാഥന്റെ ഹൃദയത്തെ സാരമായി സ്പർശിക്കുകയും, അതിന്റെ ഫലമായി വൈജയന്തിയെ അദ്ദേഹം രണ്ടാമതു സ്വീകരിക്കുകയുംചെയ്തു.

വൈജയന്തിയുടെ ഭർത്താവായ കൃഷ്ണനാഥ് സാർവ്വഭൌമൻ അദ്ദേഹത്തിന്റെ വസതിയിൽ ഒരു സംസ്കൃതസ്കൂൾ നടത്തിയിരുന്നു. പ്രസ്തുത വിദ്യാലയത്തിലേക്കു ബംഗാളിന്റെ പല ഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികൾ എത്തിച്ചേരുകയുണ്ടായി. അക്കാലത്തു ഭർത്താവിനു വിഷമംനേരിടുന്ന പല തർക്കശാസ്ത്രപ്രശ്നങ്ങൾക്കും വൈജയന്തി അർത്ഥംപറഞ്ഞുകൊടുത്തിരുന്നു. "ആനന്ദലതികാചമ്പു" എന്ന പേരിൽ കൃഷ്ണനാഥ് എഴുതിയിട്ടുള്ള സാഹിത്യഗ്രന്ഥത്തിനു ആനന്ദമയിയുടെ വിലയേറിയ സഹായങ്ങളുണ്ടായിരുന്നു. വൈജയന്തി പല സംസ്കൃതഗീതകങ്ങളും എഴുതിയിട്ടുണ്ട്. നിർഭാഗ്യ

(ശേഷം പതിനാലാം പേജിൽ)



Ad. No. S. 12.

# ഇൻഡ്യൻ കലയിലെ, 'ദോഹദ' സമ്പ്രദായം

ആർ. നീലകണ്ഠപ്പിള്ള (യു. സി. കാളേജ് ആലുവാ)

പ്രാചീന ഇൻഡ്യൻ കലയുടെ സമാംസാരങ്ങളായ സജീവ പ്രവർത്തനരംഗങ്ങളിൽ രസാവഹമായ ഒന്നാണ് ദോഹദ സമ്പ്രദായം. സാഹിത്യത്തിലും കൊത്തുപണിയിലും ഒന്നുപോലെ അതു വ്യാപിച്ചിട്ടുണ്ട്. കലാകാരന്മാരുടെ ഇടയിൽ വലിയ ഒച്ചപ്പാടിനും ഇടവരാതിരുന്നിട്ടില്ല. അവരുടെ സൂക്ഷ്മനിരീക്ഷണത്തിലുണ്ടായിട്ടുള്ള അനാസ്ഥയാണ് ഈവിധ കലാപ്രകടനത്തിന്റെ പരിധി നിർണ്ണയിക്കുവാൻ ചിലപ്പോൾ നേരിട്ടിട്ടുള്ള അപര്യാപ്തതയ്ക്കു ഹേതു.

സാഹിത്യനിരൂപകന്മാർ ഈ ചടങ്ങിനെ ഒരു വെറും പ്രകൃതിസങ്കല്പമെന്നു മാത്രമേ കരുതുന്നുള്ളു. ലതകളും തരുക്കളും അകാലങ്ങളിൽ പുഷ്പിക്കുന്നതിനുകൈക്കൊണ്ടിരുന്ന ഒരു മാർഗ്ഗം. അതിന്റെ "ഏജൻറ" സുന്ദരിയായ ഒരു തരുണിയാണ്.

'പ്രിയംഗുലത ഒരു രമണിയുടെ സ്പർശത്താലും, ബകുളം തുപ്പലേല്ക്കുന്നതിനാലും, അശോകം, പാദാഘാതത്താലും, തിലകവും കുരവകവും വീക്ഷണാലിംഗനങ്ങളാലും, മന്ദാരം, മധുരവാക്യങ്ങളാലും, നമേരു, സംഗീതത്താലും, കർണ്ണികാരം, നർത്തനത്താലും, പൂക്കാൻ ചുട്ടുന്നു.'

ഈ സങ്കല്പത്തിന് സഹസ്രാബ്ദത്തിലുമേറിയ പഴക്കമുണ്ട്. 'കാമശാസ്ത്രത്തിന്റെ കർത്താവായ വാത്സ്യായനൻ' ഒരു മനോഹരിയുടെ, മേൽക്കാണിച്ച ഓരോ വൃത്തിയ്ക്കും വികാരോദ്ദീപനശക്തിയുള്ളതുകൊണ്ട് അവ ഉദ്ദീപനവിഭാഗങ്ങളെന്നാണ് അഭിപ്രായപ്പെടുന്നതു്. സുന്ദരിയായസ്ത്രീയും, അവളുടെ സ്നേഹപ്രകടനങ്ങളും ലോകജീവിതത്തിൽ ആരെയുംവെറുപ്പിക്കുന്നില്ലല്ലോ. പ്രത്യുത ചേതോഹരമാക്കിച്ചെയ്യുന്നു. അതുകൊണ്ടുതന്നെയാവാം നിരൂപകന്മാരിൽ ചിലർ 'സ്ത്രീ മധുരമാണ്" എന്നുകൂടി രേഖപ്പെടുത്താൻ മടിക്കാതിരുന്നതു്. അതുകൊണ്ടുതന്നെയാണ് മനുഷ്യലോകംപോലെ സസ്യലോകവും വികാരാത്മകമാണെന്നും ഒരു സുന്ദരിയുടെ ഏതാദൃശവൃത്തികൾ മനുഷ്യഹൃദയങ്ങളെയെന്നപോലെ സസ്യജാലത്തെയും വികാരചഞ്ചലിതമാക്കുന്നതിന് പോരുന്നവയാണെന്നും, അങ്ങിനെ പുഷ്പങ്ങളും ഫലങ്ങളും സംജാതമാകുമെന്നും രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതു്. ഈ വിശ്വാസത്തിനു് ഇന്നും വലിയകോട്ടം സംഭവിച്ചിട്ടില്ല. പക്ഷെ ഇന്നു് അശോകം, ജാസ്മിൻ, എന്നിതരുക്കളെ ധൂമവാതമേല്പിച്ചു പുഷ്പിപ്പിക്കുന്ന കഠിനമായ മാർഗ്ഗമാണ് സ്വീകരിച്ചുകാണുന്നതു്. കാളിദാസന്റേതിലും പ്രാചീനമായ ഒരു കാലംമുതല്ക്കു ദോഹദ സമ്പ്രദായം പ്രബലപ്പെട്ടിരുന്നുവെന്നു നിസ്സംശയം പറയാം. 'ഓമികാന്യമായ ബാലികയെപ്പോലെ നീ തരുക്കളിൽ ഒന്നൊന്നായി കയറുക' എന്നു തുടങ്ങിയ അഥർവ്വവേദവരികൾ പ്രസ്തുത വേദകാലത്തിനും പിറകിലോട്ടു നമ്മെ നയിക്കുന്നു.

സിൻഡിൽ, 'മോഹൻ ജെദാരോ' എന്നസ്ഥലത്തു നടത്തിയ ഗവേഷണങ്ങളുടെ ഫലമായി വൈദികകാലത്തിനുമപ്പുറംമുതല്ക്കു ദോഹദസമ്പ്രദായം ഇൻഡ്യയിൽ നടപ്പുണ്ടായിരുന്നുവെന്നു തെളിയുന്നു.

മുൻകാണിച്ചിട്ടുള്ള വിവിധദോഹദവൃത്തികൾ എല്ലാംതന്നെ പ്രദർശസാദ്ധ്യങ്ങളല്ല. ചിരിക്കുക, സംസാരിക്കുക തുടങ്ങിയ രീതികൾ ഒരു തിരശ്ശീലയിലോ, ശിലയിലോ പ്രകടിപ്പിച്ചു ഫലിപ്പിക്കുവാൻ വിഷമമാണ്. എന്നാൽ ഇവയിൽ ചിലതിനു ശരിയായ പ്രചാരമുണ്ടായിരുന്നുവെന്നുള്ളതിന് സുലഭമായിക്കാണുന്ന ചിത്രങ്ങൾ മതിയായ തെളിവുകളാണ്. ആറാംശതകത്തിലെ ഒരു കാളിദാസനിരൂപകൻ കവീന്ദ്രന്റെ കാലം ബി. സി. നൂറാണ്ടുകളിലാണെന്നും, പാദാഘാതദോഹദം ലൈംഗികബന്ധത്തിന്റെ പ്രതിബിംബമാണെന്നും, സാഹിത്യത്തിലും ശിലാചിത്രങ്ങളിലും അതു സവിശേഷം കാണുന്നുണ്ടെന്നും അഭിപ്രായപ്പെടുന്നു. വാത്സ്യായനൻ ചില കാരണങ്ങളിൽ വിയോജിക്കുന്നതായിക്കാണാം. എങ്ങനെയായാലും ബി. സി. രണ്ടാംശതകംമുതൽ നേരെ പതിനെട്ടാംശതകംവരെയുള്ള ഒരു കാലഘട്ടം നിർണ്ണയിക്കാൻ തക്കതായ കാര്യമുള്ള ദോഹദസമ്പ്രദായത്തിനുണ്ടെന്നാണ് അഭിപ്രായപ്പെടുന്നതു്. പ്രാചീനമദ്ധ്യകാലങ്ങളിലായി വിവിധകലാകേന്ദ്രങ്ങൾ പരിശോധിച്ചാൽ ഈ വസ്തുത തെളിയുന്നതാണ്. സാഞ്ചി, ബാർഹൂഡ്, മഥുര, ഗാന്ധാരം, [illegible], അമരാവതി തുടങ്ങിയ കലാസങ്കേതങ്ങൾ ഇന്നും [illegible] നിലകൊള്ളുന്നു. എന്നാൽ അല്പമായ വ്യത്യാസം കലാകാരന്റെ വ്യക്തിത്വത്തിലന്നോണം വിവിധദേശങ്ങളിലെ ചിത്രങ്ങളിൽ സുസ്പഷ്ടമായി കാണുന്നുണ്ട്.

[illegible] ചിലരും ഈവിധചിത്രങ്ങൾക്കു നല്കിയിട്ടുള്ള ഭാവനാജന്യങ്ങളായ നാമസങ്കേതങ്ങൾ ഓർക്കുന്നതു് രസാവഹമായിരിക്കും. 'കണ്ണിംഗ്ഹാം' നർത്തനദേവതകൾ എന്നും 'സ്മിത്ത്' അബ്ധിദേവതകൾ എന്നും, 'വോഗൽ' സാലഭഞ്ജികകളെന്നും, കുമാരസ്വാമി വൃക്ഷദേവതകളെന്നാണ് സങ്കല്പനാമങ്ങൾ നല്കിയിരിക്കുന്നതു്. സാഹിത്യത്തിന്റെ വെളിച്ചത്തിൽനിന്നുകൊണ്ടല്ലാതെ ദോഹദസമ്പ്രദായത്തിനു ശരിയായ ഒരു വ്യാഖ്യാനം കൊടുക്കുക സാദ്ധ്യമല്ല. 'ഇതുമൂലം സസ്യജാലങ്ങളെ മനുഷ്യീകരിച്ചും അവയിൽ ജീവാംശം പ്രദാനംചെയ്യുക മാത്രമല്ല ചെയ്യുന്നതു്. അവയെ വികാരാത്മകങ്ങളാക്കുക, ഖേദവും സന്തോഷവും അറിയാറാക്കുക, അതാണ് ഇതുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു. ഈ സ്വഭാവത്തിന്റെ പരിസ്ഫുരണമാണ് കാളിദാസന്റെ പ്രകൃതിവർണ്ണനകളിൽ നിഴലിച്ചുകാണുന്നതു്.'

—o—

(പതിമൂന്നാംപേജിൽനിന്നും തുടർച്ച)

വശാൽ അവ കാലത്തിന്റെ കൈബലയിൽ അപ്രത്യക്ഷമായിപ്പോയി!

## പ്രിയംവദ

മുന്നൂറു വർഷങ്ങൾക്കുമുമ്പാണ് പ്രിയംവദ ജീവിച്ചിരുന്നതു്. അവരുടെ പിതാവായ ശിവരാമസാർവ്വഭൌമം ഒരു വലിയ പണ്ഡിതനായിരുന്നു. അദ്ദേഹവും ഒരുപാഠശാല നടത്തിയിരുന്നതിലേക്കു ബംഗാളിനുപുറത്തുനിന്നുപോലും വിദ്യാർത്ഥികളെ ആകർഷിച്ചിരുന്നു. വളരെ ഉൽക്കണ്ഠാകുലയായ ഒരുബാലികയായിട്ടാണ് പ്രിയംവദ വളർന്നുവന്നതു്. സ്വന്തം പിതാവുതന്നെയാണ് പ്രിയംവദയെ വിദ്യ അഭ്യസിപ്പിച്ചതു്. വളരെ ചുരുങ്ങിയകാലംകൊണ്ടു അവർ സംസ്കൃതത്തിൽ അസാമാന്യനൈപുണ്യം സമ്പാദിച്ചു.

ബീഹാറിലെ പ്രശസ്തപണ്ഡിതനായിരുന്ന രഘുനാഥൻ പ്രിയംവദയിൽ അനുരക്തനായിത്തീർന്നു. എന്നാൽ അദ്ദേഹത്തിന്റെ ഉദ്ദേശം സഫലമായില്ല. എന്തുകൊണ്ടെന്നാൽ അക്കാലത്തു പ്രിയംവദ സംസ്കൃതം ശരിയ്ക്കു പഠിച്ചിരുന്നില്ല. മാത്രമല്ല, അവളുടെ കമിതാവിന്റെ ഭാഷ അവൾക്കു വശമില്ലായിരുന്നു. അതിനാൽ ആദ്യമാദ്യ ഇരുവർക്കും ബുദ്ധിമുട്ടു നേരിടേണ്ടിവന്നു. ഒടുവിൽ പ്രിയംവദ സംസ്കൃതം അഭ്യസിക്കുകയും, ആ ഭാഷയിൽ പാണ്ഡിത്യം സമാർജ്ജിക്കുകയുംചെയ്തു. അതിനുശേഷം പ്രിയംവദ സംസ്കൃതഭാഷയിൽ പല കവിതകളും രചിക്കുകയുണ്ടായി.

വിവാഹത്തിനുശേഷം പ്രിയംവദ ഭർതൃഗൃഹത്തിലാണ് ജീവിക്കയുണ്ടായതു്. രഘുനാഥ് ഒരു നിർധനനായിരുന്നതിനാൽ പ്രിയംവദയ്ക്കു വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നു. അവൾ അവിടെവെച്ചു കിട്ടുന്ന വിശ്രമവേളകളെല്ലാം മാനസികാഭിവൃദ്ധിക്കായി വിനിയോഗിക്കുകയുണ്ടായി. ചുരുങ്ങിയ സമയംകൊണ്ടു അമരകോശവും, സാവിത്രി, ദമയന്തി തുടങ്ങിയവരുടെ കഥയും പ്രിയംവദ ഹൃദിസ്ഥമാക്കി. പിൽക്കാലത്തു "മാർക്കണ്ഡേയപുരാണ"ത്തിലെ 'മദാലസ'എന്ന ഉപാഖ്യാനത്തേയും, മഹാഭാരതത്തിലെ ശാന്തിപർവ്വത്തിലെ 'മോക്ഷ'ത്തെയുംപറ്റി പ്രിയംവദ ഒരുവിമർശനം എഴുതുകയുണ്ടായി.

പ്രിയംവദ തന്റെ ഭർത്താവായ രഘുനാഥനിൽനിന്നാണ് തർക്കശാസ്ത്രം അഭ്യസിച്ചതു്. അതിനാൽ അവരുടെ കവിതകളിൽ 'ഫിലോസഫി' ശ്രദ്ധമൂലമായി പ്രകാശിക്കുന്നതായി കാണാം.

മേലെഴുതിയതു് മൺമറഞ്ഞ ബംഗാളി കവിയിത്രിമാരിൽ അപൂർവ്വം ചിലരുടെ ചരിത്രംമാത്രമാണ്. പുരാതനകാലത്തു ബംഗാളിൽ അനേകം പണ്ഡിതകളായ വനിതകൾ ജീവിച്ചിരുന്നതായി ചരിത്രം [illegible]ചെയ്തിട്ടുണ്ട്. അവരുടെ കൃതികളിൽ ഒട്ടുമുക്കാലും നഷ്ടപ്പെടുകയോ വിസ്മൃതിയുടെ തിരശ്ശീലയ്ക്കുള്ളിൽ അകപ്പെടുകയോചെയ്തുപോയി.

—o—

## ദിവ്യസൌന്ദര്യം

(ടാഗോറിൽനിന്നു്)

എം. പി. അപ്പൻ

ലാവണ്യപൂർണ്ണത പൂണ്ടമാമുഗ്ദ്ധതൻ
കൈവല്ലിയിങ്കൽ പിടിച്ചുന്മദത്തിനാൽ
വാരഞ്ചുമക്കളിർമേനിയെ ഗാഢമെൻ
മാറോടുചേർക്കുന്ന കോൾമയിർക്കൊണ്ടുഞാൻ.
ചമ്പകപ്പൂന്തൊത്തിനൊത്തൊരാ സൌന്ദര്യ-
സമ്പത്തുകൊണ്ടെന്റെ കൈകൾനിറയ്ക്കുവാൻ
അൻപെഴമാമഞ്ജുമന്ദഹാസത്തെയെൻ
ചുംബനം കൊണ്ടുകവർന്നെടുത്തീടുവാൻ
ഭംഗിതുളുമ്പുമാശ്യാമളാപാംഗത്തെ
എൻകണ്ണുകൊണ്ടു യഥേഷ്ടംനുകരുവാൻ
ജൃംഭിതോന്മേഷം ശ്രമിക്കുകയാണുഞാൻ
സംഫുല്ലരാഗതരളഹൃദന്തനായ്.
എന്തൊരാശ്ചര്യം! ആ സമ്പൂർണ്ണസൌഷ്ഠവ-
മെങ്ങോമറഞ്ഞൊളിക്കുന്നു തൂമിന്നൽപോൽ
നീട്ടററകാന്തി പടരുംനഭസ്സിന്റെ
നീലിമയാക്കു പിഴിയാൻ കഴിഞ്ഞിടും?
ആശാകുലൻ ഞാൻ ശ്രമിക്കുന്നുപിന്നെയു-
മാസ്വാസ്ഥ്യകമാര്യതുധരിയെപ്പിടിക്കുവാൻ.
എന്നിൽനിന്നുമകന്നാനിഗ്ദ്ധാഭമാ-
മുന്നിദ്രസൌഭഗം മാഞ്ഞുപോകുന്നഹോ!
അത്യന്തരാശ്രിതഭാരതന്ത്രനായ്ഹൃത്തട-
മെത്രയുംക്ഷീണിച്ചു പിൻതിരിക്കുന്നുഞാൻ.
ആഹന്ത! ദേഹം തഴുകുവതെങ്ങനെ
ആത്മാവുമാത്രം തൊടേണ്ടുന്ന പൂവിനെ?

## കാലം

ത്രാമ്പിക്കൽ— ഇടപ്പള്ളി

കാലത്തിൻപ്രവാഹമേ!ജീവിതച്ചെറുതോണി
ഓളത്തിലുലച്ചെന്നെയെങ്ങുയോ!നയിയ്ക്കുന്നു?
നിൽക്കാതെനിരന്തരംപായുന്നതിരിഞ്ഞൊന്നും
നോക്കാതെഭവാൻസത്യസങ്കേതമേതോതേടി.
ഉൾഗ്രഹിപ്പുനീജീവകോടികൾപോക്കിടുന്നോ-

## അനുഗമനം

തകഴി, ഈ ആർ. പിള്ള.

ത്തന്നേയനുഗമിച്ചീടും പ്രിയയോടു
തന്നുടെകാമുകൻചൊല്ലുകയാണിദം:—
എന്നിൽക്കൃപനിനക്കല്പമുണ്ടെന്നാകി-
ലെന്നുടെയാത്രയെപിൻതുടരായ്ക്കനീ!
വ്യാമോഹഗാനങ്ങൾപാടിയണഞ്ഞെന്റെ
സാമോദയാത്രയ്ക്കു ഭംഗംവരുത്താലാ,
ഏതാതുകോരിത്തരിപ്പിക്കുമപ്പൂവ്
വൃത്താന്തമാവത്തനോത്സുകമെങ്കിലും
അത്യന്തഭൂസ്സഹമിന്നവയേതുമെൻ
ചിത്തസമ്മോദപ്രദമല്ലകേവലം.
താവകമേസ്മരാസ്യമുൽഗളിച്ചീടുന്ന
സാഹസഗാനങ്ങൾസംഹരിച്ചീടുനീ!
നീരം നിരാശാഭരിതമാംജീവിതം
പെറിതാളന്നോരുദുർഭഗനാമിവൻ
തെല്ലൊന്നുസ്വാസ്ഥ്യംവരിക്കട്ടെ,നിനിന്റെ
പല്ലവിപാടിയടുക്കാതിരിക്കണം.
ജീവിതാശാസുഖസ്വപ്നവിമുക്തനായ്
കേവലാനന്ദസുഷുപ്തിയിലെത്തുവാൻ
ആറടിമാത്രംവരുന്നോരുമൺപുര-
യേറിഞാൻവിശ്രമിച്ചീടട്ടെയേകനായ്
ആരുമനുഗമിച്ചീടേണ്ടതാനെന്റെ
ശോകാന്ത നാടകമാടിക്കഴിഞ്ഞിതാ
താവുംതമോമയമെങ്കിലുമപ്പുറം
പാവമേ!പൂകട്ടെ!പിൻതിരിഞ്ഞീടുനീ!!

—

. രുൾത്തുടിപ്പുകളാകെയക്ഷോഭ്യഹൃദയനായ്!
ഇരുളിൻപരപ്പിലുംകാന്തിതൻതഴപ്പിലും
മുഴകിഗമിയ്ക്കുന്നുഭാവനാതീതൻഭവാൻ!
വിശ്വത്തിൻതുച്ഛക്രങ്ങൾതൽഗതിവേഗത്തിനാൽ
വിദ്രുതംചലിക്കവെ - ചൈതന്യംസ്ഫുരിയ്ക്കവെ;-
പൂന്തിങ്കൾതിളങ്ങുന്നു - താരങ്ങൾതെളിയുന്നു;
കാന്തിതൻകതിക്കുലകതിരോൻപൊഴിക്കുന്നു!!

* * * * * *

ആശതൻനിറംചേർത്തസങ്കല്പചിത്രങ്ങളെ
ആശുഞാൻകുറിയ്ക്കുന്നകാലമാമരുവിയിൽ!!

# കൊല്ലം ചെമ്പകരാമൻ തെരുശാസനം

—ഠ—

## ഒരു പുരാതനശിലാരേഖ

കൊല്ലം കച്ചേരിവളപ്പിൽ വടക്കപടിഞ്ഞാറായി കല്ലിൽ മൺട്രോയുടെ ആഫീസെന്നറിയപ്പെടുന്ന പെറിയ കെട്ടിടത്തിന്റെ വടക്കുകിഴക്കേമൂലയിലായി സ്ഥാപിക്കപ്പെട്ടിരുന്ന ഒരു ശിലാരേഖ ഏതാനും വർഷങ്ങൾക്കുമുമ്പു പുരാതനവസ്തുഗവേഷണവകുപ്പിൽനിന്നും എടുത്തുകൊണ്ടുപോകുകയുണ്ടായി. പ്രസ്തുത ശില ഇപ്പോൾ പത്മനാഭപുരംകൊട്ടാരത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. കൊല്ലംചെമ്പകരാമൻതെരുശാസനംഎന്നാണ് ഇതു അറിയപ്പെടുന്നതു്. ഇതിനെപ്പറ്റിയുള്ള വിവരണം തിരുവിതാംകൂർ ശിലാശാസനഗ്രന്ഥാവലി നാലാംപുസ്തകം ൯൭, ൯൮ ഈ വശങ്ങളിൽ പ്രസിദ്ധപ്പെടുത്തിക്കാണുന്നു. ഏതാണ്ടു ഇപ്രകാരമാണ്:— ഇതിന്റെ കാലം കൊല്ലം ൮൭൪ (എ. ഡി. ൧൬൯൯)ആണ്. അതിൽ കൊല്ലത്തെ ഒരു തെരുവു ചെമ്പകരാമൻതെരു അഥവാ അഞ്ചിനാമ്പുകളിടംഎന്നനാമകരണംചെയ്യപ്പെട്ടതിനെ രേഖപ്പെടുത്തിയിരിക്കുകയാണ്. രാജാവിന്റെ പേര് അതിൽ പറഞ്ഞിട്ടില്ലെങ്കിലും, തെരുവിന്റെ നാമകരണം നടത്തപ്പെട്ടപ്പോൾ അദ്ദേഹം തിരുനൽവേലിയിൽ താമസിക്കുകയായിരുന്നെന്നു പ്രസ്താവിച്ചുകാണുന്നു. ഈ ശിലാരേഖയിൽനിന്നും കൊല്ലം ൮൭൪-ൽ തിരുവിതാംകൂറിലെ ഭരണാധിപൻ ചെമ്പകരാമൻഎന്നും അഞ്ചിനാമ്പുകളിടംഎന്നുമുള്ള സ്ഥാനപ്പേരുകൾ ഉണ്ടായിരുന്നുഎന്നും, തിരുനൽവേലി ആ രാജാവിന്റെ സംസ്ഥാനത്തിലുൾപ്പെട്ടിരുന്നു എന്നും, കൊല്ലംനഗരം, പന്ത ...കൊല്ലംഎന്നറിയപ്പെട്ടുവന്നിരുന്ന കായലണ്ടിയിൽനിന്നു വ്യത്യസ്തമായി അറിയപ്പെടുന്നതിനായി കാരക്കാണികൊല്ലം എന്ന നാമത്താലാണ് അറിയപ്പെട്ടുവന്നിരുന്നതെന്നും വ്യക്തമാകുന്നുണ്ട്. കൊല്ലവും കായിലണ്ടിയുംതമ്മിൽ വേർതിരിച്ചറിയുന്നതിനുള്ള പടങ്ങൾ അവയുൾപ്പെട്ടുള്ള സ്ഥലങ്ങളിൽനിന്നു സിദ്ധിച്ചിട്ടുണ്ട്. കാരക്കാണി വക്കംപകുതിയിലുള്ള ഒരു ഗ്രാമമാണ്. പന്തളവും തെന്നിന്ത്യാറെയിൽവേയുടെ ഷോർണൂർ മംഗലാപുരം ശാഖയിലുള്ള ഒരു സ്റ്റേഷനാണ്. ഈ രേഖ വീരരാമരാമവർമ്മൻ എന്ന രാജാവിനെ സംബന്ധിക്കുന്നതായിരിക്കണം.

ശിലാരേഖ ഇപ്രകാരമാണ്. തമിഴ ഭാഷയിലാണ് ലിപി. ആരംഭത്തിൽ രാജചിഹ്നങ്ങൾ കൊത്തിയിട്ടുണ്ട്. വിട്ടുപോയിട്ടുള്ള അക്ഷരങ്ങൾ ബ്രാക്കറ്റിൽ ചേർത്തിരിക്കുന്നു.

കൊല്ലം
൮൭൪ ആ)ണ്ടു

വൈകാശിമാസം
൭-ന്തേ തിരുനൽവേ
ലിയിൽ എഴുന്ത
രുളി ഇരുന്തരുളി
ച്ചര ക്കെണിക്
കൊല്ലത്തു ത
രകൊണ്ടാന്
തു (ക്) കുടി ഇരുക്
കുംപ്'തി)നെൺ
വഴയത്താർ
ക്കെടപ്പടി
യാർ ഇരുക്(കി) റവി
ടം തിരു ഉളം
പററി അരുളിച്
ചെമ്പകരാമൻ
തെരുവെൻറും
അഞ്ചി
നാമ്പു
കളിടം
എൻറും
നാമ്പേ എ
ല്ലൈക്
കാകൾ
വെട്ടി
നാട്ടിക്
കുടുത്തതു
ഉ

ഇതിന്റെ അർത്ഥം താഴെ കാണുംപ്രകാരമാണെന്നുകാണുന്നു.

കൊല്ലവർഷം ൮൭൪. വൈകാശിമാസം ൭-ാം തീയതി രാജാവു തിരുനൽവേലിയിൽ എഴുന്നള്ളിത്താമസിക്കുമ്പോൾ, കൊല്ലത്തു തരകാണിത്തുകാർ ഇരിക്കും പതിനെട്ടു നാട്ടുകാർക്കു അവർ അധിവസിക്കുന്ന സ്ഥലം ചെമ്പകരാമൻതെരു എന്നും അഞ്ചുനാമ്പുകളിടം എന്നും വിളിക്കപ്പെടുന്നതാണെന്നു കല്പനയായിരിക്കുന്നു: അപ്രകാരം അതിന്റെ നാലു അതിരുകളിലും കല്ലുകൾ നാട്ടി സ്ഥാപിക്കപ്പെട്ടു.

—ഠ—

(രണ്ടാംപേജിൽനിന്നും തുടർച്ച)

കോളേജിൽ എന്റെ സഹപാഠിയായി, കാണാൻ കൊള്ളാവുന്ന ഒരു പെൺകുട്ടിയുണ്ടായിരുന്നു. മുട്ടോളം നീണ്ടുകിടന്ന തലമുടി, ആ കുട്ടിക്കു് ഒരു അലങ്കാരമായിരുന്നു. വിദ്യാർത്ഥികൾ അവളുടെ സൌന്ദര്യത്തെപ്പറ്റി ചർച്ചചെയ്യുമ്പോൾ, നീളമേറിയ ഈ തലമുടിയുടെ കാര്യം എടുത്തുപറയുക പതിവായിരുന്നു. ഒരുദിവസം ഉച്ചയ്ക്കാണ് രംഗം പുറത്തായതു്. പുറകിലിരുന്ന ഞാൻ, ഈ കുട്ടിയുടെ തലമുടിയുടെ മറവിൽ കൂടി അദ്ധ്യാപകനെ ശ്രദ്ധിക്കയായിരുന്നു. ക്ലാസ്സുകഴിഞ്ഞപ്പോൾ ആ തലമുടിക്കു പെട്ടെന്നു നീളം കുറഞ്ഞതായി എനിക്കു തോന്നി. ഞാൻ പരിഭ്രമിച്ചു. ഇത്രനാളും—ഇത്രയുംനേരം—മുട്ടോളം തഴച്ചുകിടന്ന ആ മുടി, പെട്ടെന്നാണല്ലോ മുതുകിന്റെ മധ്യത്തിൽ വന്നവസാനിക്കുവാൻ കാര്യമെന്തു്?? ഞാൻ പുറം നോക്കി. ബെഞ്ചിനടിയിൽ അഴിഞ്ഞുവീണിരുന്ന ഒരു വസ്തു, എന്റെ സംശയങ്ങൾ തീർത്തുതന്നു. ഞാൻ കഥ പിടികിട്ടിയുംപോയി. അതൊരു 'തരിപ്പു'"നായിരുന്നു!!

അന്നുമുതൽ മുട്ടററം തലമുടിയുള്ള സ്ത്രീകളെ, ഞാൻ സംശയത്തോടെ നോക്കുകയാണ് പതിവ്.

—ഠ—

# ആകാശക്കപ്പൽ

എൻ. കെ. നായർ, തൃശ്ശൂർ

പ്രകൃതിയെ കീഴടക്കുവാനുള്ള വാസന മനുഷ്യനിൽ നൈസർഗ്ഗികമായുണ്ട്. അതിന്റെ ഫലമാണ് അത്ഭുതാവഹമായ കണ്ടുപിടിത്തങ്ങളെല്ലാം.

വിഹഗങ്ങളുടെ സ്വച്ഛന്ദസഞ്ചാരം മനുഷ്യനിൽ അസൂയ നിറച്ചു. മേഘച്ഛന്നമായ സുരസിദ്ധസ്ഥാനത്തിലൂടെ സഞ്ചരിക്കുവാൻ കൗതുകമേറി. അതിനുള്ള പരിശ്രമങ്ങളൊന്നൊന്നായി മൊട്ടിട്ടു. ഇന്നു നാം ദിനംദിനം കാണുന്നു. ഉൽപതിഷ്ണുവായ മനുഷ്യൻ ഫൂൽക്കാരത്താൽ പക്ഷികളെ ഭയപ്പെടുത്തി വാനത്തൂടെ പായുന്നു്.

വായുവിലൂടെ സഞ്ചരിക്കുവാനുള്ള ആഗ്രഹം ആളിക്കത്തു് ബലൂൺനിറവേറി. ൧൭൬൬-ൽ Cavandish എന്ന ഇംഗ്ലീഷ് രസതന്ത്രശാസ്ത്രജ്ഞൻ അബ്ജനകം (hydrogen) വായുവിനെക്കാൾ ഘനം കുറഞ്ഞതാണെന്നു വെളിവാക്കി. നാലുകൊല്ലം കഴിഞ്ഞപ്പോൾ Montgolfier എന്ന രണ്ടു ഫ്രഞ്ച് സഹോദരന്മാർ പരീക്ഷണങ്ങളാരംഭിച്ചു. വായു ചൂടാകുന്നതോടുകൂടി വികസിക്കയും ഘനംകുറയുകയും ചെയ്യുന്നു. അങ്ങനെയുള്ള വാതകം കടലാസു സഞ്ചികളിൽ നിറയ്ക്കുന്നതോടുകൂടി വായുവിലുയരും. എന്നാൽ അകത്തുള്ള ചൂടായവായു തണുക്കുന്നതോടുകൂടി ആ ബലൂൺ നിലംപതിച്ചു. ഇങ്ങനെ സഹോദരങ്ങളുടെ പരിശ്രമം പരാജയത്തിലായി. തുടർന്നുള്ള പരീക്ഷണഫലമായി നിർമ്മിച്ച ബലൂണിൽ ഒരു ആട്, ഒരു കോഴി, ഒരു താറാവു് ഇവയും തൂക്കിയിട്ടു. ൮ മിനിട്ടിനുശേഷം ആ ബലൂൺ മെല്ലെ നിലംപതിച്ചു. തുടർന്ന് അബ്ജനകംമൂലമുള്ള പരീക്ഷണങ്ങൾ ആരംഭിച്ചു.

അമേരിക്കയിലെ ആഭ്യന്തരസമരകാലത്തു് (Civil War) ശത്രുക്കളുടെ നില കണ്ടുപിടിക്കുവാൻ ബലൂൺ ഉപയോഗിച്ചിരുന്നു. എന്നാൽ അവ കാററിന്റെ ഗതിക്കനുസരിച്ച സഞ്ചാരക്ഷമമായിരുന്നുള്ളു. Zepplin എന്ന ജർമ്മൻകാരനായ യുവാവ് അന്ന് അമേരിക്കയിലുണ്ടായിരുന്നു. തിരികെ ജർമ്മനിയിൽ ചെന്നതോടുകൂടി ബലൂണിന്റെ ഉപയോഗം ഗവൺമെന്റിനെ ധരിപ്പിച്ചു. അതൊരു യുദ്ധോപകരണമായി മാറുമെന്നും അനുസ്മരിപ്പിച്ചു. സെപ്പലിൻ വലിയ ആകാശക്കപ്പലുകൾ നിർമ്മിക്കണമെന്നാഗ്രഹിച്ചു. ബലൂൺ കാററിന്നെതിരായും നയിക്കുന്നതിലായിരുന്നു അദ്ദേഹത്തിന്റെശ്രദ്ധ. പെലററിനു ഗതി നിയന്ത്രിക്കത്തക്കവണ്ണം പരാജയപൂർണ്ണമായ പരിശ്രമങ്ങൾ പലതും കഴിഞ്ഞു. അവസാനം വിജയശ്രീലാളിതനായി ൨൦ മൈൽ ആകാശക്കപ്പലിൽ സഞ്ചരിച്ചു. ജർമ്മൻഗവൺമെന്റു സന്തോഷിച്ചു് ധനസഹായം ചെയ്തു. പുതിയ നിർമ്മാണത്തിൽ ചട്ടക്കൂട് ഘനംകുറഞ്ഞ ലോഹഫലകകങ്ങളെ ക്യാൻവാസിൽ പൊതിഞ്ഞുപയോഗിച്ചു. ഈ ആകാശക്കപ്പലുകളെ Zeppelin എന്നുവിളിക്കുന്നു. അവ ൭൦൦ അടി നീളമുള്ളവയും ൨൦ പേരെ വഹിക്കത്തക്കവയുമായിരുന്നു. അബ്ജനകം (Hydrogen) പെട്ടിത്തെറിപ്പുന്നതുകയാൽ യന്ത്രം ബലൂണിനു താഴെ ഘടിപ്പിക്കയാണുണ്ടായതു്. ൧൯൧൪-ലെ ലോകമഹായുദ്ധകാലത്തു് സെപ്പലിൻ ശത്രുസങ്കേതങ്ങളിൽ ബോംബുവർഷിക്കുന്നതിനു ധാരാളം ഉപയോഗിച്ചിരുന്നു.

യുദ്ധാവസാനമായപ്പോഴേയ്ക്കും Helium എന്നവാതകം കണ്ടുപിടിച്ചു. 'ഹെലിയം' പെട്ടിത്തെറിക്കുന്ന സ്വഭാവമുള്ളതല്ലായ്കയാൽ ആകാശക്കപ്പലുകൾക്കേററം അനുയോജ്യമാണ്. അതുകൊണ്ടു ഉപകരണങ്ങളും ബലൂണിനുള്ളിൽതന്നെവയ്ക്കാവുന്നതാണ്. Propeller കൂടി ഇപ്പോൾ ആകാശക്കപ്പലുകളുടെ അഗ്രത്തിൽ ഘടിപ്പിക്കുന്നതിനാൽ വേഗത കൂടിയിട്ടുണ്ട്.

ഇതേവരെയുള്ള ശാസ്ത്രീയമായ നേട്ടങ്ങളെല്ലാം സാരത്തിനു സമർപ്പിച്ചുകഴിഞ്ഞു. വിമാനത്തിന്റെയും കഥ മറെറാന്നല്ല. ദേശകാലവ്യത്യാസങ്ങളെ പിന്നിടേണ്ട അത്ഭുതകരമായ ഈ കണ്ടുപിടിത്തം ഇന്നു നിർമ്മാതാവിന്റെ വംശത്തെത്തന്നെ നിശ്ശേഷം നശിപ്പിക്കുവാനാണുപകരിക്കുക!!!

൧൯൨൫-ൽ ഒരു ഇററാലിയൻ ആകാശക്കപ്പൽ ഉത്തരധ്രുവത്തിനു മീതെക്കൂടി പറക്കുകയുണ്ടായി. ൧൯൨൭-ന്റെ ആരംഭത്തിൽ Los Angel's എന്ന അമേരിക്കയിലെ ഏററവും വലിയ ആകാശക്കപ്പൽ ൨൨൦൦ മൈൽ ൪൦ മണിക്കൂറുകൊണ്ടു പനാമാ പ്രദേശത്തെ പിന്നിട്ടുകയുണ്ടായി. അന്നേവരെയുണ്ടായിട്ടുള്ളതിലേററവും വലിയ യാത്രയായിരുന്നതു്.

൨൦-ാംനൂററാണ്ടിലെ വമ്പിച്ച ശാസ്ത്രപുരോഗതി വിമാനനിർമ്മാണത്തിലുണ്ടായിട്ടുണ്ട്. ൧൯൦൨-ൽ Wright സഹോദരന്മാർ വിമാനനിർമ്മാണത്തിലേർപ്പെട്ടു. ഗ്ലൈഡർ (G'ider) എൻജിനില്ലാത്ത വിമാനം—നിർമ്മിക്കുന്നതിനാണു പരിശ്രമങ്ങൾ നടന്നതു്. വായുവിനേക്കാൾ ഘനംകൂടിയതും പൈലററിന്റെ ഇഷ്ടാനുസരണം നിയന്ത്രിക്കത്തക്കവയുമായ ഒന്നിനായിരുന്നു ആഗ്രഹം. ആദ്യം ചെറുമോഡലുകൾ നിർമ്മിച്ചു. പിന്നീട് ഗ്ലൈഡർ കാററിൽ മറിയാതെ ഒരേനിലയിൽ ബാലൻസുചെയ്യത്തക്കവിധത്തിൽ ഉണ്ടാക്കി. യന്ത്രങ്ങൾ ഘടിപ്പിച്ചു ദണ്ഡുകളെ ഓരോ പിടികയിൽവച്ചു് വായുവിലുയർന്നു. വീണ്ടും രണ്ടുവർഷത്തെ പ്രായോഗികപരീക്ഷണങ്ങൾക്കുശേഷം Pop l r മെഷീനിൽ ഘടിപ്പിക്കപ്പെട്ടു. അനേകം പരീക്ഷണങ്ങൾക്കുശേഷം ഏതാണ്ട് മൂന്നുമൈൽ പറന്നശേഷം ആപൽഗർത്തത്തിൽ ജീവിതം നിക്ഷേപിച്ചു.

അവരുടെ പരീക്ഷണങ്ങൾ ഗോപ്യമായിരുന്നു. ൧൯൦൮-ൽ ആദ്യമായി അനേകം ആളുകളുടെ മുമ്പിൽവച്ചു് അവർവായുവിലുയർന്നു. ഈ പുതിയ കണ്ടുപിടിത്തങ്ങൾ ലോകം അറിഞ്ഞു. അത്ഭുതസ്തിമിതരായി—റൈററ് സഹോദരങ്ങളുടെ വിജയകാരണം അവരുടെ ധൈര്യവും സാമർത്ഥ്യവുമായിരുന്നു. Wilbar—ഉം Orv lle Wright ഉം അനവധി രൂപഭേദങ്ങൾ നിർമ്മാണത്തിൽ വരുത്തിയിരുന്നു. മഹായുദ്ധത്തിൽ ഇരുകക്ഷിക്കാരും ശത്രുസങ്കേതങ്ങൾ കണ്ടുപിടിക്കുന്നതിനു് വിമാനം ഉപയോഗിച്ചു. കരയുദ്ധംപോലെതന്നെ ആകാശയുദ്ധവും നടന്നു. പരിഷ്ക്കരണത്തോടുകൂടി വിമാനം വാനത്തിന്റെ വിരിമാറിലൂടെ അനേകായിരംമൈൽപറന്നു നടക്കുന്നു. ൧൯൨൬-ൽ Alan Cobham എന്ന ഇംഗ്ലീഷുകാരൻ ഇംഗ്ലണ്ടിൽനിന്നു് ആസ്ത്രേലിയയ്ക്കു പറക്കുകയുണ്ടായി. ഏതാനും മാസങ്ങൾക്കുശേഷം Lindbergh എന്ന അമേരിക്കൻ അററ്ലാൻറിക് മഹാസമുദ്രം കടന്നു.

വിമാനം ഇന്നു് ഗ്രാമീണർക്കുപോലും അത്ഭുതത്തെ ജനിപ്പിക്കുന്നില്ല. രണ്ടാംലോകമഹായുദ്ധം വിമാനനിർമ്മാണത്തെ എത്രയേറെ ത്വരിപ്പിച്ചില്ല? റഷ്യയിൽ യുദ്ധകാലത്തെ ൪ വർഷത്തിൽ വർഷംതോറും ൪൦൦൦൦ വിമാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ബ്രിട്ടനിലും അമേരിക്കയിലും ഏതാണ്ടേത്തു നിർമ്മിച്ചിരിക്കുന്നു. ൬൦൦ മൈൽ മണിക്കൂറിൽ സഞ്ചരിക്കുന്ന വിമാനങ്ങൾ സാധാരണമാണ്. ലോകത്തിലെ പ്രധാന നഗരങ്ങളെയെല്ലാം വിമാനത്തപാലുകൾകൊണ്ടു ബന്ധിച്ചിരിക്കുന്നു. വാണിജ്യവും സഞ്ചാരവും സുഗമമായിട്ടുണ്ട്.

ഒന്നുമാത്രം—ഈ അത്ഭുതസത്വം ആറാംലോകത്തെയും വഹിക്കും!!

—ഠ—

# GENERAL KNOWLEDGE QUIZ


1. How many rivers in the world are named "Thames"?
   a) One; b) Two; c) Three.
2. Who is the editor of the London "Times"?
   a) Kingsley Martin; b) R. M. Barrington-Ward; c) Geo rey Crowther.
3. What is an "Echidna"?
   a) Anima!; b) Spanish coin; c) Bird.
4. The statue of "Eros" is associated with —
   a) The Strand; b) Buckingham Palace; c) Piccadilly Circus.
5. Lord Addison, Secretary of State for Dominion Affairs, started his career as a —
   a) Lawyer; b) Civil Servant; c) Doctor.
6. Who is the author of "Sons and Lovers"?
   a) James Joyce; b) D. H. Lawrence; c) Virginia Woolf.
7. For which game is the well-known player Fred Perry famous?
   a) Golf; b) Cricket; c) Lawn Tennis.

ANSWERS


General Knowledge Quiz

1. (c); 2. (b); 3. (a); 4. (c); 5. (c); 6. (b); 7. (c).

## രക്തംസംബന്ധിച്ചുള്ള ഗവേഷണങ്ങൾ



## ഏറ്റവും വേഗംകൂടിയ ബോട്ട്



ഇടത്ത് — ബ്രിട്ടീഷ് മെഡിക്കൽകൗൺസിൽ ലണ്ടനിലെ ലിസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവന്ന ഗവേഷണങ്ങളുടെ ഫലമായി ഇതുവരെ അസാധ്യമായിക്കരുതപ്പെട്ടിരുന്ന പല ശസ്ത്രക്രിയകളും വിജയകരമായി നടത്തുന്നതിന് സാധിക്കുന്നു. ശസ്ത്രക്രിയ നടത്തുമ്പോഴുള്ള രക്തംപോക്ക നിറുത്തുന്നതിന രക്തത്തിൽതന്നെയുള്ള "ത്രോംബിൻ," "ഫൈബ്രിനോജൻ" എന്നീ മൂലകങ്ങളെ വേർപെടുത്തി സൂക്ഷിച്ചു ശസ്ത്രക്രിയാനടത്തുമ്പോൾ പ്രയോഗിക്കുന്നതാണ്. രക്തത്തിൽനിന്ന പ്രത്യേകം വേർതിരിക്കപ്പെട്ട ചില ഘടകവസ്തുക്കളാണ് കുപ്പികളിൽ കാണുന്നത്.

വലത്ത് — സർ മാൽക്കോം ക്യാമ്പെല്ലിന്റെ പുതിയ ബോട്ട്. 1939-ൽ ക്യാമ്പെൽ മണിക്കൂറിൽ 141·7 മൈൽ വേഗത്തിൽ ബോട്ട് ഓടിച്ചു ലോകത്തിലേയ്ക്കുള്ള "റെക്കാർഡു" സ്ഥാപിച്ചു. കാണിസ്റ്റൻതടാകത്തിൽ ഓടിച്ചു പഴയ "റെക്കാർഡു" അതിലംഘിക്കുന്നതിനായി നിർമ്മിച്ചുവരുന്ന "ബ്ലൂബേർഡ്" എന്ന ബോട്ടിനകത്തു സർ മാൽക്കോം ഇരിക്കുന്നതാണ ചിത്രം. ബോട്ടിന്റെ പണിതീരുന്നതിന 30000 പവൻ ചിലവുവരുമെന്നു കാണുന്നു.

(ഒന്നാംപേജിൽനിന്നും തുടച്ച്)

കയും ചെയ്യും. ഈ വീക്ഷണഗതിയിൽ കൂടി നോക്കുന്നപക്ഷം വിഭജനം രണ്ടു പ്രദേശങ്ങളുടെയും പ്രതിരോധത്തെ ശക്തിപ്പെടുത്തുകയാണ്, ബലഹീനമാക്കുകയല്ല ചെയ്തിട്ടുള്ളതെന്നു മനസ്സിലാകും.

സാമ്പത്തികവും വൈജ്ഞാവസായികവുമായ വിഭവങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ത്യയുടെ നില അത്ര കാര്യമായി സ്പർശിച്ചിട്ടേയില്ല. ഇന്ത്യയുടെ വൈവസായികസമ്പത്തിൽ നേരത്തെതന്നെ വലിയ വിടവുകളുണ്ടെന്നുള്ളത് സംശയമററ സംഗതിയാണ്. പക്ഷെ വിഭജനം ഇതിനെ വർദ്ധിപ്പിച്ചിട്ടില്ല. ഇരുമ്പ്, കല്ക്കരി, മാംഗനീസ്, മൈക്ക, തോറിയം, വിദ്യുച്ഛക്തികേന്ദ്രങ്ങൾ എന്നിവ ഇന്ത്യയിൽ സ്ഥിതിചെയ്യുന്നു. ഇന്ത്യയ്ക്കു വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഇനിയും അഭിവൃദ്ധിപ്പെടാവുന്നതും അതു വിഭജനംകൊണ്ടു ഇടിവുതട്ടാത്തതുമാകുന്നു.

ശാസ്ത്രീയഗവേഷണകേന്ദ്രങ്ങൾ ഏതാണ്ട് മുഴുവൻതന്നെ ഇന്ത്യയിലാണുള്ളത്. പ്രകൃതിവിഭവങ്ങൾ — ഇതുകൂടാതെ പ്രതിരോധകാര്യത്തിൽ ശാസ്ത്രീയഗവേഷണങ്ങൾക്ക് എന്തെങ്കിലും പ്രാദേശികപ്രാധാന്യമുണ്ടെന്നു പറഞ്ഞുകൂടാ — അവ കൂടാതെ ഹിന്ദുസ്ഥാനിൽ കേന്ദ്രീകൃതമായിരിക്കയാണ്.

ഇംഗ്ലീഷ് ജനറൽ ഫുള്ളർ ഒരു ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതുപോലെ 'സൈന്യം എത്രതന്നെ വിപുലമാകുന്നുവോ അത്രത്തോളം അവർക്ക് ആയുധങ്ങൾക്കും ഭക്ഷണസാധനങ്ങൾക്കും മററുമായി വ്യവസായത്തെ കൂടുതലായി ആശ്രയിക്കേണ്ടിവരുന്നതാണ്...ഏതു രാജ്യമാണോ സമാധാനകാലത്തു യുദ്ധകാലത്തേക്കുള്ള യന്ത്രസംബന്ധമായും എൻജിനീയറിംഗ് സംബന്ധമായുമുള്ള, ശക്തി വർദ്ധിപ്പിക്കുവാൻ ഏററവും വലിയ ശ്രമം നടത്തുകയും പ്രത്യേകം പരിശീലനം ലഭിച്ച യോദ്ധാക്കളെയും സമർത്ഥരായ തൊഴിലാളികളെയും ഉല്പാദിപ്പിക്കുകയും ധാരാളം അസംസ്കൃതപദാർത്ഥങ്ങളും യുദ്ധസാമഗ്രികളും സൂക്ഷിക്കുകയും ചെയ്യുന്നത് ആ രാജ്യത്തിന്റെമേൽ വിജയം മേൽക്കോയ്മ ചെലുത്തുന്നു.'

ഇന്നത്തെ നിലയിൽ ഇന്ത്യ പ്രതിരോധ സംഗതിയിൽ സ്വയംപര്യാപ്തമല്ല. ഇന്ത്യ അധീനതയിലുള്ള വിഭവങ്ങളെ വേണ്ടപോലെ വിനിയോഗിക്കയും അടുത്ത ഏതാനും വർഷങ്ങൾക്കിടയിൽ സ്വന്തം കഴിവുകളെ വികസിപ്പിക്കുകയും ചെയ്യുന്നപക്ഷം വിഭജനംമൂലം ഇന്ത്യയ്ക്കു ബലഹീനത ഉണ്ടാവുകയില്ല.

### ഹിന്ദുസ്ഥാൻ ഒരു "വൈമാനിക ദ്വീപാ"കും

ശക്തിയേറിയ ബോംബിങ്ങ് രാജ്യത്തിന്റെ ഉൾപ്രദേശങ്ങളിലെ വൈമാനിക പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന ആധുനിക യുദ്ധസമ്പ്രദായത്തിൽ രാജ്യത്തിന്റെ വിസ്തൃതി ഒരു സുപ്രധാനഘടകമാകുന്നു. ഇപ്പോൾ വേർതിരിക്കുന്ന ഭാഗങ്ങൾ ഇന്ത്യയുടെ ഇന്നത്തെ അതിർത്തിയോടു ബന്ധപ്പെട്ടായി കിടക്കുന്ന സ്ഥലങ്ങളാകയാൽ ബാഹ്യാക്രമണങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം രാജ്യവിസ്തൃതി ഹിന്ദുസ്ഥാന്റെ വിലയ്ക്കു അനുകൂലമാണ്. വിമാനാക്രമണങ്ങളിൽ നിന്നുള്ള ഹിന്ദുസ്ഥാന് ജനറൽ സർ ഫ്രാൻസിസ് ടക്കറുടെ അഭിപ്രായമനുസരിച്ചു വാക്യത്തിൽ ഒരു 'വൈമാനദ്വീപ്' (എയർഐലൻഡ്) ആണെന്ന് തികച്ചും അവകാശപ്പെടുവാൻ കഴിയും. പുറത്തുനിന്നുണ്ടാകുന്ന സാധാരണരീതിയിലുള്ള വിമാനാക്രമണങ്ങളിൽനിന്ന് ഇന്ത്യയ്ക്ക് ഒഴിഞ്ഞുനില്ക്കുവാൻ സാധിക്കും. ഇന്ത്യയിലെ ഉൾനാട്ടിലുള്ള താവളങ്ങൾ പ്രതിരോധവും മററും ആക്രമണത്തെ ഭയപ്പെടേണ്ടതായും വരികയില്ല. ഹിന്ദുസ്ഥാനു ലഭിക്കുമ്പോൾ വലിയ വിസ്തൃതഭൂഭാഗം ഒഴിഞ്ഞുകിടക്കുന്നു. അതുകൊണ്ട് സ്ഥാനത്തെ ലക്ഷ്യം ഇന്ത്യയ്ക്കു വലിച്ചു ആക്രമണങ്ങൾ ഭയപ്പെടാതെ പ്രതിരോധ സജ്ജീകരണങ്ങളും വ്യവസായവും വിപുലമാക്കുവാൻ സാധിക്കും.

### ഇന്ത്യയുടെ നാവികസംഗതികൾ ഭാവിയിലും ആദ്യത്തേതുതന്നെ

സമുദ്രശക്തിയെ സംബന്ധിടത്തോളം ഇൻഡ്യയുടെ നിലയിൽ യാതൊരു വ്യത്യാസവുമുണ്ടാകുന്നില്ല. നാവികതാവളങ്ങളുള്ളതു 'കംപനിയൻസ്ഥലർ ഇന്ത്യ'യ്ക്കാണ്. ഇന്ത്യയുടെ നാവികഭാവിവിധാനത്തിന മുൻപിലത്തെപോലെതന്നെ വർത്തിക്കുന്നു. ഇന്ത്യയുടെ നാവിക പ്രതിരോധം, സമുദ്രവിഭാഗപ്രദേശങ്ങളിലെ രക്ഷാമേഖലാനിർവഹണം, പേർഷ്യൻ ഉൾക്കടൽ ചെങ്കടൽ എന്നിവിടങ്ങളിലെ താല്പര്യസംരക്ഷണം, ഇൻഡോനേഷ്യൻ ദ്വീപുകളുടെ രാജ്യരക്ഷാനിയന്ത്രണം എന്നിവയാണ് ഇന്ത്യയുടെ ഭാവിനാവികനയത്തിലുൾപ്പെടുന്ന പ്രധാന പ്രശ്നങ്ങൾ. ബ്രിട്ടനും ആസ്ട്രേലിയയുമായി അടുത്തബന്ധം പുലർത്താതെ ഇവയെപ്പററി തീരുമാനിക്കുവാൻ ഇന്ത്യയ്ക്കു സാധ്യമല്ല. ഇതുപോലെയുള്ള ബാധ്യതയുടെ ആവശ്യകതയ്ക്കു വിഭജനം ഒരുതരത്തിലും വ്യത്യാസം വരുത്തിയിട്ടില്ല.

പാകിസ്ഥാൻ, സാമ്രാജ്യത്തിനുള്ളിൽ ഒരു ഡൊമിനിയനായി തുടരുമെന്നാണ് പൊതുവിൽ വിശ്വസിച്ചുപോരുന്നത്. അങ്ങിനെയാണെങ്കിൽ യഥാർത്ഥ ഇന്ത്യയുടെ രാജ്യരക്ഷാശ്രമങ്ങൾ അത്യധികം ലഘൂകരിക്കപ്പെട്ടു. ഡൊമിനിയൻ ബന്ധമെന്നതിന്റെ അർത്ഥം ഡൊമിനിയന്റെ രക്ഷയുടെ ഉത്തരവാദിത്വം ബ്രിട്ടനും അവ്യക്തമായ അർത്ഥത്തിൽ മുഴുവൻ കാമൺവെൽത്തുവഹിക്കുമെന്നാണ്. ഇങ്ങനെ സിന്ധുവിനും രവിയ്ക്കും മദ്ധ്യേയുള്ള പ്രദേശത്തിന്റെ രക്ഷയ്ക്കു ബ്രിട്ടന്റെ ഉറപ്പുലഭിക്കുന്നപക്ഷം കരവഴിയായുള്ള ആക്രമണത്തെ ഇൻഡ്യയ്ക്ക് ഭയപ്പെടേണ്ടിവരികയില്ല. വാസ്തവത്തിൽ പാകിസ്ഥാൻ ബ്രിട്ടനിൽനിന്ന് ഇതുപോലൊരു ഉറപ്പു ലഭിക്കുമെന്നതായിരിക്കും ഇന്ത്യയുടെ ഭദ്രതയ്ക്കുള്ള ഏററവുംപ്രധാനപ്പെട്ട സംഗതി.

### വിഭജനംമൂലം നിരായാന ശക്തി വർദ്ധിച്ചിട്ടേയുള്ളൂ

ചുരുക്കിപ്പറഞ്ഞാൽ, വിഭജനത്തിലടങ്ങിയിട്ടുള്ള സംഗതികളെ ആറിച്ചു ഇന്ത്യയ്ക്കുള്ള പ്രതിരോധത്തെ അടിസ്ഥാനമാക്കി ചിന്തിക്കുന്നപക്ഷം ഇന്ത്യയ്ക്കു പ്രതികൂലമായവിധം സ്ഥിതി വ്യത്യാസപ്പെട്ടിട്ടില്ലെന്നു മനസ്സിലാക്കാവുന്നതാണ്. എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അതു ഒരു രാഷ്ട്രഘടകത്തിന്റെ രൂപവൽക്കരണം കൊണ്ടും, സൈനികഘടനയിലെ ദുർബ്ബലഘടകങ്ങളെ ഇല്ലായ്മവരുത്തുന്നതുകൊണ്ടും, ഇന്ത്യയ്ക്കും ഇന്ത്യയുടെ അന്തർരാഷ്ട്രീയതത്ത്വത്തിനടേയും മദ്ധ്യത്തിലുള്ള വിസ്തൃതപ്രദേശത്തു അവകാശികളില്ലാത്ത ഒരു സ്ഥലം സൃഷ്ടിച്ചതുകൊണ്ടും ഹിന്ദുസ്ഥാന്റെ പ്രതിരോധശക്തി വിപുലമാകുകയാണുണ്ടായത്. ഇന്ത്യയുടെ വ്യാവസായികവും സൈനികവുമായ ശക്തികൾ കുറവുകളൊന്നും ഏൽക്കുകയില്ല. ഇതെ സംക്രമകാല സ്ഥാനനിർണ്ണയം, പ്ലാനിംഗ്. നിയന്ത്രണം എന്നിവസംബന്ധിച്ചു പരിപൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി അവയെ വികസിപ്പിക്കുവാനും ഇപ്പോൾ ഇന്ത്യയ്ക്കു സാധിക്കുന്നതാണ്. മുസ്ലീംഭൂരിപക്ഷപ്രദേശങ്ങൾ വേർതിരിക്കപ്പെട്ടിരുന്നില്ലെങ്കിൽ ഇതു സാധ്യമാകുമായിരുന്നില്ല.

ഇന്ത്യൻസൈന്യത്തേയും വിഭജിക്കേണ്ടിവരുന്നതുകൊണ്ടു പെട്ടെന്നുള്ള ബലഹീനതയാണ് - വിഭജനംമൂലമുണ്ടാകുന്നതെന്നുള്ളതിൽ സംശയമില്ല. എന്നാൽ അതു നമ്മെ ഭയാശങ്കരാക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ നമുക്ക് നമ്മുടെ പ്രതിരോധശക്തികളെ തികച്ചും ആധുനികമായ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കാൻ സാധിക്കും. യുദ്ധം ജയിച്ച അമേരിക്കയിലേയും ഇന്ത്യയിലേയും വൻസൈന്യങ്ങളെ ഒരു ചെറിയ സ്ഥിരസൈന്യത്തിൽനിന്നു വർദ്ധിപ്പിച്ചുകൊണ്ടുവന്നതാണെന്ന വസ്തുത നമുക്ക് അനുസ്മരിക്കാം. ഏതാനും വർഷങ്ങൾക്കുള്ളിൽ ഇപ്പോഴുള്ള ചെറിയ സൈന്യത്തെ വിപുലമാക്കുന്നതിനും ഇന്ത്യയുടെ രക്ഷാമേഖലകളിൽ സമാധാനം സ്ഥാപിക്കുന്നതിനും ഇന്ത്യയ്ക്കു സാധിക്കുന്നതാണ്.

(എൻ. പി. എൻ.)

— ᴏ —

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.